Aikyadeepam
ഡിസംബർ 2015

# ഐക്യദീപം

Since 1976 വില ₹ 10



## പ്രകൃതിയുടെ ജീവതാളം

## കർത്താവേ അങ്ങേയ്ക്കു സ്തുതി

## ദൈവത്തെ കണ്ടുമുട്ടുന്ന നാൾ

തിരിച്ചറിഞ്ഞ്
തിരിച്ചുവരാം

കാരിത്താസ് ഇന്ത്യ - ബോധന

Caritas INDIA
The Joy of Service...

# ആശാകിരണം

## ക്യാൻസർ സുരക്ഷാ യജ്ഞം

2016 ജനുവരിയിൽ ആരംഭിക്കുന്നു

- ജനകീയ പങ്കാളിത്തത്തോടെ ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങൾ
- ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ, ബോധവത്ക്കരണ പരിപാടികൾ
- ക്യാൻസർ ചികിത്സാരീതികൾ, ചികിത്സാ കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ
- സുരക്ഷിതമായ ഭക്ഷ്യോത്പന്നങ്ങളുടെ പ്രചാരണ പ്രവർത്തനങ്ങൾ
- മായം കലരാത്ത ഭക്ഷ്യോല്പന്നങ്ങളുടെ വിപണനം










ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്കായി
നമുക്ക് ഒരുമിക്കാം.....

കൂടുതൽ വിവരങ്ങൾക്ക്.......

**ബോധന**
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല - 1
Ph: 0469 2730561, 2606063
e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org



# എഡിറ്റോറിയൽ

# editorial

നിൻ പിറവിയുടെ ഈ ധന്യനാൾ വരെ എന്റെ യാത്രകൾ തനിച്ചായിരുന്നുവെന്ന ബോധ്യവും പിന്നെ നിൻ ജനനം ഭൂമിയിൽ ദിവ്യസ്നേഹം നിറച്ചുവെന്ന തിരിച്ചറിവിലും. ഇതാ ഒരു ക്രിസ്മസ് ദിനം കൂടി.! നിലാവുപെയ്തൊരു രാത്രിയിൽ, ഭൂമിയുടെ മടിയിൽ പിറന്നതൊരു മഞ്ഞുതുള്ളി; കാറ്റിന്റെ ശാന്തമാം താരാട്ടിൽ മഞ്ഞിൻ പുതപ്പുചുറ്റിയുറങ്ങിയതൊരു മാലാഖ. അതിശൈത്യം മഞ്ഞുപൊഴിച്ച ആ രാവ് ഉണർന്നത് സൂര്യതേജസിലേക്കായിരുന്നു; ദിവ്യജനനത്തിന്റെ ഉഷസിലേക്ക്. അതെ, ക്രിസ്മസ് നമ്മേ നന്മയും സ്നേഹവും നിറച്ച് പുതിയ പ്രഭാതങ്ങളോളം നയിക്കുന്നു.

ഭൂമിയുടെ വക്ഷസിൽ മുഖം ചേർത്തുവെച്ചു നാം ജീവിച്ചിട്ടും പ്രകൃതിയെ മറക്കുന്നുവെന്ന വേദനയുടെ ഒരായിരം അനുഭവങ്ങൾ നമുക്കുചുറ്റിലും നിൽക്കുന്നു. പ്രകൃതിക്ക് മനുഷ്യനില്ലാതെതന്നെ നിലനിൽക്കാനാവും എന്നാൽ പ്രകൃതിയെ കൂടാതെ മനുഷ്യന് നിലനിൽപ്പില്ല എന്ന ചിന്തയെ നാം ശ്രദ്ധാപൂർവ്വം ധ്യാനിക്കണം.... പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനത്തിന് ലോകം ചെവിയോർക്കുന്ന ഈ കാലഘട്ടത്തിൽ കർത്താവേ അങ്ങേയ്ക്ക് സ്തുതി എന്ന ചാക്രികലേഖനത്തെ നമുക്ക് വായിച്ചറിയാം അപ്രത്യക്ഷമാകുന്ന പുഴകൾ, മലിനമാക്കപ്പെടുന്ന നഗരങ്ങൾ, രോഗാതുരമാകുന്ന ഒരു ജനത എല്ലാം നമ്മെ ഭയപ്പെടുത്തുന്നു. ഈ കാരുണ്യവർഷത്തിൽ കരുണയോടെ പ്രകൃതിയിലേക്ക്, നോവിക്കാതെയും പിച്ചിചീന്താതെയും സ്നേഹിക്കുന്ന ഒരു ആത്മീയതയിലേക്കുള്ള പ്രഭാതത്തിന് അധിക ചുവടുകൾ വേണ്ട, മനസുമാത്രം മതി.

അവന്റെ പിറവിയാൽ പവിത്രവും കാൽപ്പാടുകളാൽ ധന്യവുമായ ഈ ഭൂമിയിലൂടെ, കിളിവാതിൽ തുറക്കുന്ന പ്രഭാതം കണ്ടും നിശബ്ദതയെ ഭേദിക്കുന്ന സംഗീതം കേട്ടും നമുക്കൊരുമിച്ചുനടക്കാം; ആർദ്രമായ കണ്ണുകളിൽ നന്മയുടെ നനവോടും ചുണ്ടിൽ കൃതജ്ഞതയുടെ പ്രാർത്ഥനയോടും. കർത്താവേ അങ്ങേയ്ക്ക് സ്തുതി.

# ഐക്യദീപം
Aikyadeepam

2015 ഡിസംബർ പുസ്തകം 46 ലക്കം 10



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ




## ഉള്ളടക്കം


06 **പ്രകൃതിയുടെ ജീവതാളം**
ഡോ. ജോർജ്ജ് ഓണക്കൂർ

08 **കർത്താവേ അങ്ങേയ്ക്കു സ്തുതി**
ഫാ. ഡോ. ജോളി കരിമ്പിൽ

12 **ദൈവത്തെ കണ്ടുമുട്ടുന്ന നാൾ**
വിനായക് നിർമ്മൽ

16 **സത്യത്തിന്റെ പ്രസംഗകൻ**
ഫാ. സാജൻ റ്റി. ജോൺ

21 **ഞാനറിയുന്ന ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചൻ**
ഫാ. ചെറിയാൻ താഴമൺ


## സ്ഥിരം പംക്തികൾ


എഡിറ്റോറിയൽ
ഇടയശബ്ദം
അമ്മമനസ്സ്
പ്രബോധനം
സമകാലിക ചിന്ത
ഉള്ളതുപറഞ്ഞാൽ
SHAPE YOUR GOALS
കുടുംബവേദി
യൂത്ത് കോർണർ



Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

# ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



"അന്ധകാരത്തിൽ കഴിഞ്ഞ ജനം മഹത്തായ ഒരു പ്രകാശം കണ്ടു; കൂരിരുട്ടിന്റെ ദേശത്ത് വസിച്ചിരുന്നവരുടെ മേൽ ഒരു പ്രകാശം ഉദിച്ചു." (ഏശ.9:2). ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ചുള്ള ഈ പ്രവചനം കാലാകാലങ്ങളിൽ അന്വർത്ഥമാക്കിക്കൊണ്ട് മുന്നേറേണ്ടതുണ്ട്. 2000 വർഷങ്ങൾക്കു മുമ്പ് ബേദ്‌ലഹേമിൽ യാഥാർത്ഥ്യമായ ആ പ്രവചനത്തിന്റെ അലയടികളല്ലേ ഈ കാലഘട്ടത്തിലും അവിടുത്തെ അരുമശിഷ്യനായ പത്രോസിന്റെ പിൻഗാമിയായ ഫ്രാൻസിസ് പാപ്പയിലൂടെയും നന്മവിതറുന്ന അനേകം മക്കളിലൂടെയും നാം അനുഭവിക്കുന്നത്? 2013 മാർച്ച് 13 ന് ഫ്രാൻസിസ് പാപ്പായിലൂടെ ലോകം കണ്ടത് ഈ വെളിച്ചമാണ്. ആഗോളവൽക്കരണത്തിന്റെയും സ്വാർത്ഥതയുടെയും ധാരാളിത്തത്തിന്റെയും വേലിയേറ്റങ്ങളിൽ അസ്വസ്ഥമായ സഭാനൗകയ്ക്ക് പുതിയ ദിശാബോധം നൽകിയ കാലഘട്ടത്തിന്റെ നായകൻ. സാധൂകരിക്കുവാനും ഒഴിഞ്ഞുമാറാനുമുള്ള പ്രലോഭനങ്ങളുടെ ഇക്കാലത്ത്, ധീരമായി മുന്നിൽനിന്ന് അവയെ നേരിടുവാൻ പ്രകാശദാതാവിന്റെ വികാരി കാട്ടിയ ജീവിതമാതൃകയെ ലോകം തിരിച്ചറിഞ്ഞു. ഇതാണ് ജീവന്റെ വഴിയെന്ന് സംശയമെന്യേ പറയാൻ നിരീശ്വരവാദികൾക്ക് പോലും കഴിഞ്ഞു. ഒരു ശബ്ദത്തിന് ഇത്ര വലിയ മാറ്റൊലിയോ? ഒരു നിലപാടിന് ഇത്രമാത്രം പിന്തുണയോ? അതെ! വിവശരും അനാഥരുമായ ഒരു ജനത; ലക്ഷ്യം മറന്നുപോയ ഒരു തലമുറ; സ്വാർത്ഥതയുടെ കറപുരണ്ട ചരിത്രം, ജീവനെ വെല്ലുവിളിക്കുന്ന ഒരു സംസ്കൃതി - ഇവയുടെ മധ്യേ യഥാർത്ഥത്തിലുള്ള അന്തർദാഹവും വിശപ്പും സത്യം കൊണ്ടല്ലാതെ, നന്മകൊണ്ടല്ലാതെ, എങ്ങനെ തൃപ്തിയടയും? 2015-ലെ ക്രിസ്തുമസ് നമുക്കുതരുന്ന പ്രചോദനം അതായിരിക്കട്ടെ.

സമാഗതമാകുന്ന ക്രിസ്തുമസിന്റെ അനുഗ്രഹാശിസ്സുകൾ നിങ്ങൾക്കും പ്രിയപ്പെട്ടവർക്കും ആശംസിക്കുന്നു. പുൽക്കൂട്ടിലെ ദാരിദ്ര്യം - അത് ഒരു നിയോഗവും ഭാഗധേയവുമാണെന്ന് നമുക്ക് ഓർക്കാം. ഇന്നിന്റെ തിന്മയുടെ ഏറ്റം വലിയ കാരണവും ഈ ദാരിദ്ര്യത്തെ അവഗണിക്കുന്നു എന്നതാണ്. ഏതുവിധേനയും സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നെട്ടോട്ടത്തിൽ കൊഴിഞ്ഞു വീഴുന്നത് എന്തു തന്നെയായാലും സാരമില്ല എന്ന് ചിന്തിക്കുന്ന അവസ്ഥ സർവ്വസാധാരണയായി മാറി. ആർത്തിയുടെയും സുഖലോലുപതയുടെയും കരാളഹസ്തങ്ങളിൽ ചെന്നുപെട്ട് ജീവിതംതന്നെ നഷ്ടപ്പെട്ടുപോകുന്ന എത്രമനുഷ്യർ!

ഒരു ഗ്രാമീണ മുക്കുവന്റെ അനുഭവം ഓർമ്മയിൽ തെളിയുന്നതിങ്ങനെ; എന്നും ചൂണ്ടയിട്ട് മീൻപിടിച്ച് ഉപജീവനം കഴിച്ചിരുന്ന അവനോട് ഒരു പരിഷ്കാരി ചോദിച്ചു, അപ്പൂപ്പാ, നിങ്ങൾക്കൊരു വള്ളവും വലയും വാങ്ങിക്കൂടേ? എന്തിനെന്ന് ചോദിച്ചപ്പോൾ, കൂടുതൽ മീൻ പിടിക്കാൻ സഹായിക്കും എന്ന്

(ശേഷം 26-ാം പേജിൽ)



# പ്രകൃതിയുടെ ജീവതാളം

ആൽപ്സ് പർവ്വതനിരകളുടെ താഴ്‌വാരത്തിൽ പ്രകൃതിയുടെ കവിത ദർശിക്കാനെത്തിയ സഞ്ചാരിയോട് അവൾ ചോദിച്ചു:


"സ്നേഹിതാ, താങ്കൾ എന്തിനാണ് ഈ ശാദ്വലഭൂമി തേടി എത്തിയത്? വൻകരകളിൽ നിന്ന് വൻകരകളിലേക്ക് വ്യാപിക്കുന്ന താങ്കളുടെ യാത്രാപഥത്തിൽ ഇവിടം എങ്ങനെ പ്രധാനമാകുന്നു?"

അയാൾക്ക് ഒരു നിമിഷം ആലോചിക്കേണ്ടി വന്നില്ല. അതിനുള്ള ഉത്തരം ഹൃദയത്തിലുണ്ട്, നാവു തരിച്ചു.

"നോക്കൂ, ലോകത്തിലെ ഏറ്റവും സുന്ദരമായ കാഴ്ചകൾ തേടുകയാണ് എന്റെ കണ്ണുകൾ. ഈ തടാകഭംഗികൾ അന്യാദൃശ്യമാണ്. അതിന്റെ കാല്പനികചാരുത എന്നെ ആകർഷിച്ച് അടുപ്പിക്കുന്നു. പുസ്തകങ്ങളിൽ ഞാൻ വായിച്ചറിഞ്ഞ സ്വിറ്റ്സർലാൻഡ്; അനുഭവത്തിൽ അത് കൂടുതൽ മനോഹരിയായിരിക്കുന്നു."

അവളുടെ ചുണ്ടുകളിൽ പുഞ്ചിരി വിടുന്നു. "ആകാശത്തിന്റെ പ്രകാശം ഈ ജലാശയങ്ങളിൽ പ്രതിബിംബിക്കുന്ന കാലപ്പകർച്ചയിലാണ് താങ്കൾ ആഗതനായത്; നന്നായി. മഞ്ഞുപാളികൾ സൂര്യകിരണങ്ങളിൽ അപ്രത്യക്ഷമായിരിക്കുന്നു. പ്രകൃതി മുഖപടം മാറ്റി പ്രിയ സഞ്ചാരിയെ സ്വാഗതം ചെയ്യുന്നു. പക്ഷേ ശീതകാലത്ത് ഇങ്ങനെ സുഗമമായി യാത്ര ചെയ്യുക സാദ്ധ്യമല്ല. തുളച്ചുകയറുന്ന തണുപ്പിൽനിന്ന് ശരീരത്തെ പ്രതിരോധിക്കാൻ ഈ കോട്ടൺ തുണിത്തരങ്ങൾ മതിയാവുകയില്ല. കമ്പിളിവസ്ത്രങ്ങൾക്കുള്ളിൽ രക്ഷതേടേണ്ടി വരും.... പക്ഷേ സ്നേഹിതാ, ഞാൻ താങ്കളുടെ നാട്ടിൽ കഴിച്ചുകൂട്ടിയ നാളുകൾ ഓർമ്മിക്കുന്നു. വർഷവും വേനലും ഒരുപോലെ സൗഹൃദം പങ്കിടുന്ന ഭൂമിക. അതിശൈത്യമില്ല. നദീജലം പ്രവാഹം നിലച്ച് മഞ്ഞുകട്ടകളായി രൂപാന്തരം പ്രാപിക്കുന്നില്ല. വേഷപ്പകർച്ചയുടെ ഭാരമില്ല. ഇളംകാറ്റിന്റെ തലോടൽ എത്ര ഹൃദയംഗമം. കേരളം സ്വിറ്റ്സർലാൻഡിനേക്കാൾ സുന്ദരിയാണ്. ദൈവത്തിന്റെ സ്വന്തം നാട്..."

അവളുടെ വാക്കുകൾക്ക് കവിതയുടെ താളം; സംഗീതത്തിന്റെ രാഗം. അഭിമാനപൂർവ്വം അത് കേട്ടുനിന്നു. പുതിയ തിരിച്ചറിവുകളാണ് അവളുടെ സ്വരത്തിൽ തെളിയുന്നത്. നാം കാണാതെ പോകുന്ന സ്വന്തം നാടിന്റെ നിറച്ചാർത്തുകൾ; ചെവിയോർക്കാത്ത അഭൗമ സംഗീതം.



ഡോ. ജോർജ് ഓണക്കൂർ

'കേരളം സഞ്ചാരികളുടെ പറുദീസ' എന്ന് മുൻപു കേട്ട പരസ്യവാചകം ഓർമ്മിച്ചെടുത്തു. മെല്ലെ ശിരസ്സ് ഉയർന്നു. ഇത് ആത്മോത്കർഷത്തിന്റെ അപൂർവ്വ നിമിഷം.

പക്ഷേ ആ ആഹ്ലാദം അധികനേരം നീണ്ടുനിന്നില്ല. പിന്നാലെ വന്ന സ്നേഹിതയുടെ വാക്കുകൾ!

"എന്നാൽ ഈയിടെ ഞാൻ കേരളത്തെക്കുറിച്ചു കേൾക്കുന്ന വാർത്തകൾ അത്ര സുഖദമല്ല; സന്തോഷം നൽകുന്നവയല്ല. മാലിന്യക്കൂമ്പാരമായി മാറുകയാണോ സുന്ദരകേരളം? അവ സംസ്കരിക്കുന്നതിനു ശ്രദ്ധിക്കാതെ പൊതുസ്ഥലങ്ങളിൽപ്പോലും കുന്നുകൂടുന്ന ചില ചിത്രങ്ങൾ വീഡിയോയിൽ കണ്ടു. അതിന് പരിഹാരം കാണാൻ ശ്രമിക്കാതെ സാമൂഹ്യമാധ്യമങ്ങളിൽ ആഘോഷമാക്കുന്നതിൽ എന്തർത്ഥമുണ്ട്? അത്തരത്തിൽ ചില കവിതകൾപോലും ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിരിക്കുന്നത് ശ്രദ്ധിച്ചപ്പോൾ ദുഃഖം തോന്നി. സ്വിറ്റ്സർലാൻഡിനേക്കാൾ സുന്ദരിയായ കേരളം! ദൈവത്തിന്റെ സ്വന്തം നാട്! നിന്റെ നാട്ടുകാർ അതിനെ എന്താക്കി മാറ്റുകയാണ്? അധഃപതിപ്പിക്കുകയാണ്?"

മറുപടി പറയാനാകാതെ മുഖം കുനിച്ചു നിൽക്കേണ്ടി വന്നു. ഇത് ഒരു സാങ്കല്പിക ചിത്രമല്ല; വ്യക്ത്യനുഭവത്തിന്റെ നേർരൂപമാണ്. പ്രകൃതിക്കെതിരെ യുദ്ധപ്രഖ്യാപനം. നാല്പത്തിനാല് നദികൾ ഹൃദയത്തിൽ ഒഴുകി നനവു പകരുന്ന നാട്. സഹ്യന്റെ മടിത്തട്ടിൽ ഓജസ്സാർന്ന പച്ചനിറം. കുന്നുകൾ, താഴ്വരകൾ, മനോഹരമായ നെൽപ്പാടങ്ങൾ എല്ലാം എവിടെ? കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്താണ്? കുന്നുകൾ ഇടിച്ചുതാഴ്ത്തുന്നു. പാറകൾ പൊട്ടിച്ച് ഭൂമിയെ പ്രകമ്പനം കൊള്ളിക്കുന്നു. കൃഷി പൂർണ്ണമായി തന്നെ നിലച്ചുകഴിഞ്ഞു. അവിടെ ബഹുനില സൗധങ്ങൾ ഉയരുന്നു. ദേവാലായാന്തരീക്ഷം പോലും വിശുദ്ധി നഷ്ടപ്പെടുത്തി വ്യാപാരകേന്ദ്രങ്ങളായി അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നു.

പ്രകൃതിയെ വേട്ടയാടുന്ന കാട്ടാളത്തത്തിന് എങ്ങനെ പരിഹാരം കണ്ടെത്തും? നാം ജീവനം നേടിയ മാതൃഭാവമാർന്ന ഭൂമിയെ മൃതിയിലേക്ക് വലിച്ചെറിയുന്ന സംസ്കാരശൂന്യത. "ഇനിയും മരിക്കാത്ത ഭൂമി, നിന്നാസന്നമൃതിയിൽ നിനക്കാത്മശാന്തി' എന്ന് കവിയെപ്പോലെ കേഴുവാൻ അല്പം നന്മ ബാക്കിയുണ്ടാവുമോ?

വരാനിരിക്കുന്ന തലമുറകൾക്കുവേണ്ടി എന്താണ് കാത്തുവയ്ക്കുന്നത്? അന്തരീക്ഷതാപനം അനുനിമിഷം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് ആരോർക്കുന്നു! വിള്ളലുകൾ വീഴുന്ന ഓസോൺ പാളികൾക്കിടയിലൂടെ സൂര്യന്റെ ചൂട് അഗ്നിയായി ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നു. എണ്ണമറ്റ ജീവികൾ അത് താങ്ങാനാവാതെ ചത്തൊടുങ്ങുന്നു. അന്തരീക്ഷ വായുവിൽ മാരകമായ വിഷവാതകങ്ങൾ. നദികളിൽ മീനുകൾ അർബുദബാധയേറ്റു നശിക്കുന്നു. കാടുകൾ കത്തിയെരിയുകയാണ്. അതിൽപ്പെട്ട് വന്യമൃഗങ്ങളും, ചെറുജീവികളും ചിത്രശലഭങ്ങളും ഭസ്മീഭവിക്കുന്നു.

വളരുന്ന തലമുറകൾക്ക് നാളെ കാടുകൾ തളിർക്കുമോ? അന്തരീക്ഷവായുവിനെ ശുദ്ധീകരിക്കുമോ? നദികൾ വീണ്ടും ഒഴുകുമോ? മത്സ്യങ്ങൾ നീന്തിത്തുടിക്കുമോ? മൃഗങ്ങൾ ഓടിക്കളിക്കുമോ? ചിത്രശലഭങ്ങൾ പൂക്കളിൽനിന്ന് പറന്നുയരുമോ? ഓസോൺ പാളികളുടെ വിള്ളലുകൾ അടയ്ക്കുന്നത് എങ്ങനെയാണ്?

**വിള്ളലുകൾ വീഴുന്ന ഓസോൺ പാളികൾക്കിടയിലൂടെ സൂര്യന്റെ ചൂട് അഗ്നിയായി ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നു. എണ്ണമറ്റ ജീവികൾ അത് താങ്ങാനാവാതെ ചത്തൊടുങ്ങുന്നു. അന്തരീക്ഷ വായുവിൽ മാരകമായ വിഷവാതകങ്ങൾ. നദികളിൽ മീനുകൾ അർബുദബാധയേറ്റു നശിക്കുന്നു. കാടുകൾ കത്തിയെരിയുകയാണ്. അതിൽപ്പെട്ട് വന്യമൃഗങ്ങളും, ചെറുജീവികളും ചിത്രശലഭങ്ങളും ഭസ്മീഭവിക്കുന്നു.**

ചോദ്യങ്ങൾ.... അവയ്ക്ക് ആരാണ് ഉത്തരം നൽകുക? എളുപ്പമല്ല ഇനി അതിനുള്ള വഴികൾ. തകർന്നടിഞ്ഞത് ഒരു സംസ്കാരമാണ്; പ്രകൃതിയെ, മാനവികതയെ, സ്നേഹിക്കുന്ന സംരക്ഷിക്കുന്ന സംസ്കാരം.

പക്ഷേ അതിനു കഴിയാതെ പോയാൽ? ആധുനിക ലോകം പൊതുവെ നേരിടുന്ന കെടുതികൾക്ക് കേരളത്തിൽ ഉഗ്രരൂപമാണെന്നോർക്കുക. മനുഷ്യന്റെ സ്വാർത്ഥതയും വിവേകശൂന്യതയും ഈ സുന്ദരമായ ദേവഭൂമിയെ 'ആസന്നമൃതി'യിലേക്കാണ് തള്ളിവീഴ്ത്തുന്നത്. വരാനിരിക്കുന്ന തലമുറകൾക്കുവേണ്ടി ചില വീണ്ടുവിചാരങ്ങൾ...ജന്മഭൂമിക്ക് ഒരു സംരക്ഷണ വലയം...

പ്രകൃതിയെ ആക്രമിക്കാതെ, മലിനപ്പെടുത്താതെ, ജീവതാളം നിലനിറുത്താൻ പുതിയ പ്രതിജ്ഞകളുമായി, ആ സുന്ദരവിഭാതത്തിലേക്ക് ഉണരാൻ കഴിയട്ടെ എന്ന് വിശ്വമഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ സ്മരണകളിൽ നമസ്കരിച്ച് ഒരു പ്രാർത്ഥന.




# കർത്താവേ, അങ്ങേയ്ക്കു സ്തുതി

**ആമുഖം**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ രണ്ടാമത്തെ ചാക്രിക ലേഖനമായ 'ലൗദാത്തോ സീ' യിൽ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 'സൃഷ്ടികളുടെ കീർത്തനത്തിൽ' നിന്നാണ് തലക്കെട്ട് കടം എടുത്തിരിക്കുന്നത്. 'എന്റെ നാഥാ അങ്ങേക്ക് സ്തുതി' (Laudato Sii, mi' Signore).

സന്മനസ്സുള്ള എല്ലാ മനുഷ്യരെയും ഈ ലേഖനം അഭിസംബോധന ചെയ്യുന്നു. ഫ്രാൻസിസ് പാപ്പയെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരുടെയും പൊതു ഭവനമാണ് ഈ ഭൂമി. അസീസിയിലെ വി. ഫ്രാൻസിസിനോട് ചേർന്നുകൊണ്ട് പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നത് ഈ പൊതുഭവനം നമ്മുടെ സഹോദരിയെപ്പോലയാണെന്നാണ്; അവളുമായാണ് നാം ജീവിതം പങ്കുവയ്ക്കുന്നത്. അത് ഒരു മനോഹരിയായ അമ്മയെപ്പോലെയുമാണ്– നമ്മെ ആശ്ലേഷിക്കാൻ കൈകൾ വിരിക്കുന്ന അമ്മ. അവൾ നമ്മുടെ സഹോദരിയാണെങ്കിൽ നാം അവളെ സംരക്ഷിക്കണം. അവൾ നമ്മുടെ അമ്മയാണെങ്കിൽ നാം അവളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും കരുതുകയും വേണം. എന്നാൽ ഈ സഹോദരി ഇപ്പോൾ നമ്മെ നോക്കി വിലപിക്കുകയാണ്. കാരണം, ദൈവം അവൾക്ക് നൽകിയിരിക്കുന്ന വസ്തുക്കളുടെ നിരുത്തരവാദിത്വപരമായ ഉപയോഗം കൊണ്ടും ദുരുപയോഗം കൊണ്ടും നമ്മൾ അവളെ ദ്രോഹിച്ചിരിക്കുന്നു (*LS* 2). അവളിപ്പോൾ അഴുക്കിന്റെ കൂമ്പാരമായി കാണപ്പെടുന്നു (*LS* 21). നാം ഒരു കുടുംബമായതിനാൽ, മതത്തിന്റെയും, വംശത്തിന്റെയും, സംസ്കാരത്തിന്റെയും, ദേശത്തിന്റെയും ഒക്കെ വ്യത്യാസങ്ങൾ മാറ്റിവച്ച്, നമ്മുടെ സംരക്ഷണത്തിനും കരുതലിനുമായി ദൈവം നമ്മെ ഭരമേൽപ്പിച്ച ഈ ഗ്രഹത്തെ സംരക്ഷിക്കുവാൻ നമുക്ക് കടമയുണ്ട്. ഉചിതമായ നടപടികൾ ഇന്ന് നമ്മൾ സ്വീകരിച്ചില്ലെങ്കിൽ ഭൂമി ഒരു പക്ഷേ വാസയോഗ്യമല്ലാതാകാം. നമ്മുടെ ഭാവി തലമുറകളെപ്പറ്റി നാം ശ്രദ്ധാലുക്കളായിരിക്കണം.

എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോയെ പാപ്പാ ഉദ്ധരിച്ചുകൊണ്ട് ദൈവത്തിന്റെ സൃഷ്ടിയുടെ ജൈവവൈവിധ്യത്തെ മനുഷ്യർ നശിപ്പിക്കുന്നതും, ഭൂമിയുടെ കാലാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതും ഭൂമിയുടെ ജലത്തെയും മണ്ണിനെയും വായുവിനെയും അതിന്റെ ജീവനെതന്നെയും



**ഫാ. ഡോ. ജോളി കരിമ്പിൽ**
പ്രൊഫ.സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം

മനുഷ്യർ മലിനമാക്കുന്നതും പാപങ്ങളാണ് എന്ന് പാപ്പ പഠിപ്പിക്കുന്നു (*LS* 8). വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉദ്ബോധിപ്പിച്ചതുപോലെ "പരിസ്ഥിതി സംബന്ധമായ ഒരു മാനസാന്തരം'' ഇന്നിന്റെ ആവശ്യകതയാണെന്ന് ഫ്രാൻസിസ് മാർപാപ്പയും നമ്മെ ഓർമ്മിപ്പിക്കുന്നു. ദുർബലർക്കുള്ള പരിചരണത്തിന്റെയും സമഗ്ര പാരിസ്ഥിക ജീവിതത്തിന്റെയും അത്യുത്തമ മാതൃകയാണ് വിശുദ്ധ ഫ്രാൻസിസ് എന്ന് പാപ്പാ വിശ്വസിക്കുന്നു. പ്രകൃതിയോടുള്ള പരിഗണനയും ദരിദ്രർക്കുള്ള നീതിയും സമൂഹത്തോടുള്ള പ്രതിബദ്ധതയും ആന്തരിക സമാധാനവും തമ്മിലുള്ള ബന്ധം എത്രമാത്രം അവിഛേദ്യമാണെന്ന് അദ്ദേഹം നമുക്ക് കാണിച്ചു തരുന്നു.

'ലൗദാത്തോ സീ'യിലെ ആറ് അദ്ധ്യായങ്ങളിലെ പ്രധാന ആശയങ്ങളുടെ വിശകലനമാണ് ഈ ലേഖനത്തിന്റെ കാതൽ.

## 1. നമ്മുടെ പൊതു ഭവനത്തിന് എന്തു സംഭവിക്കുന്നു?

നമ്മൾ ഇന്ന് നേരിടുന്ന അനേകം പാരിസ്ഥിക പ്രശ്നങ്ങൾ ആദ്യ അദ്ധ്യായത്തിൽ പാപ്പ അവതരിപ്പിക്കുന്നു.

(i) **മലിനീകരണവും കാലാവസ്ഥാ വ്യതിയാനവും:** പാരിസ്ഥിതികമായ ഏറെ പ്രത്യാഘാതങ്ങളും വെല്ലുവിളികളും ഉയർത്തുന്ന ആഗോള പ്രതിഭാസവും പ്രശ്നവുമായി മാർപാപ്പ മലിനീകരണത്തെയും കാലാവസ്ഥ വ്യതിയാനത്തെയും അവതരിപ്പിക്കുന്നു. പാരിസ്ഥിതികമായി "പുതുക്കാനാവാത്ത വിഭവങ്ങളുടെ ഉപയോഗം ആവുന്നത്ര പരിമിതപ്പെടുത്തിക്കൊണ്ടും, അവയുടെ ഉപഭോഗം നിയന്ത്രിച്ചുകൊണ്ടും കാര്യക്ഷമമായ അവയുടെ ഉപയോഗം അങ്ങേയറ്റം വർദ്ധിപ്പിച്ചുകൊണ്ടു അവയെ വീണ്ടും ഉപയോഗിച്ചുകൊണ്ടും റീ സൈക്ലിംഗ് നടത്തിയും" ഉപഭോഗത്തിൽ മിതത്വം പാലിക്കുവാൻ പാപ്പാ നമ്മെ ഉപദേശിക്കുന്നു.

(ii) **ജലക്ഷാമം**: നമ്മുടെ ജീവിതത്തിൽ, വിശേഷിച്ച് വ്യവസായം, കൃഷി, ആരോഗ്യപരിപാലനം എന്നീ മേഖലകളിൽ, ജലത്തിനുള്ള പ്രാധാന്യം അദ്ദേഹം എടുത്തു പറയുന്നു. "സുരക്ഷിതവും പാനയോഗ്യവുമായ ജലം ലഭിക്കുകയെന്നത് അടിസ്ഥനപരവും സാർവത്രികവുമായ മനുഷ്യാവകാശമാണ്. കാരണം, അത് മനുഷ്യന്റെ അതിജീവനത്തിന് അത്യന്താപേക്ഷിതവും മറ്റു മനുഷ്യാവകാശങ്ങളുടെ അഭ്യസനത്തിനുള്ള വ്യവസ്ഥയുമാണ്'' (*LS* 30) എന്ന് പാപ്പാ കൂട്ടിച്ചേർക്കുന്നു.

(iii) **ജൈവവൈവിധ്യത്തിന്റെ തിരോധാനം**: ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം മൂലം ഈ ഭൂമിയിൽ നിന്ന് ഓരോ വർഷവും ആയിരകണക്കിന് വ്യത്യസ്തങ്ങളായ സസ്യജാലങ്ങളും ജന്തുക്കളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതിൽ പാപ്പ പരിതപിക്കുന്നു. ആവാസവ്യവസ്ഥിതികളുടെ സംരക്ഷണത്തിന് ദീർഘവീക്ഷണം ആവശ്യമാണെന്ന് പാപ്പാ പഠിപ്പിക്കുന്നു.

(iv) **മാധ്യമങ്ങളും ഡിജിറ്റൽ ലോകവും** സർവ്വത്ര വ്യാപിച്ചിരിക്കുന്നതിനാൽ അവയുടെ സ്വാധീനം വൈയക്തിക ബന്ധങ്ങളിൽ നിന്ന് ജനങ്ങളെ തടയുന്നു. ഇതുവഴി മാനുഷിക ജീവന്റെ ഗുണമേന്മയിൽ അധ:പതനവും സമൂഹത്തിന്റെ തകർച്ചയും സംഭവിച്ചിരിക്കുന്നു.

(v) **ആഗോളവ്യാപകമായ അസമത്വ**ത്തെപ്പറ്റിയും പാപ്പാ പ്രതിപാദിക്കുന്നു. മാനുഷിക പരിസ്ഥിതിയുടേയും പ്രകൃതിപരമായ പരിസ്ഥിതിയുടെയും പരിഗണനാവിഷയങ്ങൾ അവിഭാജ്യമാണ്. പാരിസ്ഥിക പ്രശ്നങ്ങളെ ശരിയായ വിധത്തിൽ നേരിടാൻ സാമൂഹികമായ ഒരു ബന്ധം നമുക്കാവശ്യമാണ്. "മാനുഷിക പരിസ്ഥിതിയും പ്രകൃതിപരമായ പരിസ്ഥിതിയും ഒന്നിച്ചാണ് ക്ഷയിക്കുന്നത്. മാനുഷികവും സാമൂഹികവുമായ അധ:പതനത്തിന്റെ കാരണങ്ങൾ ശ്രദ്ധിക്കാതിരുന്നാൽ പാരിസ്ഥിതികാധോഗതിയെ പര്യാപ്തമായ വിധം ചെറുത്തുനിൽക്കാൻ നമുക്ക് കഴിയുകയില്ല" (*LS* 48).

**തന്റെ സ്നേഹത്തിൽ നിന്നാണ് ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത്. സൃഷ്ടിയുടെ ഉറവിടവും ലക്ഷ്യവും ദൈവമാണ്. തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം ഭൂമിയെ പരിരക്ഷിക്കാൻ അവനെ ഭരമേൽപ്പിച്ചു. മനുഷ്യൻ ഭൂമിയുടെ ഉടമയല്ല മറിച്ച് കാര്യസ്ഥൻ മാത്രമാണ്. ദൈവത്തിന്റെ സൃഷ്ടിയെ ചൂഷണം ചെയ്യുകയല്ല മറിച്ച് ഉത്തരവാദിത്വത്തോടെ അതിനെ പരിപോഷിപ്പിക്കുക എന്നതാണ് അവന്റെ നിയോഗം**

## 2. സൃഷ്ടിയുടെ സുവിശേഷം

വി. ഗ്രന്ഥത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എല്ലാവരും ദൈവത്തിന്റെ സൃഷ്ടിയാണെന്ന അവബോധത്തിലേക്ക് വളരാൻ രണ്ടാം അദ്ധ്യായത്തിൽ പാപ്പാ ആഹ്വാനം ചെയ്യുന്നു. "ഭൂമി അടിസ്ഥാനപരമായി പങ്കുവെയ്ക്കപ്പെട്ട പൈതൃകമാണ്. അതിന്റെ ഫലങ്ങൾ ഓരോ വ്യക്തിയുടേയും ഉപകാരത്തിനുള്ളതാണ്'' (*LS* 93).

തന്റെ സ്നേഹത്തിൽ നിന്നാണ് ദൈവം പ്രപഞ്ചത്തെ സൃഷ്ടിച്ചത്. സൃഷ്ടിയുടെ ഉറവിടവും ലക്ഷ്യവും ദൈവമാണ്. തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം ഭൂമിയെ പരിരക്ഷിക്കാൻ അവനെ ഭരമേൽപ്പിച്ചു. മനുഷ്യൻ



സൃഷ്ടിയെ വാത്സല്യത്തോടും വിസ്മയത്തോടും വീക്ഷിച്ച യേശുവിന്റെ കടാക്ഷം സ്വായത്തമാക്കാൻ ഈ ചാക്രികലേഖനം നമ്മെ ക്ഷണിക്കുന്നു. സൃഷ്ടിയിൽ തെളിയുന്ന പിതാവായ ദൈവത്തിന്റെ സാന്നിദ്ധ്യം യേശു തിരിച്ചറിഞ്ഞു. ദൈവമഹത്വം പ്രതിഫലിപ്പിക്കുന്ന സൃഷ്ടവസ്തുക്കൾ ദൈവത്തെ പുകഴ്ത്താൻ നമ്മെ പ്രേരിപ്പിക്കുന്നുവെന്നും പിതാവായ ദൈവം തന്റെ സൃഷ്ടിയെ എങ്ങനെ പരിപാലിക്കുന്നെന്നും അവ ദൈവദൃഷ്ടിയിൽ എത്ര അമൂല്യമാണെന്നും യേശു പഠിപ്പിച്ചു (*LS* 96).

## 3. പാരിസ്ഥിക പ്രതിസന്ധിയുടെ മാനുഷിക വേരുകൾ

പാരിസ്ഥിക പ്രതിസന്ധിയുടെ മാനുഷിക ഉറവിടങ്ങളാണ് മൂന്നാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. മനുഷ്യജീവിതത്തിന്റെ മേന്മ വർദ്ധിപ്പിക്കാൻ ശാസ്ത്ര സാങ്കേതിക വൈദഗ്ധ്യത്തിനുള്ള പ്രാധാന്യം പാപ്പാ അംഗീകരിക്കുന്നു. എന്നാൽ ഭൂമിയിൽ വിഭവങ്ങളുടെ ലഭ്യത അനന്തമാണ് എന്ന മിഥ്യാധാരണയിൽ മനുഷ്യൻ സാങ്കേതിക വിദ്യയുടെ സഹായത്താൽ ഈ ഗ്രഹത്തെ അതിരറ്റ് ചൂഷണം ചെയ്യുന്നു. മനുഷ്യ നന്മയ്ക്ക് ഉതകേണ്ട സാങ്കേതിക വിദ്യയുടെ ദുരുപയോഗം ദശലക്ഷങ്ങളുടെ മരണത്തിന്  വഴിവയ്ക്കുന്നു എന്ന വസ്തുതയും നാം ഓർക്കണം. "അടിസ്ഥാനപരമായ സകല മാനുഷിക ബന്ധങ്ങളെയും സുഖപ്പെടുത്താതെ പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള നമ്മുടെ ബന്ധത്തെ സുഖപ്പെടുത്താനാകുമെന്ന് സങ്കല്പ്പിക്കാൻ നമുക്ക് സാധ്യമല്ല" (*LS* 119) എന്ന് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. കാരണം നമ്മൾ സഹോദരങ്ങളാണ്, ഒരോരുത്തരും അപരന്റെ കാവൽക്കാരുമാണ്. പ്രായോഗിക ആപേക്ഷികത (relativism) ഉപേക്ഷിക്കാനും

ഭൂമിയുടെ ഉടമയല്ല മറിച്ച് കാര്യസ്ഥൻ മാത്രമാണ്. ദൈവത്തിന്റെ സൃഷ്ടിയെ ചൂഷണം ചെയ്യുകയല്ല മറിച്ച് ഉത്തരവാദിത്വത്തോടെ അതിനെ പരിപോഷിപ്പിക്കുക എന്നതാണ് അവന്റെ നിയോഗം. അതുകൊണ്ട് പ്രകൃതിയെ ഒരു വസ്തു എന്നതിലുപരി ദൈവത്തിന്റെ ദാനം എന്ന നിലയിലാണ് അവൻ പരിഗണിക്കേണ്ടത്.

ദൈവമാണ് പ്രപഞ്ചസ്രഷ്ടാവ്. "ഭൂമി കർത്താവിന്റേതാണ്" (സങ്കീ 24:1). അത് സൃഷ്ടിയായതിനാൽ തന്നെ അത് ദൈവമല്ല. നാം അതിനെ ആരാധിക്കേണ്ട ആവശ്യവുമില്ല. പക്ഷേ നാം അതിനെ ആദരിക്കുകയും സംരക്ഷിക്കുകയും വേണം. "ബുദ്ധിശക്തിയും സ്നേഹവുമുള്ള മനുഷ്യർ, ക്രിസ്തുവിന്റെ പൂർണ്ണതയാൽ ആകർഷിക്കപ്പെടുന്നവർ, എല്ലാ ജീവികളെയും അവരുടെ സ്രഷ്ടാവിലേക്ക് തിരിച്ചുനയിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു." (*LS* 83) അതായത്, പ്രപഞ്ചത്തെ മുഴുവൻ അതിന്റെ ആത്യന്തിക ലക്ഷ്യത്തിൽ, ക്രിസ്തുവിലും ദൈവത്തിലുമുള്ള പൂർണ്ണതയിൽ, എത്തിക്കുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്.



പാപ്പാ പറയുന്നു "എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു, മനുഷ്യരായ നമ്മൾ സഹോദരീ സഹോദരന്മാരാണെന്ന നിലയിൽ വിസ്മയനീയമായ തീർത്ഥാടനം നടത്തുന്നവരാണ്. ദൈവത്തിന് തന്റെ ഓരോ സൃഷ്ടികളോടും ഉള്ള സ്നേഹത്താൽ ഒന്നിച്ചു നെയ്യപ്പെട്ടവരാണ് നാം. അത് സഹോദരനായ സൂര്യനോടും സഹോദരിയായ ചന്ദ്രനോടും സഹോദരനായ നദിയോടും അമ്മയായ ഭൂമിയോടും നമ്മെ വാത്സല്യപൂർവ്വം ഐക്യപ്പെടുത്തുന്നു" (*LS* 92). മൂന്നു ബന്ധങ്ങളിൽ അടിയുറച്ചതാണ് മനുഷ്യജീവൻ: ദൈവത്തോട്, അയൽക്കാരനോട്, ഭൂമിയോടുതന്നെ (*LS* 66).

തൊഴിലിൻെറ മാഹാത്മ്യം സംരക്ഷിക്കാനും നവീന ജീവശാസ്ത്ര സാങ്കേതിക വിദ്യകൾ ധാർമ്മികമായി ഉപയോഗിക്കാനും പാപ്പാ ആവശ്യപ്പെടുന്നു.

## 4. സമഗ്ര പാരിസ്ഥിക വിജ്ഞാനീയം

സാമൂഹികവും പാരിസ്ഥിതികവുമായ ദ്വിമാനങ്ങ ളുള്ള ഒരൊറ്റ പ്രശ്നമാണ് നാം ഇന്ന് അഭിമുഖീക രിക്കുന്നത് എന്ന് നാലാം അദ്ധ്യായത്തിൽ പാപ്പാ പ്രസ്താവിക്കുന്നു: "പരിഹാര മാർഗ്ഗത്തിനുള്ള തന്ത്രങ്ങൾക്ക് സമഗ്രമായ സമീപനമുണ്ടാകണം - ദാരിദ്ര്യത്തോടു പടപൊരുതാനും പുറന്തള്ളപ്പെട്ട വർക്ക് മഹത്വം പുന:സ്ഥാപിച്ചുകൊടുക്കാനും, അതേസമയം പ്രകൃതിയെ സംരക്ഷിക്കാനുമുള്ള സമീപനം" (*LS* 139). 'സമഗ്രപാരിസ്ഥിതികത' (Integral Ecology) എന്ന ആശയത്തിൽ സാമ്പത്തിക വും, സാമൂഹികവും, സാസ്കാരികവും ആയ വസ്തുതകൾ അടങ്ങിയിരിക്കുന്നു. 'പൊതുനന്മ' യാണ് ഈ അദ്ധ്യായത്തിലെ പ്രധാന വിഷയം. സമഗ്രവികസനത്തിന് വേണ്ടിയുള്ള മൗലികവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശങ്ങൾ ഉള്ളവനെന്ന നിലയിൽ മനുഷ്യവ്യ ക്തിയെ ആദരിക്കുകയെന്നത് 'പൊതുനന്മ' എന്ന തത്വത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നു (*LS* 157). പൊതുനന്മയെ സംരക്ഷിക്കാനും വളർത്താനും സമൂഹത്തിന് പൊതുവെയും രാഷ്ട്രത്തിന് പ്രത്യേകമായും കടമയുണ്ട് (*LS 157*).

## 5. സമീപന പ്രവർത്തന രീതികൾ

അഞ്ചാമദ്ധ്യായം ഊന്നൽ നൽകുന്നത് പരിസ്ഥിതിയെക്കുറിച്ചുള്ള സംവാദത്തിനാണ്. പൊതു പദ്ധതിയോടുകൂടിയ ഏകലോകം എന്ന കാഴ്ചപ്പാടിലേക്ക് നമ്മെ നയിക്കാൻ പ്രാപ്തിയുള്ള ഒരു പരസ്പരാശ്രിതത്വം ഫ്രാൻസിസ് മാർപാപ്പ വിഭാവനം ചെയ്യുന്നു (*LS* 164). മലിനീകരണ നിയന്ത്രണം, ജൈവവൈവിധ്യത്തിന്റെ സംരക്ഷ ണം, സമുദ്രമാലിന്യത്തിന്റെ അളവു കുറയ്ക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹിക പുരോഗതി യുടെ പ്രോത്സാഹനം മുതലായ വിഷയങ്ങളിൽ ഒരു പൊതുധാരണയിലേക്ക് പാപ്പാ നമ്മെ ക്ഷണിക്കുന്നു. രാഷ്ട്രതന്ത്രജ്ഞരും, സാമ്പത്തിക ശാസ്ത്രജ്ഞ രും, മതങ്ങളും ശാസ്ത്രവും മാനുഷിക ഉന്നമന ത്തിനുവേണ്ടിയുള്ള സംവാദത്തിൽ ഏർപ്പെടാനും പാപ്പാ ആഹ്വാനം ചെയ്യുന്നു.

## 6. പരിസ്ഥിത വിജ്ഞാനപരമായ വിദ്യാഭ്യാസവും, ആദ്ധ്യാത്മകതയും

മനുഷ്യർക്ക് മാറ്റം സംഭവിക്കാതെ ഒരു മാറ്റവും സാധ്യമല്ലെന്ന ബോധ്യത്തിൽ നിന്നാണ് നമ്മുടെ പൊതുവായ ഉത്പത്തി, എല്ലാവരുമായി പങ്കുവെയ് ക്കേണ്ട ഭാവി എന്നിവയെക്കുറിച്ച് അവസാന അദ്ധ്യായത്തിൽ പാപ്പാ സംസാരിക്കുന്നത്. ഇതിൽ അധിഷ്ഠിതമായ ചില പുത്തൻബോധ്യങ്ങളും സമീപനങ്ങളും ജീവിത ശൈലിയും നാം രൂപപ്പെടു ത്തണം. മറ്റു വാക്കുകളിൽ പറഞ്ഞാൽ വ്യക്തിപര മായ ഒരു നവീകരണത്തിന് പാപ്പാ നമ്മെ ക്ഷണി ക്കുന്നു. രണ്ട് പ്രാർത്ഥനകളോടെയാണ് ഈ ചാക്രിക ലേഖനം അവസാനിക്കുന്നത്: ആദ്യത്തേത് എല്ലാ മതവിശ്വാസികളും ഒന്നു ചേർന്നു ചൊല്ലേ ണ്ടതും രണ്ടാമത്തേത് ക്രൈസ്തവർ ഒന്നു ചേർന്നു ചൊല്ലേണ്ടതുമാണ്.

## ഉപസംഹാരം

പാരിസ്ഥിതികവും സാമൂഹികവുമായ രണ്ട് വ്യത്യസ്ത വിഷമസന്ധികളെയല്ല നാം അഭിമുഖീ കരിക്കുന്നത്, മറിച്ച് ഒറ്റ വിഷമസന്ധിയെയാണ്. അത് സാമൂഹികവും, പാരിസ്ഥിതികവുമാണ്. അതി നാൽ ഒരേസമയം പ്രകൃതിയെ സംരക്ഷിക്കാനും, ദരിദ്രരുടെ മഹത്വം പുനഃസ്ഥാപിക്കാനും ദാരിദ്ര്യം നീക്കാനും പ്രാപ്തിയുള്ള ഒരു സമഗ്രസമീപനം നമുക്ക് ആവശ്യമാണ്. ദൈവത്തെ നമ്മുടെ സ്രഷ്ടാ വും പിതാവുമായി അംഗീകരിക്കുകയെന്നതാണ്




ഇതിന്റെ ആദ്യത്തെ പടി. നമ്മുടെ ഉറവിടവും ലക്ഷ്യവും ദൈവമാണ്. മുഴുവൻ സൃഷ്ടലോകവും ദൈവത്തിലേക്ക് നീങ്ങുന്നു. ദൈവമാണ് പ്രപഞ്ച സ്രഷ്ടാവ്. ദൈവസൃഷ്ടിയുടെ കാര്യസ്ഥനാണ് മനുഷ്യൻ. പിതാവായ ദൈവം തന്റെ മക്കളാകാൻ നമ്മെ ക്ഷണിക്കുന്നു. അങ്ങനെ പ്രപഞ്ചത്തെ മുഴുവൻ അതിന്റെ ആത്യന്തിക ലക്ഷ്യത്തിലേക്ക്, ക്രിസ്തുവിലും ദൈവത്തിലും ഉള്ള പൂർണ്ണതയിലേ ക്ക് നാം നയിക്കണം. ക്രിസ്തുവിന്റെ കടാക്ഷം സ്വന്ത മാക്കി, മനുഷ്യവംശത്തെ മുഴുവൻ ദൈവമക്കളായി അംഗീകരിച്ച് സൃഷ്ടിയെ മുഴുവൻ മനുഷ്യന്റെ സഹോദരീ സഹോദരന്മാരായി കരുതിയ അസീ സിയിലെ വിശുദ്ധ ഫ്രാൻസിസ് ആണ് ഈ ഉദ്യമ ത്തിൽ നമ്മുടെ മാതൃക. ഈ തിരിച്ചറിവാണ് 'നാഥാ അങ്ങേയ്ക്ക് സ്തുതി' എന്ന് പ്രാർത്ഥന ഉരുവിടാൻ നമ്മെ ശക്തരാക്കുന്നത്.

●



# ദൈവത്തെ കണ്ടുമുട്ടുന്ന നാൾ



വിനായക് നിർമ്മൽ

ദൈവം ഭൂമിയിൽ മനുഷ്യനായി അവതരിച്ചത് മാത്രമല്ല ദൈവത്തെ കണ്ടുമുട്ടുന്ന ഓരോ അവസരങ്ങളും ഓരോ ക്രിസ്മസാണ്. ദൈവത്തെ തേടിയുള്ള മനുഷ്യന്റെ അടങ്ങാത്ത ദാഹത്തിന്റെയും അവസാനിക്കാത്ത അന്വേഷണത്തിന്റെയും ഉദാഹരണങ്ങളാണ് മൂന്ന് രാജാക്കന്മാരും ആട്ടിടയന്മാരും. ദൈവം ഉള്ളിൽ തന്നെയുണ്ടായിരുന്നതുകൊണ്ട് മറിയത്തിനോ ജോസഫിനോ ദൈവത്തെ അന്വേഷിച്ച് യാത്ര പോകേണ്ടിവന്നുമില്ല. മറിച്ച് അവർ ദൈവവുമായി യാത്ര നടത്തുകയാണ് ചെയ്തത്. അതു മറ്റുള്ളവർക്ക് ദൈവത്തെ കാണിച്ചുകൊടുക്കാനായിരുന്നു. "നിങ്ങൾ അന്വേഷിക്കുന്ന, കാത്തിരിക്കുന്ന ദൈവം ഇതാണ്... ഇതാണ് ദൈവത്തിന്റെ മുഖമുദ്രകൾ... ഇതാണ് ദൈവത്തിന്റെ അടയാളങ്ങൾ... ഇതാണ് ദൈവത്തിന്റെ സാക്ഷ്യപ്പെടുത്തലുകൾ.... ഇതാണ്.... ഇതാണ്...."

ക്രിസ്മസ് കാഴ്ചവയ്ക്കുന്ന ചില അടയാളപ്പെടുത്തലുകൾ ഇങ്ങനെ വായിക്കാനാണ് തോന്നുന്നത്.

നിത്യജീവിതത്തിൽ വായുപോലെ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് സമയം. അതിൽ ചെയ്തുതീർക്കാനുള്ള കടമകളെക്കുറിച്ചുള്ള ഭാരപ്പെടുത്തലുകളുണ്ട്. കടന്നുപോയ സമയത്തെക്കുറിച്ചുള്ള വീണ്ടുവിചാരമുണ്ട്. എല്ലാം സമയബന്ധിതമാണ് നമ്മുടെ ജീവിതത്തിൽ. ഇത്ര മിനിറ്റെന്നും മണിക്കൂറെന്നും എന്തിനെയും നാം പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതിലെല്ലാം കാത്തിരിപ്പിന്റെ ഒരു തലം കൂടിയുണ്ട്. മനുഷ്യജീവിതം എന്നു പറയുന്നത്തന്നെ ഏറ്റവും ചെറുതു മുതൽ വലുതു വരെയുള്ള കാത്തിരിപ്പുകളുടെ ഒരു ശ്രേണിയാണല്ലോ.

പക്ഷേ ഇന്ന മാസം ഇന്ന ദിവസം ഇത്രാം മണിക്കൂറിൽ അതു കൃത്യമായി സംഭവിക്കുമെന്നു പറയാൻ കഴിയുന്ന എത്ര കാര്യങ്ങളുണ്ട് നമ്മുടെ ജീവിതത്തിൽ? എന്നിട്ടും നാം കാത്തിരിക്കുന്നു. കാത്തിരിക്കുന്നത് സംഭവിക്കുമെന്ന്. സംഭവിക്കുന്നതു നല്ലതായിരിക്കുമെന്നും.

രക്ഷകനെക്കുറിച്ചുള്ള സങ്കല്പവും പ്രതീക്ഷയും യഹൂദജനതയ്ക്കുമുണ്ടായിരുന്നു. പുതിയൊരു സദ്‌വാർത്തയ്ക്കായി അവർ കാത്തിരുന്നു. എന്നാൽ മനുഷ്യപുത്രൻ എപ്പോൾ വരുമെന്നോ എങ്ങനെ വരുമെന്നോ ആർക്കും നിശ്ചയിക്കാനാവാത്തതുപോലെ ഈ രക്ഷകൻ എന്നുവരുമെന്ന് അവർക്ക് നിശ്ചയമില്ലായിരുന്നു. എന്നിട്ടും പ്രതീക്ഷകൾ അവരെ നിരാശരാക്കിയില്ല. അവർ കാത്തിരുന്നു. ഒരു രക്ഷകൻ വരും.

ജീവിതത്തിലെ ചില നന്മകൾക്കായി കാത്തിരിക്കുമ്പോൾ അതെപ്പോൾ സംഭവിക്കുമെന്ന് ദൈവത്തിന് മാത്രമേ അറിവുണ്ടായിരിക്കുകയുള്ളു. എന്നിട്ടും കാത്തിരിക്കാൻ ഒരു മനസ്സുണ്ടായിരിക്കുക എന്നതാണ് മുഖ്യം. പ്രതീക്ഷിക്കാൻ തയ്യാറാവുക എന്നതാണ് പ്രധാനം. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്നാണ് തിരുവചനം പറയുന്നത്. കാത്തിരിക്കുക, കാത്തിരിപ്പുകളാണ് ജീവിതത്തിന് അർത്ഥം നല്കുന്നത്. ഒന്നും ആകസ്മികമായി സംഭവിക്കുന്നതല്ല. അത് നമ്മുടെ ഉള്ളിലുണ്ടായിരുന്നു; ഒരു പ്രാർത്ഥന പോലെ... ഹൃദയതാളം പോലെ.. ദൈവം തീരുമാനിക്കുന്ന സമയത്ത് സംഭവിക്കുന്നുവെന്നു മാത്രം.

ലാസർ മരണത്തിൽ നിന്ന് ജീവിതത്തിലേക്ക് ഉയർപ്പിക്കപ്പെട്ടു. വേണമെങ്കിൽ മരിക്കാതെയും ലാസറിന്റെ ജീവിതം നീട്ടിക്കൊടുക്കാമായിരുന്നു. സഹോദരിമാർ ആവശ്യപ്പെട്ട സമയത്ത് അരികിലെത്തി ക്രിസ്തുവിന് ലാസറിനെ മരണമുക്തനാക്കാമായിരുന്നു. രണ്ടും ചെയ്തില്ല. യേശു അപ്പോഴും ഗ്രാമത്തിൽ പ്രവേശിച്ചിട്ടില്ലായിരുന്നു എന്നാണ് ആ ബൈബിൾ ഭാഗത്തിലെ ശ്രദ്ധേയമായ ഒരു വചനം. യേശു നമ്മുടെ ജീവിതമാകുന്ന ഗ്രാമത്തിൽ പ്രവേശിക്കാൻ ഒരു സമയമുണ്ട്.

ആ സമയത്തിനുവേണ്ടി കാത്തിരിക്കുക.. നിങ്ങളതിനു വേണ്ടി വാചാടോപമായി പ്രാർത്ഥിക്കുക പോലും വേണ്ടതില്ല എന്ന് തോന്നുന്നു. നിങ്ങളുടെ ഹൃദയത്തിലെ പ്രത്യാശാഭരിതമായ കാത്തിരിപ്പും ആ സ്വപ്നത്തെയോർത്തുള്ള ദീർഘനിശ്വാസവും ആത്മാവിലുള്ള അവാച്യമായ നെടുവീർപ്പും തന്നെ പ്രാർത്ഥനയാണ്. അതിനപ്പുറം മറ്റൊരു പ്രാർത്ഥനയില്ല. ദൈവം ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ ഇടപെടുമെന്ന് പ്രത്യാശിക്കുന്നതിലും വലിയപ്രാർത്ഥന ജീവിതത്തിൽ മറ്റെന്താണുള്ളത്? ഉവ്വ്, കാത്തിരിക്കുക.. അവാച്യമായി നെടുവീർപ്പെടുക. നിങ്ങളുടെ കാത്തിരിപ്പിന്റെ പ്രത്യാശ നിറഞ്ഞ ആകാശത്താണ്, നിരാശാഭരിതമായ മണൽക്കാടുകളിലല്ല താരകമുദിക്കുന്നത്.

ദൈവദൂതന്മാർ കടന്നുവരാൻവേണ്ടി നാം മുട്ടുകുത്തി പ്രാർത്ഥിക്കുന്നു, നോമ്പു നോക്കുന്നു. എന്നാൽ അവർ അരികിലെത്തുമ്പോൾ നാം അവരെ തിരിച്ചറിയാതെ പോകുന്നു. ഇതാണ് ദുര്യോഗം. രക്ഷകനുവേണ്ടി കാത്തിരുന്ന യഹൂദജനതയ്ക്ക് ക്രിസ്തുവിൽ രക്ഷകനെ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ക്രിസ്തുവിനെതിരെ ദുരാരോപണങ്ങൾ നിരവധി നിരത്തുകയും ചെയ്തു. ഇത് ക്രിസ്തുവിനു മാത്രം സംഭവിച്ചതല്ല. എന്നെ ലോകം ദ്വേഷിച്ചെങ്കിൽ നിങ്ങളെയും ദ്വേഷിക്കും എന്ന ക്രിസ്തുവചനമാണ് ഇവിടെ നമുക്ക് ആശ്വാസമായി മാറുന്നത്. ലോകം ഇന്നും അനേകരെ പീഡിപ്പിക്കുകയും നീതിരഹിതമായ നിയമസംഹിതകൾകൊണ്ട് കൂച്ചുവിലങ്ങിടുകയും ചെയ്യുന്നു. ദുരാരോപണങ്ങൾകൊണ്ട് ക്രൂശിലേറ്റുകയും ചെയ്യുന്നു.

**നിങ്ങളുടെ ഹൃദയത്തിലെ പ്രത്യാശാഭരിതമായ കാത്തിരിപ്പും ആ സ്വപ്നത്തെയോർത്തുള്ള ദീർഘനിശ്വാസവും ആത്മാവിലുള്ള അവാച്യമായ നെടുവീർപ്പും തന്നെ പ്രാർത്ഥനയാണ്. അതിനപ്പുറം മറ്റൊരു പ്രാർത്ഥനയില്ല. ദൈവം ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ ഇടപെടുമെന്ന് പ്രത്യാശിക്കുന്നതിലും വലിയപ്രാർത്ഥന ജീവിതത്തിൽ മറ്റെന്താണുള്ളത്? ഉവ്വ്, കാത്തിരിക്കുക..**

വരാനിരിക്കുന്ന രക്ഷകന്റെ പിറവിക്ക് നേരെ കൊട്ടിയടയ്ക്കപ്പെട്ട വാതിലുകൾ... ജീവനു തന്നെയുള്ള ഭീഷണികൾ, പലായനങ്ങൾ... ഒടുവിൽ സമയത്തിന്റെ പൂർത്തിയിൽ കുരിശുമരണവും. ചില നിയമസംഹിതകൾക്ക് നമ്മുടെ ജീവനെടുക്കാതെ നിശ്ശബ്ദരായിരിക്കാൻ കഴിയില്ല. ജീവനെടുക്കുക എന്നാൽ നിശ്ശബ്ദമാക്കുക എന്നാണർത്ഥം. പക്ഷേ, ജീവൻ എന്ന വാക്കിനെ പ്രാണൻ എന്ന് മാത്രം കരുതി ചുരുക്കരുത്. ജീവിക്കുവാനുള്ള ഒരാളുടെ അവകാശത്തിന്റെ ഏറ്റവും പ്രാഥമികവും അതോടൊപ്പം അടിയന്തിരവുമായ ഘടകം കൂടിയാണ് ജീവൻ. എല്ലാ അവകാശങ്ങളോടും കൂടി ജീവിക്കുക. എല്ലാ സ്വാതന്ത്ര്യങ്ങളോടും കൂടി ജീവിക്കുക. ആലോചിക്കാനും ചിന്തിക്കാനുമുള്ള എല്ലാ ധീരതയോടും കൂടി ജീവിക്കുക. എല്ലാ പരിമിതികളോടും കൂടി ജീവിക്കുക. ജീവൻ നിശ്ശബ്ദമാക്കുന്നതിനു മോഹന വാഗ്ദാനങ്ങൾ മുതൽ പ്രാണാപഹരണം

വരെ നീണ്ടുപോകുന്ന നിരവധി മാർഗ്ഗങ്ങളുണ്ട്. ജീവൻ എന്ന വാക്കിന് ഇതുകൊണ്ടുതന്നെ നാനാർത്ഥങ്ങളുണ്ട്.

ഒരു ഹോറോദോസ് നമ്മിലെല്ലാമുള്ള സാധ്യതയുടെ പേരാണ്. ഒരാളെ ലക്ഷ്യം വച്ച് നാം എയ്യുന്ന ശരങ്ങൾ പലപ്പോഴും മറ്റു പലരെകൂടിയാണ് മുറിപ്പെടുത്തുന്നത്. ഉണ്ണിയേശുവിനുവേണ്ടി അനേകം പൈതങ്ങൾ അകാല മൃത്യുവിനിരയായതുപോലെ... ഒരു വൃക്ഷം കടപുഴക്കിയെറിയാൻ വളരെ എളുപ്പമാണ്, അതിനെ വളർത്തി പരിപാലിച്ചതിന്റെ ക്ലേശങ്ങളുമായി താരതമ്യപ്പെടുത്തിയാൽ. ആരുടെ ജീവനുനേരെയും നാം വാളോങ്ങരുത്. ഒരേയൊരാളെയായിരിക്കാം നാം ലക്ഷ്യമിടുന്നത്. അതിനുവേണ്ടി നാം ചെയ്യുന്ന പ്രവൃത്തി ഒരു സമൂഹത്തിനുതന്നെ ലഭിക്കാവുന്ന നന്മയാണ് നഷ്ടപ്പെടുത്തുന്നത്. ഗാന്ധിജി വെടിയേറ്റ് മരിച്ചു. ജോൺ എഫ് കെന്നഡി വെടിയേറ്റ് മരിച്ചു.. അക്രമികൾക്ക് ആ വ്യക്തികൾ മാത്രമായിരുന്നു ടാർജറ്റ്. പക്ഷേ ഗാന്ധിക്ക് അത് സംഭവിച്ചില്ലായിരുന്നുവെങ്കിൽ... ജോൺ എഫ് കെന്നഡിക്ക് അങ്ങനെ സംഭവിച്ചില്ലായിരുന്നുവെങ്കിൽ... നമ്മുടെ സമൂഹത്തിന്റെ തന്നെ ഭാവി മാറുകയില്ലായിരുന്നോ?

ജീവൻ അപഹരിച്ചതിന്റെ പേരിൽ കയ്പോടെയാണോ ജീവൻ നല്കിയതിന്റെ പേരിൽ മാധുര്യത്തോടെയാണോ നാളെ അനുസ്മരിക്കപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നത് എന്ന ആലോചന മാത്രം മതി മറ്റുള്ളവരുടെ ജീവനെടുക്കാനുള്ള നിങ്ങളുടെ പടപ്പുറപ്പാടുകൾക്കെല്ലാം പൂർണ്ണവിരാമം കുറിക്കാൻ.

വചനം മാംസമായി അവതരിച്ചു എന്നാണ് ക്രിസ്തുവിന്റ ജനനത്തെക്കുറിച്ചു പറയുന്നത്. ഇതിലെ മാംസം എന്ന അവസ്ഥാവിശേഷത്തിന് ഏറെ പ്രത്യേകതകളുണ്ട്. അവസാന അത്താഴമേശയിലേക്കു വളരുകയും അവിടെ പൂചൂടി വളരുകയും ചെയ്യുന്ന ഒരു വാക്യമാണിത്. ഇതെന്റെ ശരീരമാകുന്നുവെന്നും ഇത് വാങ്ങി ഭക്ഷിക്കുവിൻ എന്നുമായിരുന്നല്ലോ ക്രിസ്തുവിന്റെ സ്നേഹപൂർവ്വമായ ക്ഷണം. വചനം മാംസമായി അവതരിക്കുകയും പിന്നീട് വചനം സ്വശരീരരക്തങ്ങളായി പരിണമിക്കുകയും ചെയ്യുന്നു. മാംസം ശരീരമാണ്. അതിൽ ജീവനുണ്ട്. അതു മൃദുവാണ്.


മാംസളമായ ഹൃദയം എന്നൊരു പ്രയോഗമുണ്ട്. ബൈബിളിൽ അതേക്കുറിച്ചാണ് അനുബന്ധചിന്ത. ഹൃദയം മാംസളമല്ലെങ്കിൽ അത് കഠിനമാണ് എന്നാണർത്ഥം. ഹൃദയം കഠിനമാക്കുന്ന നിരവധി ഘടകങ്ങളുണ്ട്. സ്വാർത്ഥത, അസൂയ, കാപട്യം, നിഷേധമനോഭാവം, കലഹം, വിദ്വേഷം, പക, അപവാദങ്ങൾ... കൊടുംക്രൂരതയെന്ന് പറയുന്നവിധത്തിലുള്ളവ നാം ചെയ്യുന്നുണ്ടായിരിക്കില്ല. പക്ഷേ മേല്പ്പറഞ്ഞ വിധത്തിലുള്ളവ നമ്മുടെ ഹൃദയത്തെ കഠിനമാക്കുന്നില്ലേ? നിങ്ങൾക്കിനിയും ഒരാളോട് ക്ഷമിക്കാനുണ്ടെങ്കിൽ, അങ്ങനെയൊരു ആഗ്രഹമുണ്ടെങ്കിൽ ക്ഷമയുടെ കൃപയ്ക്കായി പ്രാർത്ഥിക്കുക. ഉള്ളിലെ പാരുഷ്യങ്ങളെ അടക്കിവച്ച് പുറമേയ്ക്ക് നിങ്ങളെന്തിന് ആ കൃപ കിട്ടാതെ പാൽപ്പുഞ്ചിരി തൂകണം? വികൃതമായ ചിരി ആത്മാവിന്റെ കറയാണ്.

ഈ ലോകത്തിലെ ഏറ്റവും വലിയ പാപത്തിന്റെ പേരാണ് കാപട്യം. യൂദാസ് കുറ്റക്കാരനായത് അയാൾ കാപട്യത്തോടെ ക്രിസ്തുവിനോട് പെരുമാറിയതു കൊണ്ടുകൂടിയാണ്. പുഞ്ചിരിയോടെ മറ്റൊരാളെ ഒറ്റിക്കൊടുത്തിട്ട് നിങ്ങളെന്തിന് മത്സ്യമാംസ വർജ്ജനങ്ങളോടെയുള്ള നോമ്പനുഷ്ഠിക്കണം? നിങ്ങളുടെ വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്. ഉപവാസത്തിന്റെ പേരിൽ മുഖം വരിഞ്ഞുമുറുക്കുകയും പ്രകടനപരതയുടെ ആഘോഷങ്ങളിൽ മുഴുകുകയും ചെയ്യുന്നവർക്കെതിരെ പഴയനിയമത്തിൽ നിന്ന് ഒരു പ്രവാചകശബ്ദം ഉയരുന്നത് കേൾക്കുന്നില്ലേ?

ഹൃദയത്തിന്റെ കാഠിന്യങ്ങളും പാരുഷ്യങ്ങളും മാറ്റിയെടുക്കുക. കാപട്യത്തിന്റെ വേഷപ്പകർച്ചകളെ ഉപേക്ഷിക്കുക. ആത്മാർത്ഥതയില്ലാതെ പുഞ്ചിരിക്കാതിരിക്കാനും സ്നേഹമില്ലാതെ ഇടപെടാതിരിക്കാനും സൗഹൃദമില്ലാതെ സംസാരിക്കാതിരിക്കാനും എനിക്ക് കഴിയണമേയെന്നാണ് എന്നത്തെയും എന്റെ നെടുവീർപ്പ്.

ദൈവത്തെ കാണിച്ചുകൊടുക്കുന്നവർക്കെല്ലാം വൈതരണികളുണ്ടാകും. തിരസ്ക്കരണങ്ങളുണ്ടാകും. അപമാനങ്ങളുണ്ടാകും. അത് ദൈവത്തിനുവേണ്ടിയാണെന്ന് തിരിച്ചറിവുണ്ടാകുമ്പോൾ അവർ ദൈവത്തിന് എതിരെ മാത്രമല്ല മനുഷ്യർക്കെതിരെ പോലും നാവുയർത്തുകയില്ല. കാരണം അവർക്കറിയാം ദൈവം അതനുവദിച്ചവയാണെന്ന്, സരളമായി വ്യാഖ്യാനിക്കാവുന്ന ഘടനയല്ല ദൈവത്തിന്റേതെന്ന്.

അതുകൊണ്ടാണ് കടന്നുപോയ വഴികളിലെ മുൾപ്പടർപ്പുകളിലൊന്നിനോടും ജോസഫും മേരിയും വെറുതെ പോലും പരിഭവിക്കാതിരുന്നത്. അതുകൊണ്ടാണ് ലോകത്തിലെ ആദ്യത്തെ മിഷനറിമാരായി ജോസഫും മേരിയും വാഴ്ത്തപ്പെടുന്നത്. ഇന്ന് സുവിശേഷംകൊണ്ട് ജീവിക്കുന്ന ഒരുപാടു പേരുണ്ട്. പക്ഷേ സുവിശേഷത്തിൽ ജീവിക്കുന്നവർ വളരെ കുറച്ചേയുള്ളൂ. സുവിശേഷത്തിൽ ജീവിക്കുന്നവർ വളരെ കുറച്ച് കാര്യങ്ങളേ ആവർത്തിക്കുകയുള്ളൂ

**ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി കാരയ്ക്കൽ**

ഫ്രാൻസീസ് മാർപാപ്പയെ പോലെ. അക്കൂട്ടത്തിൽ തീർച്ചയായും കരുണ, ലാളിത്യം, സ്നേഹം, തുറവി തുടങ്ങിയ വാക്കുകളുണ്ടായിരിക്കും.


അലങ്കാരങ്ങളുടെ തൊങ്ങലുകളും അധികാരത്തിന്റെ കിരീടങ്ങളും അഴിച്ചുവച്ചതിനുശേഷം മാത്രമേ ദൈവവുമായി മുഖാമുഖം കാണാൻ കഴിയൂ. മൂന്ന് രാജാക്കന്മാർ തന്നെ ഉദാഹരണം. അധികാരത്തിന്റെ സിംഹാസനങ്ങളിൽ വാണ ഹേറോദേസിന് ഉണ്ണിയേശുവിനെ കാണാൻ കഴിഞ്ഞില്ല. കാരണം ദൈവത്തെക്കാൾ വലുതായിരുന്നു അയാൾക്ക് അധികാരം. അതിന്റെ നിലനില്പ്പിനും സുസ്ഥിതിക്കും വേണ്ടി ജീവിച്ച അയാൾക്ക് ദൈവത്തെ കണ്ടുമുട്ടാൻ കഴിഞ്ഞില്ല.

അതുപോലെ ദൈവത്തെ കാണാൻ തടസ്സമായി നില്ക്കുന്ന ഒരുപാട് ഭൗതികസാഹചര്യങ്ങൾ നമ്മുടെ മുമ്പിലുണ്ട്. മുൾപ്പടർപ്പുകളിൽ ആളിക്കത്തുന്ന അഗ്നിയിൽ ദൈവത്തെ കാണാൻ മോശയ്ക്ക് ചെരിപ്പ് ഉപേക്ഷിക്കേണ്ടിവന്നു. മരുഭൂമിയിൽ നീരുറവ കാണാൻ ഹാഗാറിന് കണ്ണീരുതുടയ്ക്കേണ്ടിവന്നു. അമിതമായ സുരക്ഷിതത്വബോധവും അമിതമായ സങ്കടങ്ങളും ദൈവത്തെ കാണാൻ ചിലപ്പോൾ തടസം സൃഷ്ടിച്ചേക്കാം. ദൈവത്തെ മറ്റുള്ളവർക്ക് നല്കാൻ ശ്രമിക്കുന്നവരെല്ലാം ദൈവവുമായി കണ്ടുമുട്ടിയവരാണെന്നും കരുതരുത്. ദൈവത്തെ കാണാൻ കഴിയാതെയും ദൈവത്തിനുവേണ്ടി നിലയുറപ്പിക്കാൻ ശ്രമിച്ചുകൊണ്ട് ദൈവത്തിലേക്ക് അനേകർക്കുള്ള വഴി കാണിച്ചു കൊടുക്കുന്നവരാണവർ...

അന്ധകാരത്തിൽ കഴിഞ്ഞിരുന്നവർ ഒരു വെളിച്ചം കണ്ടു എന്നാണ് ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള ഒരു വിവരണം.

ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നുവെന്ന് ക്രിസ്തു തന്നെ പറയുന്നുമുണ്ട്. വെളിച്ചത്തിന് ഇതുപോലെ പ്രാധാന്യമുള്ള ഒരു ഉത്സവവും നമുക്കിടയിലില്ല. വെളിച്ചം എപ്പോഴും അന്ധകാരത്തെ ഇല്ലായ്മ ചെയ്യുന്നു. ജീവിതത്തിന്റെ മുമ്പോട്ടുള്ള ഗതികളെ നയിക്കുന്നു. കേവലം മാനുഷികാർത്ഥത്തിൽ തന്നെ നോക്കുകയാണെങ്കിലും ഒരു ശിശു നമ്മുടെ ജീവിതത്തിൽ വെളിച്ചം പകരുന്നുണ്ട്.

**ഉപകാരസ്മരണ**



**ശോഭന വെണ്ണിക്കുളം**

ഓരോ ശിശുവും ഈ ലോകത്തിലേക്കു വെളിച്ചവുമായാണ് കടന്നുവരുന്നത്. ശിശു അനേകം കാര്യങ്ങൾ നമ്മെ ജീവിതത്തിൽ പഠിപ്പിക്കുന്നുമുണ്ട്. എന്നിട്ടും ശിശുവിരുദ്ധമനോഭാവം നാം പലപ്പോഴും കൊണ്ടുനടക്കുന്നു എന്നതാണ് ഖേദകരം. ഗർഭച്ഛിദ്രം മാത്രമേ വലിയൊരു പാതകമായി നാം ധ്യാനവിചിന്തനമാക്കാറുള്ളൂ. പക്ഷേ തങ്ങളുടെ ഇഷ്ടത്തിനും താല്പര്യത്തിനും സമയത്തിനും അനുസരിച്ച് കുഞ്ഞുങ്ങൾ ജനിച്ചുകഴിഞ്ഞതിനുശേഷം ഇനിയൊരിക്കലും ഒരു കുഞ്ഞ് ജനിക്കാതിരിക്കത്തക്കസാഹചര്യങ്ങൾ ദമ്പതിമാർ സ്വശരീരത്തിൽ ഏർപ്പെടുത്തുന്നതിനെ നാം ഗൗരവതരമായി കാണുന്നതേയില്ല.

ഞങ്ങൾക്ക് ഇത്ര കുഞ്ഞുങ്ങൾ മതിയെന്നു ദമ്പതികൾ തീരുമാനിക്കുന്നു. അതിനെ പഴിക്കുന്നില്ല. അതവരുടെ തീരുമാനം. കുടുംബസാമ്പത്തികപശ്ചാത്തലം. പക്ഷേ ഇനി കുഞ്ഞുണ്ടാവാതിരിക്കാനായി ദൈവം ജനനപ്രക്രിയയ്ക്കായി നല്കിയിരിക്കുന്ന ദാനത്തെ സ്ഥിരമോ കൃത്രിമമോ ആയ ഗർഭനിരോധനമാർഗ്ഗങ്ങൾ വഴി നിഷേധിക്കുന്നതോ? തന്റെ സഹോദരനുവേണ്ടി സന്താനങ്ങളെ ഉത്പാദിപ്പിക്കാതിരിക്കാൻ സഹോദരഭാര്യയുമായി ചേർന്നപ്പോൾ ബീജം നിലത്തുവീഴ്ത്തിക്കളഞ്ഞ ഓനാനെക്കുറിച്ച് ഉത്പത്തി 38-ൽ പറയുന്നുണ്ട്. അവൻ ചെയ്തത് കർത്താവിന് അനിഷ്ടകരമായിരുന്നുവെന്നും തുടർന്നു പറയുന്നു. അങ്ങനെയെങ്കിൽ ഗർഭനിരോധനമാർഗ്ഗങ്ങളിലൂടെ കുഞ്ഞുങ്ങളുടെ ജനനം തടസ്സപ്പെടുത്തുന്ന അനേകരുടെ പ്രവൃത്തികൾ ദൈവത്തിന് തൃപ്തികരമായിരിക്കുമോ? കുഞ്ഞുങ്ങൾ ജനിക്കുന്നത് സ്വന്തം കഴിവിലാണെന്ന് മിഥ്യാധാരണയുള്ളവർ മാത്രമേ അത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കുകയുള്ളൂ. ദൈവം മനസ്സാകാതെ ഇവിടെ ആർക്കും കുഞ്ഞുങ്ങളുണ്ടാകുന്നില്ല.

പരിചയമുള്ള ഒരാൾ, അദ്ദേഹത്തിന്റെ ഇളയ കുട്ടി പ്ലസ് ടു പഠിക്കുന്നു. ഇപ്പോൾ അയാളുടെ ഭാര്യ മൂന്നാമത് ഗർഭിണിയായിരിക്കുന്നു. പതിനാറ് വർഷങ്ങൾക്കുശേഷം... ഇത് ദൈവത്തിന്റെ പദ്ധതിയല്ലാതെ മറ്റെന്താണ്? ഒരുപാട് കാര്യങ്ങൾ ഈ സംഭവവുമായി ബന്ധപ്പെടുത്തി നാം ചിന്തിക്കേണ്ടതുണ്ട്. ദൈവം ഒരു കുഞ്ഞിന്റെ ജനനത്തിനുവേണ്ടി ചില സമയം, സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. ദൈവം തിരുമനസ്സാകാതെ ഇവിടെ ആർക്കും കുഞ്ഞുങ്ങൾ ജനിക്കുന്നുമില്ല. ദൈവത്തെക്കുറിച്ച് അങ്ങനെയൊരു വിശ്വാസമില്ലാത്തതുകൊണ്ടാണ് പലരും കൃത്രിമമാർഗ്ഗങ്ങളിലൂടെ കുഞ്ഞുങ്ങളുടെ ജനനം നിഷേധിക്കുന്നത്.

ദൈവത്തെ കണ്ടുമുട്ടുന്ന അവസരമാണ് ക്രിസ്മസ് എന്നാണല്ലോ പറഞ്ഞുതുടങ്ങിയത്. ദൈവത്തെ ഏതവസ്ഥയിൽ, എപ്പോൾ കണ്ടുമുട്ടാൻ നിനക്കു സാധിക്കുന്നുവോ അതാണ് നിന്റെ ക്രിസ്മസ്. അതുകൊണ്ട് ഏതെങ്കിലും ഒരു ദിവസത്തിൽ മാത്രമായി നാം അതിനെ ചുരുക്കരുത്. ആ ദിവസം ഒരോർമ്മപ്പെടുത്തൽ മാത്രമാണ്. ജീവിതത്തിന്റെ ഏതു നിമിഷവും ഏത് അവസ്ഥയിലും ക്രിസ്തുവിനെ കണ്ടുമുട്ടാൻ സാധ്യതയുണ്ട്. ഒരപ്രതീക്ഷിത സംഭവത്തിലൂടെ... തീർത്തും പ്രതീക്ഷിക്കാത്ത വ്യക്തിയിലൂടെ... ജീവിതമെന്നും ക്രിസ്മസ് ആയിരുന്നുവെങ്കിൽ...

*കടപ്പാട് : വിമല ബുക്സ്*




റവ. ഫാ. സാജൻ റ്റി. ജോൺ

അനുസ്മരണം

# കോറൂസോ ദശ്റോറോ - സത്യത്തിന്റെ പ്രസംഗകൻ

## ആർച്ച് കോർ എപ്പിസ്ക്കോപ്പ കുര്യൻ കണിയാമ്പറമ്പിൽ

"ഈ കഴുതയെ കർത്താവിന് ആവശ്യമുണ്ട് ഞാൻ ഒരിക്കൽ മാത്രമേ ഈ ലോകത്തിലൂടെ കടന്നുപോകൂ. എനിക്കു ചെയ്യുവാൻ കഴിയുന്ന ജോലികൾ ഞാൻ ഇപ്പോൾ തന്നെ ചെയ്യട്ടെ. അത് വേണ്ടെന്നു വയ്ക്കുവാനോ നീട്ടിവയ്ക്കുവാനോ എനിക്ക് അവകാശമില്ല, കാരണം ഞാൻ ഈ വഴി വീണ്ടും വരികയില്ല."



വന്ദ്യ കണിയാമ്പറമ്പിൽ അച്ചന്റെ സ്വീകരണമുറിയിൽ എഴുതിവച്ചിരിക്കുന്ന രണ്ട് വാക്യങ്ങളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. ഇത് തന്റെ ജീവിതചര്യയായി അച്ചൻ കാത്തുസൂക്ഷിച്ചു.

എറണാകുളം ജില്ലയിൽ കാഞ്ഞിരമറ്റത്ത് 1913- ഫെബ്രുവരി 27 ന് ജനിച്ച അച്ചൻ 12-ാം വയസ്സിൽ ശെമ്മാശ്ശനായി. 19-ാം വയസ്സിൽ കശ്ശീശയായ അച്ചൻ 37-ാം വയസ്സിൽ കോർഎപ്പിസ്കോപ്പയായി ഉയർത്തപ്പെട്ടു. 100-ാമത്തെ വയസ്സിൽ വിവാഹിതപട്ടക്കാർക്ക് ലഭിക്കാവുന്ന പരമോന്നതസ്ഥാനമായ ആർച്ച് കോർഎപ്പിസ്കോപ്പാ പദവിയിലേക്ക് ഉയർത്തപ്പെട്ടു. തന്റെ 103-ാമത്തെ വയസ്സിൽ ദൈവസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. ഒട്ടനവധി പുരസ്ക്കാരങ്ങളും ബഹുമതികളും നേടുവാൻ അദ്ദേഹത്തിന് സാധിച്ചു.

**സുറിയാനി ഭാഷാ സ്നേഹി:-** അദ്ദേഹം സുറിയാനി ഭാഷയിൽ അഗാധപാണ്ഡിത്യം നേടിയിരുന്നു. കേരളത്തിൽ സഭാവ്യത്യാസമെന്യേ അനേകം വ്യക്തികൾക്ക് സുറിയാനി ഭാഷാ അദ്ധ്യാപകനായിരുന്നു ബഹുമാനപ്പെട്ട അച്ചൻ.

**ഗുരുഭക്തി:-** കോടനാട് സീയോൻ ആശ്രമത്തിലെ ഔഗേൻ റമ്പാന്റെ ശിഷ്യനായി വൈദികപഠനം ആരംഭിച്ച അന്നുമുതൽ അവസാനശ്വാസംവരെയും തന്റെ ഗുരുഭക്തിയിൽ ഒന്നാമനായിരുന്നു. ഗുരുവും ശിഷ്യനും പിൽക്കാലത്ത് ഇരുസഭകളുടെ നേതാക്കളായിരുന്നപ്പോഴും ഗുരുത്വം മറന്ന് അച്ചൻ പ്രവർത്തിച്ചിട്ടില്ല. ഗുരു ദിവംഗതനായ ശേഷം താൻ ഏത്

പുസ്തകം രചിച്ചാലും അത് തന്റെ ഗുരുവിന്റെ കബ റിടത്തിൽ സമർപ്പിക്കുമായിരുന്നു.

**താലന്തുകളെ ശരിയായി കൈകാര്യം ചെയ്തു:-** തന്റെ അടുക്കൽ വരുന്ന എല്ലാ വൈദീകരോടും ദൈവം നൽകിയ താലന്തുകളെ ശരിയായി ഉപയോഗിക്കാൻ അച്ചൻ ഉപദേശിക്കുമായിരുന്നു. അല്ലെങ്കിൽ 'ദുഷ്ടദാസാ' എന്ന വിളികേൾക്കാൻ ഇടയാകും എന്ന് അദ്ദേഹം ഓർമിപ്പിക്കുമായിരുന്നു. കുപ്പായം ഇട്ടാൽ മാത്രം അച്ചനാകുകയില്ല. ദൈവത്തിനുവേണ്ടിയും സഭയ്ക്കു വേണ്ടിയും എന്തെങ്കിലും ഒക്കെ ചെയ്യണമെന്ന് അച്ചൻ ഉപദേശിക്കുമായിരുന്നു. തന്റെ ഏറിയ വാർദ്ധക്യത്തിലും കഴിവിന്റെ പരമാവധി ശ്രദ്ധിച്ച സംഗതിയും ഇതുതന്നെ ആയിരുന്നു.

**വൈകല്യങ്ങളെ നന്മയായി കാണുന്നു:-** ഏകദേശം 15 വർഷത്തോളമായി അച്ചന് കേൾവി ശക്തി കുറവായിരുന്നു; അച്ചൻ അത് നന്മയായി കണ്ടു. ശബ്ദമുഖരിതമായ തിരുവല്ലപട്ടണത്തിന്റെ മദ്ധ്യത്തിൽ താമസിക്കുന്ന അദ്ദേഹം തന്റെ കേൾവിക്കുറവ് അനുഗ്രഹമായി കരുതി. തന്റെ ചിന്തകൾക്കും പുസ്തകരചനകൾക്കും ശബ്ദകോലാഹലം തടസ്സമാകാതിരിക്കാൻ ദൈവം തനിക്കു നൽകിയ അനുഗ്രഹമാണ് കേൾവിക്കുറവ് എന്ന് പലപ്പോഴും അച്ചൻ എന്നോട് പറഞ്ഞിട്ടുണ്ട്. ഭക്ഷണം കഴിക്കുമ്പോൾ അച്ചന്റെ കൈകൾ ശക്തമായി വിറയ്ക്കുമായിരുന്നു. എന്നാൽ എഴുതാൻ പേന എടുത്താൽ കൈവിറയൽ ഇല്ലാതാകുന്നു എന്നും അച്ചൻ സാക്ഷിച്ചിട്ടുണ്ട്.

**സഭാഭേദമെന്യേ എല്ലാവരുടെയും മല്പാൻ:-** യാക്കോബായ സഭയിൽ മാത്രമല്ല കേരളത്തിലുള്ള എല്ലാ എപ്പിസ്കോപ്പൽസഭകളിലേയും ബിഷപ്പുമാർ, വൈദീകർ, അത്മായർ എന്നിവർ അച്ചന്റെ ശിഷ്യന്മാരായി ഉണ്ടായിരുന്നു. തന്റെ എല്ലാ ശിഷ്യന്മാരും തന്നെക്കാൾ പ്രഗത്ഭരാകണം എന്ന് അച്ചൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭ തിരുവല്ലാ അതിരൂപതയിലെ അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവും അഭി. കൂറിലോസ് പിതാവും അച്ചന്റെ വളരെഅടുത്ത സ്നേഹിതനാണ്. രൂപതയിലെ വൈദീകരും കന്യാസ്ത്രീകളും അത്മായരും അച്ചനുമായി നല്ലബന്ധം പുലർത്തിയിരുന്നു. കേരളത്തിൽ മാത്രമല്ല, ലോകം മുഴുവനും അച്ചന്റെ ശിഷ്യഗണങ്ങൾ ഉണ്ട് എന്ന് നിസംശയം പറയാം.

വശ്യമായ പെരുമാറ്റം, കൃത്രിമത്വമില്ലാത്ത ശൈലി, ശൈശവതുല്യമായ നിഷ്ക്കളങ്കത, ഏവരെയും ആദരിക്കുന്ന മനോഭാവം, പാണ്ഡിത്യഗർവ്വില്ലാത്ത പണ്ഡിതശ്രേഷ്ഠൻ, അതിഥിസൽക്കാരപ്രിയൻ തുടങ്ങി അച്ചനെക്കുറിച്ച് പറയുവാൻ അനവധി സംഗതികൾ ഉണ്ട്. അച്ചന്റെ പ്രാർത്ഥനാനിരതമായ ജീവിതശൈലിയും വിശ്വാസതീക്ഷ്ണതയും നമുക്ക് മാതൃകയാണ്. നമുക്ക് ഈ ഭൂമിയിൽ ഒരു ജീവിതം മാത്രമേ ഉള്ളു. അതുകൊണ്ട് സഭയ്ക്കും സമൂഹത്തിനും പ്രയോജനകരമായ എന്തെങ്കിലുമൊക്കെ ചെയ്യണം ഇതായിരുന്നു അച്ചന്റെ ജീവിതമുദ്രാവാക്യം. ●


# അമ്മയുടെ അവസാന വാക്ക്

**അഞ്ജു**

മകനേ നീ എനിക്കായി പാടുമോ
ഒരു മരണ ഗീതം?
നിൻ സ്വാർത്ഥമാം വാൾതലയേറ്റ്
ഇറ്റുവീണയെൻ നിണത്തിൽ
താളലയ, ചുവടുകൾ ചേർത്ത്
ആടുമോ നീ എനിക്കൊരു നൃത്തരൂപം?

ചേതനയറ്റ എൻ ചില്ലകളാലൊരുക്കുമോ
നീ എനിക്കൊരു മരണമഞ്ചൽ?
പാലൂട്ടിയ തായ്‌വേരിലലിഞ്ഞൊരു
ധൂളിയായ് മറയാൻ
അണയ്ക്കൂ, നീ വേഗം എന്നിലെ
ജീവനാളം.

ഒരപേക്ഷമാത്രം:
ഇനിയും നിൻ വിലയേറിയ കലണ്ടർ ദിനങ്ങളിൽ
പരിസ്ഥിതി ദിനമാചരിച്ചും അനുസ്മരിച്ചും
ആക്ഷേപിക്കുതെന്നെ.




**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, പായിപ്പാട്**

**പ്രശസ്തരായ വ്യക്തികളെയും അവരുടെ സംഭാവനകളെയും പരിചയപ്പെടുത്തുന്ന പുതിയ പംക്തി**






# ആംഗസ് ഡീറ്റൻ

**(സാമ്പത്തിക ശാസ്ത്രജ്ഞൻ)**


"Inequality is often the consequence of progress"
**- ആംഗസ് ഡീറ്റൻ**



**ഫാ. എൽദോ മോഴശേരിൽ**

വിഖ്യാത തത്വചിന്തകനായ ലുഡ്വിഗ് വിറ്റ്ഗെൻസ്റ്റൈന്റെ വാക്കുകൾ തുടക്കത്തിൽ തന്നെ കടം എടുക്കുകയാണ്. “നമ്മൾ വ്യത്യസ്തമായ ഭാഷയാണ് സംസാരിക്കുന്നതെങ്കിൽ നമ്മൾ വ്യത്യസ്തമായ ഒരു ലോകത്തെയായിരിക്കും ദർശിക്കുക.” ഈ ലോകത്തിൽ പല മേഖല കളിലും അവരുടേതായ വ്യക്തിമുദ്ര പതിപ്പിച്ചവരെ, ലോകത്തിന് പല സംഭാവനകളും നൽകിയവരെ, പരിചയപ്പെടുവാനുള്ള വേദിയാണ് ഈ പുതിയ പംക്തി. ഈ ലോകത്തെ വ്യത്യസ്തമായി നോക്കിക്കാണാൻ ശ്രമിച്ച മഹാരഥന്മാരെ പരിചയപ്പെടുവാനും അവർ സംസാരിക്കുന്ന ഭാഷ എപ്രകാരമാണ് നമ്മുടെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും മതപരവുമായ സംവിധാനങ്ങളെ സ്വാധീനിച്ചത് എന്ന് മന സ്സിലാക്കുവാനും നമ്മുടെ പരിമിതമായ അറിവിൽ ലോകത്തിന് അവർ നൽകിയ സംഭാവനകളെ മനസ്സിലാക്കുവാനുള്ള എളിയ ശ്രമമാണ് ഈ ലേഖനപരമ്പരയിൽ ശ്രമിക്കുന്നത്.

അടിസ്ഥാന സാമ്പത്തിക സൂചകങ്ങളായ ഉപഭോഗം (consumption), ദാരിദ്ര്യം (poverty), ക്ഷേമം (welfare) എന്നിവയുടെ അപഗ്രഥനം വസ്തുനിഷ്ഠമായും കൃത്യതയോടും നടത്തിയ ആംഗസ് ഡീറ്റനാണ് ഇത്തവണത്തെ സാമ്പത്തിക നോബേൽ പുരസ്കാരം നേടിയത്. സർക്കാരിന്റെ സാമ്പത്തികനയം രൂപപ്പെടുത്തുന്നതിനും ക്ഷേമപദ്ധ തികളിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനം ചെയ്യാനും, വ്യക്തിഗതഉപഭോഗം എങ്ങനെയാണ് സമഗ്ര ഉപഭോഗരീതികളെ സ്വാധീനിക്കുന്നത് എന്നി വയെക്കുറിച്ച് അപഗ്രഥിച്ച് വിവരങ്ങൾ കൃത്യമായി അവതരിപ്പിക്കാൻ ഡീറ്റന് സാധിച്ചു.



അദ്ദേഹത്തെ സാമ്പത്തിക മേഖലയിലെ ഏതെങ്കിലും ഒരു ശാഖ യിൽ ഒതുക്കി നിർത്താൻ കഴിയുകയില്ല. അദ്ദേഹത്തിന്റെ ഗവേഷണ ത്തിന്റെയും പഠനത്തിന്റെയും ഫലമായി സാമ്പത്തികതലങ്ങളിൽ

സൂക്ഷ്മ (micro) – സ്ഥൂല (macro) സാമ്പത്തിക ശാസ്ത്രത്തെ, വികസനോന്മുഖ സാമ്പത്തിക ശാസ്ത്രത്തെ (development) തുടങ്ങി നിരവധിയായ സാമ്പത്തിക ശാഖകളെ നിർണായകമായവിധത്തിൽ സ്വാധീനിക്കുവാനും തന്റേതായ ശൈലിയിൽ സാമ്പത്തിക വിഷയങ്ങളെ അവതരിപ്പിക്കുവാനും സംഭാവനകൾ നൽകുവാനും ഡീറ്റന് സാധിച്ചു.

സമകാലിക ധനശാസ്ത്രചിന്തകന്മാരിൽനിന്നും ഡീറ്റൻ എന്ന ചിന്തകനെ വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ പാവങ്ങളെക്കുറിച്ചുള്ള ചിന്തയും എങ്ങനെ സർക്കാരുകൾക്ക് കാര്യക്ഷമമായ നയങ്ങൾ രൂപീകരിക്കാം എന്ന ബോദ്ധ്യവുമാണ്. പലപ്പോഴും വികസനത്തിന്റെ ഇരകൾ പാവങ്ങളാണ്. ലോകത്തിന്റെ രീതി അനുസരിച്ച് വികസനത്തിൽ വിസ്മരിക്കപ്പെടുന്നതും പാവപ്പെട്ടവർ! അമർത്യാസെൻ എന്ന സാമ്പത്തിക ചിന്തകന്റെ പുതിയ ഗ്രന്ഥം 'The Country of First Boys' ചർച്ച ചെയ്യുന്നതും പാവപ്പെട്ടവരെക്കുറിച്ച് തന്നെ. നമ്മുടെ ക്ലാസ്സ് റൂം മുതൽ സർക്കാർ സംവിധാനത്തിന്റെ ഉച്ചകോടിവരെ നോക്കിയാൽ ജയിച്ചവർക്കാണ് പ്രാധാന്യം. പരാജയപ്പെട്ടവന് പിന്നീട് ആ കഥയിൽ സ്ഥാനമില്ല. ദരിദ്രർ പിന്നെയും ദരിദ്രരായി തീരുന്ന അവസ്ഥ. അവസരങ്ങളും അവകാശങ്ങളും അന്യമായി പോകുകയാണ് അവർക്ക്. "Our children remain in the dire state in which they are mainly because of the lack of political and social engagement, not because of the lack of resources" (The country of first boys - Amartya Sen P. 97) വിഭവങ്ങൾ ഇല്ലാത്തതല്ല ദാരിദ്ര്യത്തിനു കാരണം. രാഷ്ട്രീയപരവും സാമൂഹികപരവുമായ ഇടപെടലിന്റെ അഭാവമാണ്. ശരിയായ നയങ്ങൾ പഠിക്കാനോ, പ്രാബല്യത്തിൽ കൊണ്ടുവരാനോ നമ്മുടെ സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് വാസ്തവം. സർക്കാരുകൾ നിരത്തുന്ന സ്ഥിതിവിവരക്കണക്കുകളിലുള്ള വിശ്വാസം ഇന്ന് കുറഞ്ഞിരിക്കുകയാണ്. നേരില്ലാത്ത കണക്കുകൾ നിരത്തി സർക്കാരുകൾ രക്ഷപെടാനുള്ള നയങ്ങൾ മാത്രമാണ് രൂപപ്പെടുത്തുന്നത്. ഇവിടെയാണ് ആംഗസ് ഡീറ്റൻ എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ പഠനങ്ങളും ഗവേഷണങ്ങളും നമുക്ക് ഉപയോഗപ്രദമാകുന്നത്. ഡീറ്റൻ തന്റെ സാമ്പത്തിക ചിന്തകൾക്ക് രൂപം നൽകിയത് മുഖ്യമായും പാവങ്ങളെ തന്റെ പഠനത്തിന് വിഷയമാക്കിയാണ്. മുഖ്യമായും ഇന്ത്യയെയാണ് തന്റെ പഠനങ്ങൾക്ക് അദ്ദേഹം വിഷയമാക്കിയത്. അമർത്യസെന്നിന്റെ സ്വാധീനം ഡീറ്റനിൽ പ്രകടമാണ്. പാവങ്ങളെക്കുറിച്ചുള്ള കരുതലാണ് ഈ സാമ്പത്തികതലങ്ങളിൽ ഗവേഷണം നടത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ഘടകം.

ഗവേഷണ രംഗങ്ങളിൽ ഉള്ളവർ പഠനത്തിന് മാത്രം വിഷയമാക്കി വിസ്മരിച്ചുകളയുന്ന സ്വാഭാവം ഡീറ്റന് ഇല്ല എന്നതാണ് അദ്ദേഹത്തെ മറ്റ് സാമ്പത്തിക ശാസ്ത്രജ്ഞന്മാരിൽനിന്നു വ്യത്യസ്തനാക്കുന്നത്.

സർക്കാർ ഒരു രൂപയ്ക്ക് അരി കൊടുക്കുന്നു എന്നു കേട്ടപ്പോൾ എല്ലാവരും സന്തോഷിച്ചു. സർക്കാരിന്റെ ഉദാരമായ പ്രവർത്തിയായി നമ്മൾ കണ്ടു. സത്യത്തിൽ സർക്കാർ ജനപ്രീതി പിടിച്ചുപറ്റാൻ ശ്രമിച്ച ഒരു നീക്കമായിരുന്നു അത്. പാവപ്പെട്ട ഉപഭോക്താവിനെ സന്തോഷിപ്പിക്കാനല്ല പിന്നെയോ വൻകിട കർഷകർക്ക് സർക്കാർ ഖജനാവിൽനിന്ന് പണം എടുത്ത് കർഷകരിൽ നിന്ന് അരി വാങ്ങി. ഇന്നീ അരി സൂക്ഷിക്കാൻ ഭക്ഷണ സംരക്ഷണ കേന്ദ്രങ്ങൾ പണിഞ്ഞു തീർക്കുകയാണ്. അത് സാധാരണ ജനങ്ങളിലേക്ക് എത്തിക്കുവാൻ സർക്കാരിന് സാധിച്ചിട്ടില്ല.

".... India has continued to amass extra ordinarily large stocks of food grains in the central government's reserve. In 1998 the stock was around 18 million tons, which is just around the official 'buffer stock' norms that are adequate for protecting India from the vicissitudes of nature. However, since then the stocks have climbed and climbed, hovering between 50 to 70 million food enough to fill sacks of grain that would stretch more than one million kilometers, taking us to the moon and back, and then some more. The stocks excel 1 ton of food grains for every family "below the poverty line. There is, of course, no plan to give it to them" (The country of the First Boys P.98, Amartya Sen)

ഡീറ്റൻ ഏറ്റവും പ്രാധാന്യം നൽകിയ മേഖല വിദ്യാഭ്യാസത്തിനും ആരോഗ്യരംഗത്തിനുമാണ്. ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ വികസനത്തിന് ഏറ്റവും കൂടുതൽ ബലം നൽകുന്നത് വിദ്യാഭ്യാസരംഗത്തെ മുന്നേറ്റവും ആരോഗ്യരംഗത്തെ വളർച്ചയുമാണ്. അമർത്യസെന്നി ശേഷം ആരോഗ്യമേഖലയിലെ ധനശാസ്ത്രപരമായ സമീപനങ്ങളെ വളരെ ഗൗരവത്തോടെ കാണാനും പഠിക്കാനും അവതരിപ്പിക്കാനും ഡീറ്റന് കഴിഞ്ഞു. അമർത്യസെൻ തന്റെ പുതിയ ഗ്രന്ഥം സമർപ്പിക്കുന്നത് "To school teachers and Health workers (The country of First Boys) എന്നാണ്.

ആംഗസ് ഡീറ്റന് പാവങ്ങളുടെ ധനശാസ്ത്രജ്ഞൻ എന്ന പേരാണ് കൂടുതൽ യോജിക്കുന്നത്. ഡീറ്റൻ ദാരിദ്ര്യത്തെ അളക്കുന്ന പ്രവർത്തനരീതി വികസിപ്പിച്ച് എടുത്തു. കൂടാതെ ഡീറ്റൻ പാരഡോക്സ് (Deaton Paradox) എന്ന നാമത്തിൽ അദ്ദേഹം രൂപീകരിച്ച സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി നടത്തിയ നിരീക്ഷണങ്ങൾ വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉപഭോഗരീതിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ സഹായിക്കുന്നതായി കാണുന്നതായി കാണുന്നു. അദ്ദേഹം ഗാർഹിക സാമ്പത്തിക സ്വഭാവ പ്രവണതകളെയും അപഗ്രഥിച്ച് ആഗോളതലത്തിലുള്ള സാമ്പത്തിക ക്രമങ്ങളെ മനസ്സിലാക്കുവാനും ശ്രമിച്ചു.

അദ്ദേഹത്തിന്റെ സംഭാവനകൾ എത്ര വലുതാണ് എന്ന് വരുന്ന തലമുറകൾ മനസ്സിലാക്കുവാൻ പോകുന്നതേയുള്ളൂ. സാമ്പത്തികശാസ്ത്ര മേഖലയ്ക്ക് ലഭിച്ച അനുഗ്രഹമാണ് ആംഗസ് ഡീറ്റൻ. പാവങ്ങളുടെ പക്ഷം ചേരുന്ന പാവങ്ങളുടെ ധനശാസ്ത്രചിന്തകൻ. ●



# കാൻസറിന്റെ ലക്ഷണങ്ങൾ യുവാക്കളിൽ

മുൻ കാലങ്ങളെ അപേക്ഷിച്ച് കാൻസർ കേസുകളുടെ എണ്ണം വളരെ കൂടുതലായാണ് റിപ്പോർട്ടു ചെയ്യപ്പെടുന്നത്. കാൻസർ ഇരകളിൽ കൂടുതലും യുവാക്കളെന്നതും വരാനിരിക്കുന്ന ദുരന്തത്തിന്റെ ലക്ഷണമായാണ് വിലയിരുത്തപ്പെടുന്നത്. ജീവിതശൈലിയാണ് ഈ മാരകരോഗത്തിന്റെ പ്രധാന കാരണം. ഇതിനോടകം 200 ൽ അധികം കാൻസറുകൾ വൈദ്യശാസ്ത്രം കണ്ടെത്തിക്കഴിഞ്ഞു.

പലപ്പോഴും വൈകി കണ്ടെത്തുന്നതാണ് രോഗത്തിന്റെ തീവ്രത വർദ്ധിക്കാൻ കാരണം. എന്നാൽ അല്പം ഒന്നു ശ്രദ്ധിച്ചാൽ നിങ്ങൾക്ക് കാൻസറിന്റെ സാദ്ധ്യതകൾ മുൻകൂട്ടി തിരിച്ചറിയാൻ സാധിക്കും. ഇങ്ങനെ തിരിച്ചറിഞ്ഞാൽ കാൻസറിന്റെ തീവ്രത കുറയ്ക്കാനും ഫലപ്രദമായി നിയന്ത്രിക്കുവാനും കഴിയും. ഈ ലക്ഷണങ്ങൾ കണ്ടാൽ അവഗണിക്കാതിരിക്കുക. എത്രയും വേഗം ഡോക്ടറെ കാണുക. ഇവ കാൻസറിന്റെ ലക്ഷണങ്ങളാകാം.


1. വേദനസംഹാരികൾ കഴിച്ചിട്ടും മാറാത്ത വേദന കാൻസറിന്റെ ലക്ഷണമാണ്.
2. ശരീരത്തിൽ അനാവശ്യമായി വരുന്ന മുഴകൾ നിസാരമായി കാണരുത്. ഇവയും കാൻസറിന്റെ ലക്ഷണമാകാം.
3. ക്ഷീണവും തളർച്ചയും പതിവായി വരുന്നുണ്ടോ? എങ്കിൽ ഒന്ന് ശ്രദ്ധിക്കൂ.
4. ശരീരഭാരം അസാധാരണമായി കുറയുന്നുണ്ടെങ്കിൽ എത്രയും വേഗം വൈദ്യസഹായം തേടുക.
5. ശരീരത്തിൽ ഉണ്ടായിരുന്ന മറുകുകളുടെ നിറവും വലിപ്പവും വ്യത്യാസപ്പെട്ടാൽ ഒട്ടും വൈകാതെ ഡോക്ടറെ കാണുക. ഒപ്പം പുതിയ മറുകുകൾ വരുന്നതും ശ്രദ്ധിക്കണം.
6. രാത്രിയിൽ അസാധാരണമായി വിയർക്കുന്നുണ്ടെങ്കിൽ എത്രയും വേഗം ഡോക്ടറെ കാണുക.
7. കഫത്തിൽ രക്തം കണ്ടാൽ ഡോക്ടറുടെ സഹായം തേടുക. ഇതും വരാനിരിക്കുന്ന കാൻസറിന്റെ ലക്ഷണമാകാം.
8. ശബ്ദത്തിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം അവഗണിക്കാതിരിക്കുക.
9. അകാരണമായ ശ്വാസതടസം പതിവായി അനുഭവപ്പെട്ടാൽ വൈദ്യസഹായം തേടുക.
10. വിട്ടുമാറാത്ത പനി കാൻസറിന്റെ ആദ്യകാല ലക്ഷണമാണ്.
11. തൊലിയിലുണ്ടാകുന്ന നിറംമാറ്റം, ചൊറിച്ചിൽ, അനാവശ്യമായ രോമവളർച്ച എന്നിവ ശ്രദ്ധിക്കുക. എത്രയും വേഗം ഡോക്ടറുടെ സഹായം തേടുക.

ഈ ലക്ഷണങ്ങൾ ഒരിക്കലും നിസാരമായി കാണരുത്. ഒപ്പം ഇവ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം വൈദ്യസഹായം തേടുകയും വേണം.


(കടപ്പാട് : കമലദളം)



അനുസ്മരണം



# ഞാനറിയുന്ന
# ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചൻ



**ഫാ. ചെറിയാൻ താഴമൺ**

(സി.ഇ.ഒ. ദീപിക)

### അല്പം ചരിത്രം

ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചന്റെ ജീവിതനാൾവഴികളിലൂടെ ഒരു ഓട്ടപ്രദക്ഷിണത്തോടെ ആരംഭിക്കാം. ഇന്നും ഗ്രാമീണ ജീവിതത്തിന്റെ സൗന്ദര്യവും സൗരഭ്യവും നൈർമല്യവും സൗഹാർദവും മൈത്രിയും നിറഞ്ഞുനിൽക്കുന്ന അയിരൂർ ഗ്രാമത്തിലെ പുരാതന ക്രൈസ്തവതറവാടായ തായില്ലം കുടുംബത്തിന്റെ തെങ്ങുംതോട്ടത്തിൽ ശാഖയിൽ മംഗലത്തുകുളം ഉപശാഖയിൽ ചെമ്പൻമുഖം തെങ്ങുംതോട്ടത്തിൽ തെക്കേവീട്ടിൽ സൈമണിന്റെയും അന്നമ്മയുടെയും ദ്വിതീയപുത്രൻ. ജനനം 1937 ഡിസംബർ 30-ന്. ജ്ഞാനസ്നാനം ഓർത്തഡോക്സ് സുറിയാനി സഭയിൽ. പുനരൈക്യം 1957 മേയ് മാസം രണ്ടാം തീയതി സഭാപിതാവായ മാർ അത്തനാസിയോസിന്റെ തിരുനാൾ ദിവസം. വൈദികപരിശീലനാരംഭം 1957 ജൂണിൽ. പ്രാഥമിക വൈദികപഠനം തിരുവല്ല മൈനർ സെമിനാരിയിൽ. തത്വശാസ്ത്ര ദൈവശാസ്ത്രപഠനങ്ങൾ തൃശ്ശിനാപ്പള്ളി സെന്റ് പോൾസ് സെമിനാരിയിൽ ഈശോസഭാ വൈദികരുടെ ശിക്ഷണത്തിൽ. വൈദികാഭിഷേകം 1966 ഡിസംബർ പത്താം തീയതി മാർ ബഹനാൻ സഹദായുടെയും സഹോദരി സാറായുടെയും നാല്പത് സഹദേന്മാരുടെയും തിരുനാൾ ദിവസം തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് സഖറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പാൽ. പ്രഥമദിവ്യബലിയർപ്പണം 1966 ഡിസംബർ 12-ാം തീയതി കളമ്പാല സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ. വൈദികപഠനം പൂർത്തിയാക്കി രൂപതയിൽ തിരികെയെത്തിയത് 1967 മാർച്ച് മാസം 24-ാം തീയതി.

ഇന്നത്തെ ബത്തേരി രൂപതയിൽ ഉൾപ്പെടുന്ന ഇട വകകളായിരുന്നു അജപാലന ശുശ്രൂഷയുടെ ആരംഭം. പുൽപ്പള്ളി സെന്റ് ജോർജ് 1967 മുതൽ 1968 വരെ, നിലമ്പൂർ സെന്റ് ജോസഫ്, കരുളായി 1968 ഏപ്രിൽ മുതൽ 1974 വരെ, രാമക്കൽമേട്, കൂട്ടാർ 1974 മുതൽ 1980 വരെ, 1976- ൽ ബാലഗ്രാം ഇടവകയുടെ അധികച്ചുമതലയും വഹിച്ചു. ചക്കു പള്ളം, നെറ്റിത്തൊഴു 1980 മുതൽ 1982 വരെ, മുക്കൂട്ടുതറ, ഇടത്തിക്കാവ് 1982 മുതൽ 1984 വരെ അയിരൂർ, കാഞ്ഞീറ്റുകര 1984 മാർച്ച് 24 മുതൽ 1986 മാർച്ച് വരെ കുമ്പളന്താനം, കുരിശുമുട്ടം. 1986 മാർച്ച് മുതൽ 1988 വരെ, തെള്ളിയൂർ, കാഞ്ഞിരപ്പാറ 1988 മുതൽ 1990 വരെ, മരണം 1990 ഡിസംബർ രണ്ടാം തീയതി വൈകിട്ട് ഏഴുമണിക്ക്. കബറടക്കം 1990 ഡിസംബർ മൂന്നാം തീയതി കളമ്പാല സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ.

## പുരോഹിതൻ

ദൈവം പ്രത്യേകം തെരഞ്ഞെടുത്ത് നിയോഗിച്ചവരാണ് പുരോഹിതർ. ദൈവജനത്തെ നയിക്കുവാനായി പ്രത്യേകം വിളിക്കപ്പെട്ടവർ. തന്റെ തിരുശരീരരക്തങ്ങളാകുന്ന ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷകരാകുവാൻ തെരഞ്ഞെടുത്ത് വേർതിരിച്ച് പ്രത്യേക വസ്ത്രവും നൽകപ്പെട്ടിരിക്കുന്നവർ. "പുരോഹിതരായി എനിക്കു ശുശ്രൂഷ ചെയ്യുവാൻ വേണ്ടി അഹറോനെയും പുത്രന്മാരെയും അഭിഷേകം ചെയ്യുകയും വേർതിരിച്ചു നിർത്തുകയും ചെയ്യുക" (പുറ.30:30). "അവിടുന്ന് ഞങ്ങളെ ആത്മാവിനാൽ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകരാകുവാൻ യോഗ്യരാക്കിയിരിക്കുന്നു" (2. കോരി.3:6). "കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാനും സമൂഹത്തിനു മുമ്പിൽ നിന്നു സേവനം അനുഷ്ഠിക്കാനും ഇസ്രായേലിന്റെ ദൈവം സമൂഹത്തിൽ നിന്നു നിങ്ങളെ വേർതിരിച്ചത് നിസാരകാര്യമാണോ? (സംഖ്യ.16:19). കർത്താവിന്റെ തെരഞ്ഞെടുക്കപ്പെട്ടവനാണ് പുരോഹിതൻ. കർത്താവാണ് അവന്റെ ഓഹരിയും അവകാശവും. പ്രഭാഷകൻ 45:2- 22ൽ നാം കാണുന്നു: ദൈവം അഹറോനെ തെരഞ്ഞെടുത്ത് പൗരോഹിത്യം നൽകി. വിശേഷ വസ്ത്രങ്ങൾ അണിയിച്ചു. പ്രത്യേക അധികാരങ്ങൾ നൽകി. എന്തിന്? ബലി അർപ്പിക്കാൻ, ജനത്തെ ആശീർവദിക്കാൻ, പ്രമാണങ്ങൾ പഠിപ്പിക്കാൻ, വിധി പ്രസ്താവിക്കാൻ. അവന്റെ ശത്രുക്കളെ നശിപ്പിച്ചു. ആദ്യഫലങ്ങൾ അവന് അനുവദിച്ചു നൽകി. എന്നാൽ, ദേശത്ത് മറ്റുള്ളവർക്കുള്ളതുപോലെ യാതൊരു അവകാശവും ഓഹരിയും ഉണ്ടായിരിക്കുകയില്ല. കർത്താവ് തന്നെയാണ് അവന്റെ ഓഹരിയും അവകാശവും. നഷ്ടപ്പെടുത്തലിന്റെ ബലിജീവിതം പൗരോഹിത്യം; ദൈവത്തിനു വേണ്ടിയുള്ള നഷ്ടപ്പെടുത്തൽ. "സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും" (മത്തായി 10:39). പൗരോഹിത്യത്തെ ഇപ്രകാരമുള്ള ഉത്തമധാരണകളോടെയാണ് ബഹു. മാത്യു തെങ്ങുംതോട്ടം അച്ചൻ അജപാലനമേഖലയിലേക്ക് ഇറങ്ങിയത്.

## ലാളിത്യവും സമഭാവനയും

ജീവിതലാളിത്യം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ഭക്ഷണത്തിലും വസ്ത്രത്തിലും യാത്രയിലും താമസസൗകര്യക്രമീകരണങ്ങളിലുമെല്ലാം ലാളിത്യം അദ്ദേഹം പുലർത്തിയിരുന്നു. എല്ലാവരോടും സമഭാവന പുലർത്തിയിരുന്നപ്പോഴും പാർശ്വവത്കരിക്കപ്പെട്ടവരോടൊരു പരിഗണന അദ്ദേഹം പാലിച്ചിരുന്നു. ജീവിതത്തിൽ പ്രത്യേകിച്ച് ഭക്ഷണത്തിലും വസ്ത്രത്തിലും ലാളിത്യം കൂടിപ്പോകുന്നില്ലേ എന്ന പരാതിയുള്ളവരും ഉണ്ടായിരുന്നു. അത്തരം പരാതിക്കാരോട് അദ്ദേഹത്തിന്റെ ഉത്തരം സ്വാമി വിവേകാനന്ദന്റെ ഒരു ഉദ്ധരണിയായിരുന്നു: "ഒരിക്കൽ ഒരു ഇംഗ്ലീഷുകാരൻ സ്വാമി വിവേകാനന്ദനോട് ചോദിച്ചു: നിങ്ങൾക്കു പാന്റും ഷർട്ടും ടൈയും ധരിച്ച് ഒരു മാന്യനെപ്പോലെ നടന്നുകൂടെ?". സ്വാമി വിവേകാനന്ദൻ പുഞ്ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: "നിങ്ങളുടെ സംസ്കാരത്തിൽ തയ്യൽക്കാരനാണ് മാന്യനെ സൃഷ്ടിക്കുന്നത്. എന്നാൽ, ഞങ്ങളുടെ സംസ്കാരത്തിൽ വ്യക്തിത്വമാണ് ഒരുവനെ മാന്യനാക്കുന്നത്".

## കരുണയുടെ മുഖം

കരുണയുടെ പ്രത്യേക ജൂബിലി വർഷത്തിലേക്ക് നാം കടന്നിരിക്കുകയാണല്ലോ. നിയമത്തിന്റെ കാർക്കശ്യവും അധികാരത്തിന്റെ മുഷ്കരത്വവും വെടിഞ്ഞ് സകലരോടും കരുണകാണിക്കുവാനാണല്ലോ പരിശുദ്ധ മാർപാപ്പ സകലരോടും, പ്രത്യേകിച്ച് അജപാലകരോട് ആവശ്യപ്പെടുന്നത്. അജപാലന മേഖലകളിലെല്ലാം സകലരോടും കാർക്കശ്യം വെടിഞ്ഞ് കാരുണ്യം കാട്ടിയിരുന്നു ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചൻ. അക്ഷരത്തെറ്റുള്ള വരികൾ വായിക്കുന്നതുപോലെയായിരിക്കണം അജപാലനശൈലി എന്നതായിരുന്നു അദ്ദേഹത്തിന്റെ മതം. ജനങ്ങളുമായുള്ള അജപാലന ഇടപെടലുകളിൽ ചില തെറ്റുകളെയും ശരികളാക്കി വായിക്കണം. അപ്പോൾ അജപാലനജീവിതത്തിന്റെ ഭംഗി തിരിച്ചറിഞ്ഞാസ്വദിക്കാം.

## വത്തിക്കാൻ സുന്നഹദോസിന്റെ സ്വാധീനം

രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ കാലത്തായിരുന്നു (1962-65) അദ്ദേഹത്തിന്റെ ദൈവശാസ്ത്ര പഠനം. അതും നൂതനചിന്താഗതിക്കാരും പരീക്ഷണ തല്പരരുമായ ഈശോസഭാ വൈദികരുടെ കീഴിൽ. സുന്നഹദോസിൽ നടക്കുന്ന ചർച്ചകളും തീരുമാനങ്ങളും യഥാസമയം സെമിനാരായിലും ചർച്ചയ്ക്ക് വിഷയമായിക്കൊണ്ടിരുന്നു. ആരാധനക്രമം സംബന്ധിച്ച സുന്നഹദോസ് തീരുമാനങ്ങൾ അദ്ദേഹത്തെ പ്രത്യേകം സ്വാധീനിച്ചു. പഠനം പൂർത്തിയായി പൗരൗഹിത്യം സ്വീകരിക്കുന്ന സമയമായപ്പോഴേക്കും സുന്നഹദോസിന്റെ പ്രമാണരേഖകൾ ഗ്രന്ഥരൂപത്തിൽ മലയാളത്തിൽ പ്രസിദ്ധീകൃതമാകുകയും ചെയ്തു. വിശുദ്ധ കുർബാനയും മറ്റ് ആരാധന ശുശ്രൂഷകളും കൂദാശകളും ഓരോ ജനതയുടെയും മാതൃഭാഷയിലും സാംസ്കാരിക, സാമൂഹിക പശ്ചാത്തലത്തിലും അനുഷ്ഠിക്കു

വാൻ നടപടികളെടുക്കണമെന്നുമുള്ള സുന്നഹദോസിന്റെ പഠനം സഭയിൽ വലിയ വ്യതിയാനത്തിനു വഴിതെളിച്ചതിന് നാമൊക്കെ സാക്ഷികളാണല്ലോ. മലബാർ-ഹൈറേഞ്ച് പ്രദേശങ്ങളിലെ അജപാലന ശുശ്രൂഷാ മേഖലകളിൽ ആരാധനക്രമം സംബന്ധിച്ച സുന്നഹദോസിന്റെ അരൂപി അനുവർത്തിക്കുവാൻ യുവവൈദികനായ അദ്ദേഹം ശ്രമിച്ചതിൽ അത്ഭുതമില്ല. ആരാധന ശുശ്രൂഷകൾ കഴിവതും ക്ലിഷ്ഠതകളും ദൈർഘ്യവും ഒഴിവാക്കിയും ലഘൂകരിച്ചും അനുഷ്ഠിക്കുവാൻ അദ്ദേഹം ശ്രമിച്ചു.

## പ്രേഷിത ശൈലി

മനുഷ്യനെ വീണ്ടെടുക്കുവാൻ മനുഷ്യനായി കാലിത്തൊഴുത്തിൽ പിറന്ന് വഴിയോരങ്ങളിൽ അന്തിയുറങ്ങിയ യേശുനാഥന്റെ ശൈലിയായിരുന്നു ബഹു. തെങ്ങുംതോട്ടത്തിലച്ചനും. ഓരോരുവനെയും നേടാൻ അവനവന്റെ ശൈലി. യുവജനങ്ങളെ ഇടവക ജീവിതത്തിന്റെ മുഖ്യധാരയിൽ നിലനിർത്താൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. യുവജനങ്ങളെ പള്ളിയോടു ബന്ധിപ്പിച്ചു നിർത്താൻ പള്ളിമേടയിലോ യുവജനസംഘടനാ ഓഫീസിലോ ചീട്ടുകളി, ക്യാരംസ്, ചെസ് തുടങ്ങിയ കളികൾ അദ്ദേഹം അനുവദിച്ചിരുന്നു. ചിലപ്പോൾ അദ്ദേഹവും അവരോടൊപ്പം കളിയിൽ പങ്കുചേരുമായിരുന്നു. ചിലപ്പോഴൊക്കെ ഇതിന്റെ പേരിൽ ഇടവകയിലെ ചില മുതിർന്നവരുടെ പഴികേൾക്കേണ്ടതായി വന്നിട്ടുണ്ട്. അവിടെയും അദ്ദേഹം എടുത്തിരുന്ന നിലപാട് രസാവഹമായിരുന്നു. 'ആരെങ്കിലും നിങ്ങളെ അകാരണമായി കുറ്റപ്പെടുത്തിയാൽ സന്തോഷിക്കുക. അവർ നിങ്ങളെക്കാൾ വളരെ താഴെയാണ്. നിങ്ങൾക്കൊപ്പമെത്താൻ അവർ വളരെ കഷ്ടപ്പെടുന്നുണ്ട്'.

## ഹൃദയത്തെ പണിയുന്നവൻ

സ്വന്തമായി എന്തെങ്കിലും സമ്പാദിക്കുന്നതിലോ സ്വരുക്കൂട്ടുന്നതിലോ ഫലകങ്ങളിൽ പേരു കൊത്തി വയ്ക്കുന്നതിലോ പള്ളികളും പള്ളിമേടകളും കുരിശടികളും പണിത് പേരു നിലനിർത്തുന്നതിലോ ഒന്നും അദ്ദേഹം ഹരം കൊണ്ടിരുന്നില്ല. മനുഷ്യഹൃദയങ്ങളിൽ ദൈവഭവനം പണിയുന്നതിനായിരുന്നു തന്റെ ഇടയ ശുശ്രൂഷയിൽ അദ്ദേഹം പ്രാമുഖ്യം നൽകിയിരുന്നത്. "നല്ലതെന്തെന്ന് അവിടുന്ന് നിനക്ക് കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക, കരുണകാണിക്കുക, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായിരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്" (മിക്ക.6:8).

## പുനരൈക്യ പ്രേഷിതൻ

പുനരൈക്യശുശ്രൂഷ അദ്ദേഹത്തിന്റെ ആവേശമായിരുന്നു. അജപാലന ശുശ്രൂഷയുടെ ആരംഭകാലത്ത് മലബാർ പ്രദേശത്തും തുടർന്ന് ഹൈറേഞ്ചിലെ ഏറ്റവും ദുർഘട പ്രദേശങ്ങളിലും അദ്ദേഹം നിറവേറ്റിയ ശുശ്രൂഷകൾ ആ പ്രദേശവാസികളുടെ മനസിൽ ഇന്നും മായാതെ നിൽക്കുന്നുണ്ട്. ബഹു. അച്ചന്റെ രണ്ടു സഹോദരങ്ങൾ മധ്യപ്രദേശിൽ ഭോപ്പാലിലും രത്‌ലാമിലും ജോലിയിലിരുന്ന കാലത്ത് അച്ചൻ സഹോദരങ്ങളെ സന്ദർശിക്കുവാൻ അവിടേക്ക് പോകാറുണ്ടായിരുന്നു. പ്രസ്തുത അവസരങ്ങളിൽ അവിടെയുള്ള മലങ്കര മക്കളെ ഒന്നിച്ചു ചേർത്ത് പ്രാർത്ഥനായോഗങ്ങളും വിശുദ്ധ കുർബാനയും സംഘടിപ്പിക്കുമായിരുന്നു. 1982 കാലങ്ങളിൽ ബഹു. തെങ്ങുംതോട്ടത്തിലച്ചൻ ആരംഭിച്ച പ്രസ്തുത ശുശ്രൂഷകളുടെ ഒരു കാലിക വളർച്ചയാണ്, ഭോപ്പാലിലെ ഇന്നത്തെ നമ്മുടെ ഇടവകയും സ്കൂളും നഴ്സിംഗ് കോളജും അനുബന്ധ സ്ഥാപനങ്ങളും.

## രസികൻ

ആരോടും അശേഷവും അസ്വസ്ഥതയോ പരിഭവമോ അദ്ദേഹത്തിനില്ലായിരുന്നു. എത്ര ചെറുതാകാനും അദ്ദേഹത്തിനൊരു മടിയുമില്ലായിരുന്നു. അദ്ദേഹത്തിന്റെ ജീവിതലാളിത്യത്തെക്കുറിച്ച് തമാശകൾ സൃഷ്ടിക്കുന്നവരോടും അദ്ദേഹം പറയുമായിരുന്നു. "നിങ്ങൾക്ക് രസിക്കാൻ ഒരവസരം കിട്ടുന്നെങ്കിൽ ആയിക്കൊള്ളട്ടെ. മറ്റുള്ളവർക്ക് സന്തോഷം കൊടുക്കുന്നതായിരുന്നു അദ്ദേഹത്തിന്റെയും സന്തോഷം. അമ്പതു വർഷങ്ങൾക്കപ്പുറത്തെ വയനാട്ടിലെയും മലബാറിലെയും ഹൈറേഞ്ചിലെയും കാലാവസ്ഥയും ജീവിത സാഹചര്യങ്ങളും ആരോഗ്യദൃഢഗാത്രനായിരുന്ന അച്ചന്റെ ആരോഗ്യത്തെ ബാധിച്ചിരുന്നു എന്നു തോന്നിപ്പോകുന്നു. ആരംഭകാല പുനരൈക്യ പ്രേഷിതരുടെ പ്രത്യേകതയെന്നു കരുതിയാൽ മതി.

"No one notices your tears
No one notices your sadness
No one notices your pains
But they all notice your mistakes"

## പിൻകുറി

അടുത്ത നാളിൽ വായിച്ച ഒരു കവിതാഭാഗം കൊണ്ടവസാനിപ്പിക്കാം.

"സത്യംസത്യമായിട്ടു ഞാൻ
നിങ്ങളോടു പറയുന്നു
കോഴ വാങ്ങലില്ലാതാവണമെങ്കിൽ
കോഴ കൊടുക്കലില്ലാതാകണം
കോഴ കൊടുക്കലില്ലാതാകണമെങ്കിൽ
കാശില്ലാതാകണം
കാശില്ലാതാകണമെങ്കിൽ
കീശയില്ലാതാകണം
കീശയില്ലാതാകണമെങ്കിലാശയില്ലാതാകണം
ആശയില്ലാതാവാനെന്തുവേണമെന്നു
പറയാനെനിക്കറിയില്ല
ഈ അജ്ഞാനമുള്ളതുകൊണ്ടാണല്ലോ
ഞാൻ യേശുവാകാതെ വെറുമരശുവായത്"

ആശയില്ലാതാവാനെന്തുവേണമെന്നു പറയാൻ കവിക്കറിയില്ല. ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചനെ അറിഞ്ഞിരുന്നെങ്കിൽ കവി അങ്ങനെ പറയുമായിരുന്നില്ലെന്ന് എനിക്കു തോന്നുന്നു. അതായിരുന്നു ബഹു. മാത്യു തെങ്ങുംതോട്ടത്തിലച്ചൻ. ●

ചെറുകഥ



# ഒരു കാർ പറഞ്ഞ കഥ

**മഞ്ഞുതുള്ളി**

വീട്ടിൽ നിന്നും പതിവുപോലെയൊരു യാത്രയെന്നേ അന്നും ഞാൻ കരുതിയുള്ളൂ യജമാനന്റെ മനസറിഞ്ഞ് യാത്രചെയ്ത വർഷങ്ങളുടെ ആത്മബന്ധമുള്ള ഞാൻ; ആ ഹൃദയമറിഞ്ഞ് നഗരവീഥികളിലൂടെയും ഊടുവഴികളിലൂടെയും ചീറിപാഞ്ഞും സാവധാനത്തിലും എത്രയെത്ര കിലോമീറ്ററുകൾ ഓടിയിട്ടുണ്ട്. തെന്നിമാറിപ്പോയ അപകടങ്ങൾ, കൃത്യസമയം പാലിക്കാനുള്ള മരണപാച്ചിലുകൾ, അങ്ങനെ സംഭവ ബഹുലമായിരുന്നു ന്റെ ദിനങ്ങൾ. പ്രായം അൽപ്പം ഏറിയിട്ടുണ്ടെങ്കിലും ക്ഷീണം വകവയ്ക്കാതെ ഞാൻ ഇന്നും അദ്ധ്വാനിക്കുന്നുണ്ടെന്ന അഭിമാനബോധം എന്നിൽ ശക്തമായി. ഓർമകളുടെ പെട്രോൾടാങ്കിലെ അവസാനതുള്ളിയും വറ്റുവോളം മനോരാജ്യത്തിലൂടെ ഞാൻ നടന്നും ഓടിക്കൊണ്ടുമിരുന്നു. മനസിലെപ്പോഴോ തെല്ലൊരഹങ്കാരം ഞാൻ പോലും അറിയാതെ പൊന്തിവരുന്നുമുണ്ടായിരുന്നു.

ഇന്നെവിടേക്കാണെന്റെ യാത്രയെന്ന് ഇതുവരെയും ഒരെത്തും പിടിയും കിട്ടിയിട്ടില്ല. അത്ര ദൂരത്തിലേക്കല്ലെന്നറിയാം; കാരണം ദീർയാത്രക്കുള്ള തയ്യാറെടുപ്പുകളൊന്നും അവരിൽ കണ്ടില്ല. വസന്തം പൂത്ത പോലെ കാറുകളുടെ ഒരു ഉദ്യാനം.! അവിടേക്കായിരുന്നു ഞങ്ങൾ എത്തിയത്. ഞാനാദ്യമായിട്ടാണ് ഇങ്ങനെ ഒരുസ്ഥലത്ത് വരുന്നത്. കൗതുകത്തോടെ ന്റെ അരികിലെ മറ്റ് കൂട്ടുകാരെ ഞാൻ മാറിമാറി നോക്കി; ആർക്കും യജമാനന്മാർ ഇല്ല; ചുട്ടുപൊള്ളുന്ന വെയിലിൽ അവരങ്ങനെ.........സൂക്ഷിച്ചു നോക്കിയപ്പോൾ, ആരും കാണാതെ അവർ കണ്ണിനീർ തുടക്കുന്നുണ്ടായിരുന്നു. ഇവരോക്കെ എന്നാത്തിനാ ഇങ്ങനെ കരയുന്നത് ? ചിന്തകളും ആകുലതകളും എന്നിൽ ആധിപടർത്തി.

അകലെ ശീതികരിച്ച മുറിയിൽ തിരക്കുപിടിച്ച എന്തോ ചർച്ചയിലായിരുന്നു അവർ. ചിലപ്പോഴൊക്കെ അവർ എന്നിലേക്ക് വിരൾ ചൂണ്ടുന്നുണ്ടായിരുന്നു. ആ നോട്ടങ്ങളിലും വിരൾ ചൂണ്ടലുകളിലും ലാഭക്കൊതിയുടെയോ കച്ചവടത്തിന്റെയോ ചില തിളക്കങ്ങൾ ഞാൻ വേദനയോടെ കണ്ടു. ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു. വേദയോടെ യെങ്കിലും ആ സത്യം ഞാൻ അംഗീകരിച്ചു. തിരികെ മടങ്ങുമ്പോൾ

ഞാൻ കലഹിച്ചുകൊണ്ട് ചോദിച്ചു; എന്തേ എന്നെ വിൽക്കുകയാണോ....? സ്വരം തൊണ്ടയുടെ അഗാധഗർത്തത്തിൽ വച്ചുതന്നെ മരിച്ചിരുന്നു നിശബ്ദമായ ന്റെ ചോദ്യങ്ങൾക്ക് ആരും മറുപടി പറഞ്ഞില്ല. പിന്നെ ഒന്നും മിണ്ടാതെ ഞാൻ മുന്നോട്ടോടുകയായിരുന്നു.

പിന്നെ കാത്തിരിപ്പിന്റെയും ആകുലതകളുടെയും ദിനങ്ങളായിരുന്നു. കുറെയേറെ ദിനങ്ങൾ. പലരും വരികയും പോവുകയും ചെയ്യുന്നുണ്ടായിരുന്നു. ദിവസങ്ങൾ എണ്ണികഴിയുമ്പോൾ മനസിന്റെ ഭാരം ഞാൻ അറിയുകയായിരുന്നു. കാത്തിരിപ്പിനൊടുവിൽ ആ ദിനം വന്നെത്തി, യജമാനന്റെ ഓർമ്മകളുടെ മാറാലകൾ പോലും അവശേഷിക്കാത്തവിധം അവർ എല്ലാം എടുത്തുമാറ്റിയപ്പോൾ ഞാൻ കരഞ്ഞു. ഇനിയും ഈ വാർദ്ധക്യത്തിൽ മറ്റൊരാളുടെ അടുത്തേക്ക്, അതുമല്ലെങ്കിൽ പൂർണ്ണമായ വിശ്രമത്തിലേക്ക്.

ന്റെ കരഞ്ഞുകലങ്ങിയ കണ്ണുകൾ ആരും ശ്രദ്ധിച്ചില്ല.......ഇപ്പോൾ ഞാൻ സ്വപ്നങ്ങൾ കാണാറില്ല........ ഇനിയെന്ത് സ്വപ്നം അതായിരുന്നു ന്റെ മനസിൽ ?..... ആവിപറന്നുയരുന്ന ചായക്കപ്പുകൾ അവർക്കു മുൻപിൽ എല്ലാം കേട്ടുകൊണ്ടിരുന്നു. ചർച്ചകൾക്ക് ഒടുവിൽ സമവായങ്ങളും വിട്ടുവീഴ്ച്ചകളും. ഒടുവിൽ ഇനിയുള്ള ന്റെ യാത്രാരേഖകളിൽ അവർ ഒപ്പുവെച്ചു. സങ്കടംകുമിഞ്ഞുകൂടി ഞാനൊരു അഗ്നിപർവ്വതം കണക്കെനിന്നു. തിരികെ പോരുമ്പോൾ കൂടെ മറ്റൊരാൾക്കൂടി; അപരിചിതനായ ഒരാൾ..! എന്നെ കാറുകളുടെ ആ ഉദ്യാനത്തിലേക്ക്, വില്പനയുടെ താഴ്വരയിലേക്ക്, തിരികെകൊണ്ടുവരാൻ നിയോഗിക്കപ്പെട്ടവൻ. സുപരിചിതമായ ന്റെ വീട്ടിൽ; ഞാൻ ഓടികളിച്ച മുറ്റത്ത് ഞങ്ങളെത്തി. യജമാനനും കൂടെ വന്നവരും അവിടെയിറങ്ങി, ഇനിയും അവരെ കാണില്ല പുതിയകാറിന്റെ നന്മകളെപ്പറ്റി വാചാലമായി അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ പിടയുന്ന ഹൃദയവുമായി പോകാൻ ഒരുങ്ങുകയായിരുന്നു. മനസില്ലാമനസോടെയാണെങ്കിലും ഞാൻ ആ അപരിചിതനെ അനുസരിച്ചു. പിന്നിലേക്ക് തിരിഞ്ഞുനോക്കിനോക്കി ഞാൻ മുന്നിലേക്ക് ഓടി. മനസുപറിച്ചുവെച്ചിടത്തുനിന്നെങ്ങനെ പോകും ? അകലേക്ക് ഞാൻ മറയുമ്പോൾ, ദൂരവും കണ്ണീരും കാഴ്ച്ചയെ മറയ്ക്കുമ്പോൾ, സാഹചര്യസമ്മർദ്ദങ്ങളാൽ എന്നെ ഓഴിവാക്കേണ്ടിവന്ന ന്റെ യജമാനൻ കണ്ണീർ പൊഴിക്കുന്ന ആ കാഴ്ച്ച ഞാൻ കണ്ടു. അത് എന്നിലൊരു കണ്ണീർപ്രളയം തന്നെ സൃഷ്ടിച്ചു. അപ്പോൾ ആകാശം വല്ലാതെ ഇരുണ്ടിരുന്നു; ഒരു മഴയെ ഗർഭം ധരിച്ചതുപോലെ. മഴത്തുള്ളികൾ പതിയെ പതിയെ ഭൂമിക്കുമേൽ പതിച്ചുതുടങ്ങി. കരഞ്ഞുകലങ്ങിയ ന്റെ കണ്ണുകൾ തുടയ്ക്കുംപോലെ അപരിചിതൻ വൈപ്പർ ഓൺ ചെയ്തു. കരച്ചിലുള്ളിലൊതുക്കി, കാഴ്ച്ചകളെ പിന്നിലേക്ക് പായിച്ചു ഞാൻ ഓടിക്കൊണ്ടിരുന്നു. മഴത്തുള്ളികളെ തുടച്ചുമാറ്റി വൈപ്പർ അപ്പോഴും ന്റെ മുഖം തുടച്ചുകൊണ്ടിരുന്നു.

WhatsApp



# അച്ചടിച്ച കടലാസിൽ പലഹാരം പൊതിഞ്ഞാൽ 'അർബുദം ഫ്രീ'

എണ്ണ പുരണ്ടാൽ അച്ചടിമഷിയിലെ ഈയം പുറത്തുവരും: ഇത് അർബുദത്തിനു കാരണമാകും

## ഇടയശബ്ദം (5 –ാം പേജ് തുടർച്ച)

മറുപടി. കൂടുതൽ മീൻ കിട്ടിയിട്ട് എന്തു ചെയ്യാനാണ്? വിറ്റുകിട്ടുന്ന പണം കൊണ്ട് യന്ത്രബോട്ടും ആധുനിക സംവിധാനങ്ങളും ഉപയോഗിച്ച് കൂടുതൽ മീൻ പിടിക്കാം. എന്നിട്ടോ? അതുവിറ്റ് കൂടുതൽ പണം കിട്ടും, വീടു പണിയാം, സുഖമായി കഴിയാം – യുവാവ് പറഞ്ഞു. അതിന് ചൂണ്ടക്കാരന്റെ മറുപടി: അതിന് ഞാൻ ഇപ്പോഴേ സന്തോഷമുള്ളവനും സുഖമുള്ളവനുമാണല്ലോ എന്നായിരുന്നു. ഈ തലമുറയുടെ വലിയ ഒരു തെറ്റിദ്ധാരണയാണ് വസ്തുവകകൾ നമ്മുടെ സന്തോഷവും സുഖവും വർദ്ധിപ്പിക്കും എന്നത്. എന്നാൽ അതിൽ സത്യമില്ലെന്ന് മാത്രമല്ല നാം എത്രയും കുറച്ച് ഭൗതികകാര്യങ്ങളിൽ ശ്രദ്ധയും താല്പര്യവും വയ്ക്കുന്നുവോ അത്രയേറെ സുഖാനുഭവം നമുക്ക് ഉണ്ടാകും എന്നതാണ് സത്യം. ഭൗതികവസ്തുക്കൾ നമുക്കാവശ്യമാണ്, പക്ഷെ നാം അതിനുവേണ്ടി ജീവിതം പണയപ്പെടുത്തേണ്ടവരല്ല.

കഴിഞ്ഞ പുനരൈക്യ –സന്യസ്ത സമ്മേളനത്തിൽ മുഴങ്ങിക്കേട്ട ഈടുറ്റ സന്ദേശം ഉപേക്ഷിക്കലിന്റെയും സ്വയം എളിമപ്പെടുന്നതിന്റെയും ആയിരുന്നു. ഈ സന്യാസമനോഭാവം അസ്തമിക്കുമ്പോൾ വെട്ടിപ്പിടിക്കാനും വാരിക്കൂട്ടാനും പൂഴ്ത്തിവയ്ക്കാനും സ്വന്തമാക്കാനും ഒക്കെയുള്ള പ്രവണതകൾ ഉണ്ടാകാം. നമ്മുടെ രാജ്യത്തിന്റെ ദുർഗതി ഇതല്ലേ? അധികാരത്തിലും മറ്റും കടിച്ചുതൂങ്ങുന്നതെന്തുകൊണ്ടാണ്? അധികാരത്തിനുവേണ്ടി ഏതു കുത്സിതപ്രവൃത്തിക്കും കൂട്ടുനിൽക്കുന്നതെന്തുകൊണ്ടാണ്? നിർമമതയോടും ആരോഗ്യപരമായ ഒരകൽച്ചയോടുംകൂടി ഉത്തരവാദിത്വങ്ങൾ സ്വീകരിച്ചാൽ ഇവയ്ക്കൊക്കെ മറുപടിയായി.

കരുണയുടെ അതിവിശിഷ്ടമായ ജൂബിലി വർഷം സമാരംഭിക്കുകയാണ്. മാതാവിന്റെ അമലോത്ഭവ തിരുനാളിൽ ഈ ജൂബിലി തുടങ്ങുകയും 2016 നവംബർ 20–ന് ക്രിസ്തുരാജത്വ തിരുനാളിൽ സമാപിക്കുകയും ചെയ്യുന്നു. "നിങ്ങളുടെ സ്വർഗ്ഗസ്ഥപിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിക്കുക" എന്ന തിരുവാക്യം ഉൾക്കൊണ്ടുകൊണ്ട് കരുണയുടെ സവിശേഷമായ ഈ വർഷം നാം ആചരിക്കുന്നു. കർതൃമുഖം സ്വീകാര്യമാകുന്നതും തിരസ്കൃതമാകുന്നതും നമ്മുടെ ജീവിതത്തിലൂടെയാണ്. സഭയെയും യേശുക്രിസ്തുവിനെയും ആകർഷകമായ രീതിയിൽ അവതരിപ്പിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കാണുള്ളത്.

കാരുണ്യത്തെ ലോകം എക്കാലവും തിരിച്ചറിയും. നമ്മുടെ പുനരൈക്യ വാർഷികത്തിന് ഇത്രയേറെ ജനപിന്തുണയും സ്വീകാര്യതയും പൊതുജനസമ്മതിയും ലഭിച്ചത് നമ്മുടെ ജീവകാരുണ്യ പ്രവൃത്തികളിലൂടെയാണ്. ഇത് നമ്മുടെ മുഖമുദ്രയായി സ്ഥിരപ്പെടുത്തുവാൻ നമുക്ക് കഴിയണം. കരുണ ക്രിസ്തീയതയുടെ പര്യായമായിത്തീരട്ടെ. "കരുണയുടെ വാതിൽ തുറക്കുന്ന" സവിശേഷമായ ചടങ്ങ് സഭയായും ഭദ്രാസനമായും പ്രതീകാത്മകമായി അനുഷ്ഠിക്കുന്നതുകൊണ്ട് അവസാനിക്കാനുള്ളതല്ല. അവിടെനിന്ന് തുടങ്ങുകയാണ് വേണ്ടത്. നമ്മുടെ ഹൃദയങ്ങളുടെയും ഭവനങ്ങളുടെയും വാതിൽ തുറക്കുന്നതിന്റെ സൂചനയാണ്, പ്രതീകാത്മകമായി ദൈവാലയ കവാടം തുറക്കുന്നതിന്റെ അർത്ഥം. നമ്മുടെ ഭവനത്തിന്റെ വാതിൽക്കൽ മുട്ടുന്നവർക്ക് കരുണയുടെ ഈ അനുഭവം ഉണ്ടാകണം. കണ്ണീരിന്റെ കപടനാടകങ്ങളും കബളിപ്പിക്കലിന്റെ പൊയ്മുഖങ്ങളും നമുക്ക് ചുറ്റും ഉണ്ടെന്ന് വിസ്മരിക്കുന്നില്ല. വിവേകപൂർവ്വം പ്രവർത്തിച്ച് കർത്താ




വിന്റെ കരുണയുടെ നീട്ടപ്പെട്ട കരങ്ങളായി മാറുവാൻ നമ്മുക്ക് കഴിയട്ടെ! ഈ വർഷം കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിനായി ധൂർത്തുകൾ ഒഴിവാക്കുക; ആഡംബരങ്ങൾ ഉപേക്ഷിക്കുക; അനാവശ്യങ്ങൾ ഇല്ലാതാക്കുക. മദ്യം, പുകവലി, മൊബൈലിന്റെ ദുരുപയോഗം തുടങ്ങിയവ ഉപേക്ഷിച്ചുകൊണ്ട് സമാഹരിക്കുന്ന പണം അശരണർക്ക് കൈത്താങ്ങായിത്തീരുവാൻ ഉപയോഗിക്കണം. നമ്മുടെ ഇടവകകളും ഇതിന് സമാനമായ കരുണാർദ്ര പ്രവർത്തനങ്ങൾ കണ്ടെത്തണം. കാരുണ്യപ്രവർത്തനങ്ങൾക്ക് സഭയിൽ എക്കാലവും സ്ഥാനമുണ്ടെന്ന് മറക്കാതിരിക്കുക. തിരുനാളുകൾക്കുവേണ്ടിയുള്ള ദുർചിലവുകൾ നിയന്ത്രിക്കുക തന്നെ വേണം. മേളങ്ങൾ, ആകാശവിസ്മയങ്ങൾ, വഴിയലങ്കാരങ്ങൾ, വൈദ്യുതി അലങ്കാരങ്ങൾ, ഭക്ഷ്യധൂർത്ത് തുടങ്ങിയവ ഒഴിവാക്കി കാരുണ്യ പ്രവർത്തനത്തിന്റെ നിയോഗത്തിൽ തിരുനാളുകൾ നടത്തണം. ദൈവമഹത്വമായിരിക്കട്ടെ നമ്മുടെ ലക്ഷ്യം. അത് സാധിക്കുന്നതോ മനുഷ്യനെ

അവന്റെ പൂർണ്ണതയിൽ എത്തിക്കുവാൻ സഹായ ഹസ്തം നീട്ടുമ്പോഴും.

ഭീകരവാദത്തിന് ഇക്കുറി ഇരയായത് ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസ് നഗരമായിരുന്നു. ലോക മനസ്സാക്ഷിയെ ഒരിക്കൽക്കൂടി നടുക്കിയ കിരാതസംഭവം! എത്ര വേദനയും അനാഥത്വവുമാണ് അത് വിതച്ചത്! ദൈവത്തിന്റെ പേരിൽ നടത്തുന്ന ഈ കിരാതശൈലി മാനവ ജനതയെ ലജ്ജിപ്പിക്കണം. സ്നേഹിക്കുവാനും കരുണകാണിക്കുവാനും പഠിപ്പിക്കുന്ന ദൈവത്തെയും മതത്തെയും ചട്ടുകങ്ങളാക്കി ഭീകരതയെ വളർത്തുവാൻ ശ്രമിക്കുന്നവർ ഇത് ദൈവനിന്ദയാണെന്ന് എന്ന് മസ്സിലാക്കുമോ? മതപുസ്തകത്തിന്റെ ഒരു താളോ മതത്തിന്റെ പൂജനീയ വ്യക്തികളോ പ്രധാനപ്പെട്ടതു തന്നെ. ഏതു കാരണം പറഞ്ഞും എതിരാളികൾക്കെതിരെ മതനിന്ദയുടെ കുറ്റം ആരോപിച്ച് പടവാൾ എടുക്കുവാനും നിഷ്കരുണം കൊന്നൊടുക്കുവാനും മടിയില്ലാത്ത ഈ 'കപടഭക്തരുടെ' കിരാതശൈലിയെ എന്തേ മത പ്രമാണികൾ അപലപിക്കുന്നില്ല? സമാധാന ദാഹികളായ സജ്ജനങ്ങളെ പ്രതിക്കൂട്ടിൽ നിർത്തുന്ന ഇത്തരക്കാരോട് എങ്ങനെ സമരസപ്പെട്ടുപോകാനാകും? എന്നാൽ നന്മയുടെ ഭാവങ്ങളെ വർദ്ധിപ്പിച്ചും തിന്മയുടെ സൂചനകളെ മുളയിലെ നുള്ളിക്കളഞ്ഞും നമുക്ക് മാനവരാശിയെ സംരക്ഷിക്കണം.

നമ്മുടെ സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടത് നാം തന്നെയാണ്. ഉത്തരം എവിടെനിന്നെങ്കിലും താനേ വരുമെന്ന ചിന്ത ശരിയല്ല. Your Silence gives consent (Plato). ഈ പ്രതിസന്ധികളെ തരണം ചെയ്യുവാനും ഈ ഭൂമിയിൽ സഹവർത്തിക്കുവാനും നാം വഴികണ്ടെത്തണം. ആരെയെങ്കിലും ഒഴിവാക്കിയാൽ എല്ലാം ശരിയാകുമെന്ന ചിന്ത സുഖമുള്ളതാകാം, പക്ഷേ ശരിയുള്ളതല്ല. മറിച്ച് നാം ഒരുമിച്ച് ഉത്തരം കണ്ടെത്തുകയും അത് പാലിക്കുവാൻ ശ്രദ്ധിക്കുകയുമാണ് വേണ്ടത്. "ധൃതിയിൽ പോകാൻ തനിയെ നടക്കുക, ദീർഘ ദൂരം താണ്ടാൻ ഒരുമിച്ച് നടക്കുക." ഈ ജ്ഞാനം നമ്മെ ഭരിക്കട്ടെ.



### യൂദാശ്ലീഹായോടുള്ള പ്രാർത്ഥന


മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**കുഞ്ഞുമോൻ & ഫാമിലി, കോഴഞ്ചേരി**

## പുസ്തക പരിചയം

## മലങ്കര കുർബാന തീർത്ഥാടക സഭയിൽ

കാരിച്ചാൽ പരേതനായ ഫാദർ ഗീവർഗീസ് പണിക്കർ രചിച്ച മലങ്കര കുർബാന തീർത്ഥാടക സഭയില എന്ന പുസ്തകം പരിഷ്കരിച്ച മൂന്നാം പതിപ്പ് പ്രസിദ്ധീകരിച്ചിരിക്കുന്നു. മലങ്കര കുർബാനയെക്കുറിച്ചുള്ള ആധികാരികവും സമ്പൂർണവുമായ ധ്യാനപഠനമാണ് ഈ ഗ്രന്ഥം. ഏകദേശം 300 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 150 രൂപയാണ്. 10 ൽ കൂടുതൽ പ്രതികൾ വാങ്ങുന്നവർക്ക് 100 രൂപാ വിലയ്ക്കു ലഭിക്കും.




ഫാ. തോമസ് പണിക്കർ
സെന്റ് ജോൺസ് മലങ്കര കത്തോലിക്ക പള്ളി,
കുറത്തിയാട്. Mob : 9447698886
email:tpaniker@gmail.com




Contact : 9447212780




# ക്രിസ്തുമസ്



ഫാ. ജോൺ പടിപ്പുരയ്ക്കൽ

ദൈവത്തെപ്പോലെ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിൽനിന്നും അകന്നുപോയപ്പോൾ ദൈവമായവൻ മനുഷ്യനായി മനുഷ്യരുടെ ഇടയിലേക്ക് ഭൂജാതനായതിന്റെ തിരുനാൾ. ക്രിസ്തുമസ് ആഘോഷിക്കുവാൻ ജാതിമതഭേദമെന്യേ ലോകജനത ഒരുങ്ങിത്തുടങ്ങി. നക്ഷത്രവിളക്കുകളും ക്രിസ്തുമസ് ട്രീകളും ക്രിസ്തുമസ് കേക്കുമെല്ലാം ആഘോഷത്തിന് മാറ്റുകൂട്ടുന്നു. മദ്യവില്പനയിലൂടെ സംസ്ഥാനത്തിന് ലഭിച്ച സാമ്പത്തിക നേട്ടത്തിന്റെ കണക്കുകൾ പത്രമാധ്യമങ്ങളിൽനിന്നും പുറകാലെ ലഭിക്കും. കുടിച്ചു തീർത്ത മദ്യക്കുപ്പികളുടെ എണ്ണവും, അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് അറവുശാലകളിൽ ജീവൻ പൊലിഞ്ഞ ആടുമാടുകളുടെ എണ്ണവും വ്യാപാരസ്ഥാപനങ്ങളിലെ ക്രയവിക്രയങ്ങളുടെ അളവനുസരിച്ചും ക്രിസ്തുമസ് ആഘോഷത്തിന്റെ മാറ്റളക്കുന്ന ഇക്കാലഘട്ടത്തിൽ 2000 വർഷങ്ങൾക്കപ്പുറം യൂദയായിലെ ബത്‌ലഹേമിലെ ആദ്യ ക്രിസ്തുമസ് ആഘോഷത്തിലേക്ക് നമ്മുടെ ചിന്തയെ ഒന്നു തിരിച്ചുവിടാം. ആദ്യ ക്രിസ്തുമസ് സന്ദേശം ലഭിച്ച സാധാരണക്കാരുടെ പ്രതിനിധികളായ ഇടയന്മാരുടെയും സമൂഹത്തിന്റെ ഉന്നതസ്ഥാനം വഹിച്ചിരുന്ന ജ്ഞാനികളുടെയും അധികാരത്തെ കൈയിലിട്ട് അമ്മാനമാടിയിരുന്ന ഹേറോദേസ്സിന്റെയും മനോഭാവങ്ങളിലൂടെ നമ്മുടെ മനസ്സിനെയും ഹൃദയത്തെയും അല്പസമയം യാത്രചെയ്യിക്കാം.

സാധാരണക്കാരുടെ പ്രതിനിധികളായി ആദ്യക്രിസ്തുമസിനെ വരവേറ്റ ഇടയന്മാർ നൽകുന്ന ഒന്നാമത്തെ സന്ദേശം "നീ ദൈവസന്നിധിയിൽ എത്തി ദൈവത്തെ മഹത്വപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്യുക" എന്നുള്ളതാണ്. (ലൂക്ക. 2:20). രക്ഷകന്റെ ജനനവാർത്ത അറിഞ്ഞ ഉടനെ ജീവിതസമ്പാദനത്തിനുള്ള വക താഴ്‌വരകളിൽ ഉപേക്ഷിച്ച്, ബത്‌ലഹേമിലേക്ക് യാത്രതിരിച്ച ഇടയന്മാർ 'ദൈവാശ്രയബോധത്തിന്റെ ആഴവും നമുക്ക് കാണിച്ചുതരുന്നു.' മഴയ്ക്കുവേണ്ടി

പ്രാർത്ഥിക്കുവാൻ പ്രദേശവാസികൾ ഒന്നടങ്കം ദേവാലയത്തിലേക്ക് പോകുമ്പോൾ മടക്കയാത്രയിൽ മഴ നനയാതിരിക്കുവാൻ കൈയിൽ കുട കരുതിയ കുഞ്ഞുകുട്ടിയുടെ വിശ്വാസംപോലെ, ലോകരക്ഷകനെ തേടിപുറപ്പെടുമ്പോൾ തങ്ങൾക്ക് ഏറ്റവും വേണ്ടപ്പെട്ട ആടുകളെ ലോകരക്ഷകൻ സംരക്ഷിച്ചുകൊള്ളുമെന്ന വിശ്വാസത്തിലേക്ക് വളർന്ന ഇടയന്മാരെ ലൂക്കായുടെ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ നാം കണ്ടുമുട്ടുന്നു. ദൈവവചനം കൈകളിൽ വഹിക്കുന്നതും, ദൈവ വചനം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതും 'ഔട്ട് ഓഫ് ഫാഷനായി' കരുതുന്ന ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പിള്ളക്കച്ചകൾകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ കാണുവാൻ വയലുകളിൽനിന്നും തിടുക്കത്തിൽ യാത്രയായ ഇടയന്മാർ നൽകുന്ന മറ്റൊരു സന്ദേശം 'രക്ഷാകര സന്ദേശം മറ്റുള്ളവരുമായി പങ്കുവയ്ക്കുക' എന്നുള്ളതാണ്. 'അനന്തരം ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾ അവർ മറ്റുള്ളവരെ അറിയിച്ചു' (ലൂക്ക. 2:17).

കിഴക്കുദിച്ച നക്ഷത്രത്തിന്റെ പ്രത്യേകതയിൽനിന്നും രക്ഷകന്റെ ജനനത്തെ തിരിച്ചറിഞ്ഞ പൗരസ്ത്യദേശത്തെ ജ്ഞാനികൾ കാഴ്ചദ്രവ്യങ്ങൾ കരുതിയാണ് ബദ്ലഹേമിലേക്ക് യാത്രതിരിക്കുക. അവർ കൈകളിൽ കരുതിയ കാഴ്ചദ്രവ്യങ്ങൾ ബദ്ലഹേമിലെ പുൽത്തൊഴുത്തിൽ ജനിച്ച ശിശു അവർക്ക് ആരായിരുന്നു എന്ന് വ്യക്തമാക്കിത്തരുന്നു. യേശുവിനെ രാജാവായി സ്വീകരിച്ചതിന്റെ പ്രതീകമായി പൊന്നും (സുഭാ. 2:20), അവനെ ദൈവമായി കണ്ടതുകൊണ്ട് കുന്തിരിക്കവും (സങ്കീ. 141:2), മനുഷ്യപുത്രനായി തിരിച്ചറിഞ്ഞതുകൊണ്ട് മീറയും (ഉത്തമ. 5:6) അവർ കാഴ്ചയർപ്പിച്ചു. യേശുവിനെ ദൈവപുത്രനും രാജാധിരാജാവും ദൈവവുമായി സ്വീകരിക്കുന്നവന്റെ മടക്കയാത്ര മറ്റൊരു വഴിയെ ആയിരിക്കുമെന്ന വലിയ സന്ദേശവും കിഴക്കിന്റെ ജ്ഞാനികൾ നമുക്കായി കരുതിവച്ചിരിക്കുന്നു. യേശുവിനെ ആരാധിക്കുവാനായി ബേദ്ലഹേമിലേക്ക് വന്ന വഴിയിൽ അപകടം പതിയിരിപ്പുണ്ടെന്ന് തിരിച്ചറിഞ്ഞ ജ്ഞാനികൾ മറ്റൊരു വഴിയെ സ്വദേശത്തേക്ക് തിരിച്ചുപോയി എന്ന് മത്തായി സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ ജീവിതയാത്രയിലെ അപകടം നിറഞ്ഞ വഴികണ്ടെത്തുവാനും അപകടമില്ലാത്തവന്റെ വഴിയെ ജീവിതത്തെ തിരിച്ചുവിടാനും 'വഴി'യായവന്റെ ജനനത്തിരുനാൾ കാരണമാകട്ടെ!

അധികാരവർഗ്ഗത്തിന്റെ പ്രതിനിധിയായി ആദ്യ ക്രിസ്തുമസിനെ വരവേറ്റ ഹേറോദേസ് മനസ്സിൽ വിദ്വേഷവും വെറുപ്പും അമർഷവും സൂക്ഷിച്ച് പല്ലു കാണിച്ച് ചിരിക്കുന്നവരുടെ മദ്ധ്യസ്ഥനായി നിലകൊള്ളുന്നു. രക്ഷകന്റെ ജനനവാർത്തയിലെ വിശദാംശങ്ങൾ അറിയാൻ ജ്ഞാനികൾ ഹേറോദേസിനെ സമീപിക്കുമ്പോൾ ആത്മാർത്ഥമായ സഹകരണമാണ് അദ്ദേഹത്തിന്റെ പക്കൽനിന്നുമുണ്ടാവുക. പ്രധാന പുരോഹിതന്മാരെയും ജനത്തിനിടയിലെ നിയമജ്ഞരെയും വിളിച്ചുകൂട്ടി ക്രിസ്തു എവിടെയാണ് ജനിക്കുന്നത് എന്ന് ചോദിച്ചറിയുകയും അത് ജ്ഞാനികളെ അറിയിക്കുകയും ചെയ്തു. പക്ഷെ തുടർന്ന് നടക്കുന്ന കാര്യങ്ങൾ വെളിപ്പെടുത്തുന്നത് ഹേറോദേസിന്റെ ആത്മാർത്ഥതയിലെ കാപട്യമാണ്. ഹേറോദേസിന്റെ ഉള്ളിൽ രൂപംകൊണ്ട അസ്വസ്ഥത ഒരു സുനാമിപോലെ മറ്റുള്ളവരിലേക്ക് പടർന്നുപിടിച്ചു എന്നാണ് മത്തായി സുവിശേഷകൻ രേഖപ്പെടുത്തുക. ഒരുപറ്റം അമ്മമാരുടെ വിലാപത്തിനും നിഷ്കളങ്കരായ ഒരുകൂട്ടം കുഞ്ഞുങ്ങളുടെ ജീവഹാനിക്കും ബേദ്ലഹേം സാക്ഷ്യം വഹിച്ചു.

**ഇടയന്മാരെപ്പോലെ ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുവാൻ സാധിച്ചാൽ രക്ഷാകര സന്ദേശം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും അനുദിനം ദൈവത്തെ മഹത്വപ്പെടുത്തുവാനും സ്തുതിക്കുവാനും സാധിക്കും.**

ഡിസംബർ മാസത്തിലെ ചെറിയ തണുപ്പിൽ 2015 ലെ ക്രിസ്തുമസിനെ വരവേൽക്കുവാൻ തയ്യാറെടുക്കുന്ന നാമോരോരുത്തരുടെയും മുൻപിലുള്ള മൂന്നു സാദ്ധ്യതകളെയാണ് ജ്ഞാനികളും ഇടയന്മാരും ഹേറോദേസും തുറന്നുകാട്ടുക. അധികാരത്തിന്റെയും ഉന്നതസ്ഥാനത്തിന്റെയും ഗർവ്വോടുകൂടിയാണ് ഞാൻ ക്രിസ്തുമസിനെ സമീപിക്കുന്നതെങ്കിൽ മാലാഖമാർ വാഗ്ദാനം ചെയ്ത സമാധാനത്തിനു പകരം അസ്വസ്ഥതയാകാം എനിക്ക് മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ സാധിക്കുക. ഇടയന്മാരെപ്പോലെ ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുവാൻ സാധിച്ചാൽ രക്ഷാകര സന്ദേശം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും അനുദിനം ദൈവത്തെ മഹത്വപ്പെടുത്തുവാനും സ്തുതിക്കുവാനും സാധിക്കും. അറിവ് ദൈവദാനമാണെന്ന ചിന്തയിലേക്ക് വളരാൻ സാധിച്ചാൽ ജ്ഞാനികളെപ്പോലെ ദൈവത്തിനു മുൻപിൽ എന്നെത്തന്നെ കാഴ്ചയർപ്പിക്കുവാനും ജീവിതം ദൈവമാഗ്രഹിക്കുന്ന രീതിയിൽ തിരിച്ചുവിടുവാനും സാധിക്കും.


**ഉപകാരസ്മരണ**



ഒരു വിശ്വാസി
കുന്നന്താനം

**ഉപകാരസ്മരണ**



റാണി ജിനോ & അപ്പു
മുണ്ടുകുഴി

# മർക്കടമുഷ്ടി ഉപേക്ഷിക്കുക





**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയ്നർ

**ക്ഷ**മിക്കുവാനും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാനുള്ള മനസ്സില്ലാത്തതുമാണ് നമ്മുടെയൊക്കെ മിക്ക പ്രശ്നങ്ങൾക്കും കാരണം. ഇന്ന് നിലവിലുള്ള നല്ലൊരു ശതമാനം ശത്രുതകളും ഒരു വാക്കിൽ തീരാനുള്ളതേയുള്ളു. പക്ഷേ അതാര് ആദ്യം? ഇതാണ് നമ്മുടെ പ്രശ്നം.

ഒരു പ്രത്യേകയിനം കുരങ്ങിനെപ്പറ്റി പഠിക്കുന്നതിന് ഏതാനും ശാസ്ത്രജ്ഞന്മാർ അവയെ പിടിക്കുന്നതിനായി ആഫ്രിക്കയിലെ ഒരു വനത്തിലേയ്ക്ക് പോയി. കുരങ്ങന്മാരെ യാതൊരു ഉപദ്രവവും കൂടാതെ ജീവനോടെ പിടികൂടണം അതായിരുന്നു അവരുടെ ലക്ഷ്യം. അതിന് ശാസ്ത്രജ്ഞന്മാർ ഒരു കൗശലം കണ്ടുപിടിച്ചു. കുരങ്ങന്റെ സ്വഭാവം ശരിക്ക് മനസ്സിലാക്കിയിട്ടുള്ള ശാസ്ത്രജ്ഞന്മാരുടെ കൗശലം കുറിക്കുകൊള്ളുകയും ചെയ്തു.

അവർ കുരങ്ങിന് ഏറ്റവും ഇഷ്ടമുള്ള കുറെ കായ്കനികൾ നീണ്ട കഴുത്തുള്ള ഭരണികളിലിട്ട് ഒരു സ്ഥലത്തുവച്ചു. പിന്നീട് അവർ ക്യാമ്പിലേയ്ക്ക് തിരിച്ചുപോന്നു. കുരങ്ങന്മാർ ആ ഭരണിയുടെ ചുറ്റും വട്ടംകൂടി. ഭരണിയിലുള്ള കനികൾ കണ്ടപ്പോൾ നാവിൽ വെള്ളമൂറി. അവർ ഭരണിക്കുള്ളിലേയ്ക്ക് കയ്യിറക്കി. ഭരണിയുടെ കഴുത്തിലൂടെ കഷ്ടിച്ച് കൈകടത്താമായിരുന്നു. പക്ഷേ പഴം മുറുക്കിപ്പിടിച്ചതുകൊണ്ട് ഭരണിയുടെ ഒതുങ്ങിയ കഴുത്തിലൂടെ കുരങ്ങിന് കൈ വലിച്ചെടുക്കാൻ കഴിയുമായിരുന്നില്ല. കയ്യിലുള്ള കനി വിട്ടുകളയുവാൻ ഒട്ടുതയ്യാറുമല്ല. അവ പഠിച്ച പണി പതിനെട്ടും നോക്കി. കനി മുറുകെ പിടിച്ച മുഷ്ടി ഒരു വിധത്തിലും വലിച്ചെടുക്കാൻ അവയ്ക്ക് കഴിഞ്ഞില്ല. ജീവൻ

പോയാലും മുറുകെപ്പിടിച്ചിരിക്കുന്ന മുഷ്ടി അയയ്ക്കാൻ കുരങ്ങ് ഒരിക്കലും തയ്യാറാകുകയില്ല. ഇതിനെയാണ് "മർക്കടമുഷ്ടി" എന്നു പറയുന്നത്.

ഇതുപോലെ മർക്കടമുഷ്ടിയുമായി നടക്കുന്ന നിരവധിയാളുകൾ നമുക്ക് ചുറ്റിലുമുണ്ട്.ചില പിടിവാശിയിൽനിന്നും തെറ്റായ ചിന്താഗതിയിൽ നിന്നും ഇവർ പിടിവിടില്ല. നാശത്തിന്റെ പടുകുഴിയിലേയ്ക്കാകും ഇവർ ചെന്ന് പതിക്കുക.

മാറാൻ ഒരു മനസ്സ് നമുക്കുണ്ടാകണം. അതാണ് ഒരു നല്ല വ്യക്തിത്വത്തിന്റെ കാതൽ. മാറ്റത്തിന് സ്വയം വിട്ടുകൊടുക്കുന്ന മനോഭാവം വളർത്തിയെടുക്കുവാൻ സാധിക്കണം. മാറ്റത്തിന് തയ്യാറല്ലാത്തവർ കുടുംബത്തിനോ പ്രസ്ഥാനങ്ങൾക്കോ നാടിനോ നേതൃത്വം നൽകിയാൽ ഇവരുടെ കീഴിൽ പ്രവർത്തിക്കുന്നവരുടെയും ചിന്താഗതികൾ ഇടുങ്ങിയതാകും. ഇങ്ങനെയുള്ളവർക്ക് ഒരിക്കലും ജീവിതവിജയം നേടാൻ സാധിക്കുകയുമില്ല.

മാറ്റത്തിന് തയ്യാറാകാൻ പിടിച്ചിടം ജയിക്കണമെന്നത് ഇംഗ്ലീഷിൽ "ലേണിംഗ് റസിസ്റ്റൻസ്" എന്നു പറയും. ഇത് ഒരു മനോരോഗലക്ഷണമാണ്. ആത്മവിശ്വാസമില്ലായ്മ, ആകാംഷ, ഭയപ്പാട്, പെർഫെക്ഷനിസം കൂടാതെ സ്വാർത്ഥതയും, തനിക്കുതാൻപോരിമയും, എനിക്കുശേഷം "പ്രളയം" എന്ന ഭാവവും.

ലോകം വളരെവേഗം വളരുകയാണ്. നമുക്കും അതോടൊപ്പം വളരണമെങ്കിൽ നമ്മുടെ പല ചിന്താഗതികളിലും മാറ്റംവരുത്തുവാൻ തയ്യാറാകണം.

# ഡിസംബർ.... ക്രിസ്മസ്...

വീണ്ടുമൊരു ഡിസംബർ മാസംകൂടി വന്നെത്തുകയാണ്... മഞ്ഞുപൊഴിയുന്ന ഡിസംബർ... വാനിൽ നക്ഷത്രങ്ങൾ ചിരിതൂകുന്ന ഡിസംബർ. വർഷകാലത്തിൽ കുതിർന്ന ഭൂമിക്ക് ഗ്രീഷ്മത്തിന്റെ ചുട്ടുപൊള്ളലിലേക്ക് കടന്നുചെല്ലാൻ ശിശിരത്തിന്റെ ഒരു പടിവാതിൽ... അതാണ് ഡിസംബർ!

അതേ, ഡിസംബർ ഒരു പടിവാതിൽ തന്നെയാണ്. ജീവിതത്തിന്റെ കടുത്ത പരീക്ഷകളെ തരണം ചെയ്യുവാൻ നമുക്ക് ദൈവം തന്ന ഒരു വരദാനം. ആ ക്രിസ്മസിന്റെ നാളുകളാണ് ഡിസംബറിലൂടെ ലഭിക്കുന്നത്. കഷ്ടപ്പെടുന്നവർക്കായി, പീഡകൾ അനുഭവിക്കുന്നവർക്കായി, സാന്ത്വനിക്കപ്പെടേണ്ടവർക്കായി ദൈവം കരുതിവച്ച സമ്മാനം. സ്നേഹത്തിന്റെ ഒരു തൂവൽസ്പർശം. അതാണ് ക്രിസ്മസ്!



ദൈവം മനുഷ്യനായി നമ്മുടെ ഇടയിലേക്ക് ഇറങ്ങിവന്ന ദിവസം. ഓരോ ക്രിസ്മസിലൂടെയും ആ ഓർമ്മപുതുക്കലാണ് നാം ചെയ്യുന്നത്. അത് കേവലം ഒരു തിരുജനനത്തിന്റെ ഓർമ്മ പുതുക്കലായി മാത്രം കാണാതെ, ദൈവപുത്രനോടൊപ്പം നാമും വീണ്ടും ജനിക്കണം. നമ്മിൽ നഷ്ടപ്പെട്ട നന്മകൾ വീണ്ടെടുത്ത്, ഒരു പുതുമനുഷ്യനായി, മറ്റുള്ളവർക്ക് ആശ്രയവും ആലംബവും ആകുവാൻ, നാം വീണ്ടും മനസ്സുകൊണ്ട് ജനിക്കണം; അതാണ് ക്രിസ്മസ് നൽകുന്ന സന്ദേശം.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൂതനായി നമ്മിലേക്ക് ഇറങ്ങിവന്ന ക്രിസ്തുദേവൻ നമുക്കായി ത്യജിച്ച പ്രാണനുപകരം നമുക്ക് നൽകുവാൻ കഴിയുന്നത് സ്നേഹം മാത്രമാണ്; സഹജീവികളോടുള്ള സ്നേഹം. അങ്ങനെ സ്നേഹത്തിന്റെ ഉദാത്ത മാതൃകകളായി, ക്രിസ്മസ് സന്ദേശം പരസ്പരം പകരുവാൻ, ഈ ക്രിസ്മസ് ഇടയായിത്തീരട്ടെ.

**മായാ ഷാജി അമയന്നൂർ**





# പ്രബോധനം

### തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## ഡിസംബർ 6
## സ്നാപകയോഹന്നാന്റെ ജനനം
## (ലൂക്ക. 1:57 – 66)

യേശുവിന്റെ മുന്നോടിയായി വന്ന സ്നാപകയോഹന്നാന്റെ ജനനവാർത്തയാണ് ഇന്നത്തെ സുവിശേഷ സന്ദേശമായി നമ്മുടെ വിചിന്തനത്തിനായി നൽകപ്പെട്ടിരിക്കുന്നത്. സുവിശേഷം തന്നെ സന്തോഷമുളവാക്കുന്ന സന്തോഷകരമായ വാർത്ത എന്നതാണ്. ലൂക്കാ സുവിശേഷകന്റെ രചനാദൗത്യം തന്നെ സകലർക്കുമുള്ള സന്തോഷവാർത്ത അറിയിക്കുക എന്നതാണ്. സകല ജനത്തിനുമുള്ള സദ്വാർത്ത, സന്തോഷമുളവാക്കുന്ന അറിയിപ്പ് ഇവയാണ് സുവിശേഷത്തിന്റെ അർത്ഥതലങ്ങൾ.

യോഹന്നാൻ എന്ന സ്കറിയ - എലിസബത്ത് ദമ്പതികളുടെ മകന്റെ ജനനം അന്നാട്ടിലുള്ള സകലരിലും സന്തോഷമുളവാക്കി. ദൈവം അവളോട് കാരുണ്യം കാണിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിയ അയൽക്കാരും ബന്ധുക്കളും അവളോടൊത്ത് സന്തോഷിച്ചു. വിജയവും ആനന്ദവും ആഹ്ലാദവും ഒക്കെ അവനവന്റെ വീടിനുള്ളിലും ഫ്ളാറ്റിനുള്ളിലും മാത്രമായി അവസാനിപ്പിക്കുകയും, എല്ലാ ആഹ്ലാദാഘോഷങ്ങളും മദ്യത്തിലും ലഹരിയിലും ആറാടുന്നതിനുള്ള അവസരങ്ങളാക്കുകയും ചെയ്യുന്ന ആധുനിക ലോകത്തിന്റെ ഭ്രമങ്ങൾക്കു നേരെ ഈ സുവിശേഷഭാഗം ചോദ്യചിഹ്നമാകുകയാണ്. കാരണം യഥാർത്ഥ ആനന്ദം ഉളവാക്കണമെങ്കിൽ അത് ദൈവത്തിൽ നിന്നുള്ളതാകണം, ദൈവത്തിന്റെ ദാനമാകണം. എന്നാൽ ദൈവത്തിന്റെ മഹത്വത്തിനുള്ള അവസരങ്ങൾ പലരും ഇന്ന് പാപത്തിന്റെ, ലഹരിയുടെ അതിപ്രസരത്തിൽ ഒഴുകിപ്പോകുന്നു. ഒരു ശിശുവിന്റെ ജന്മദിനാഘോഷത്തിന് ക്ഷണിക്കപ്പെട്ട വികാരിയച്ചൻ, ബന്ധുമിത്രാദികളോട് സംസാരിച്ചിരിക്കുകയായിരുന്നു. അച്ചന്റെ സാന്നിദ്ധ്യം അതിഥികളിൽ പല പ്രമുഖരുടെയും മുഖത്ത് ചുളിവുകൾ വീഴ്ത്തുന്നു. ഇത് ശ്രദ്ധിച്ച കുടുംബനാഥൻ പ്രാർത്ഥനയ്ക്കായി തിടുക്കം കൂട്ടുകയാണ്. പ്രാർത്ഥന തുടങ്ങാൻ എഴുന്നേറ്റ വൈദികന്റെ കാതിൽ കുടുംബനാഥൻ മന്ത്രിച്ചു, 'ചുരുക്കം മതി'. പ്രാർത്ഥന കഴിഞ്ഞയുടൻ അതിഥികളിലൊരുവന്റെ കമന്റ്; 'അച്ചനെ കൊണ്ടുവിട്, നമുക്ക് ആഘോഷം തുടങ്ങാം.' പിന്നീട് അറിഞ്ഞു, അന്ന് രാത്രിയിൽ മദ്യലഹരിയിൽ ബോധം നഷ്ടപ്പെട്ട ബന്ധുക്കളായ അതിഥികൾ തമ്മിൽ കൈയ്യേറ്റം വരെ നടന്നു എന്ന്. അതിന്റെ പടലപ്പിണക്കങ്ങൾ വർഷങ്ങൾക്കുശേഷവും തുടരുന്നു എന്നും, മായാത്ത മുറിവായി അവശേഷിക്കുന്നു എന്നും. ലഹരിയും മറ്റ് പാപങ്ങളും തരുന്ന സുഖങ്ങൾ അല്പനേരത്തേക്ക് അത് നുകരുന്നവർക്ക് മാത്രം. എന്നാൽ അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടതോ ഈ ഹീനപ്രവൃത്തിക്ക് മുതിരുന്നവരുമായി ബന്ധമുള്ള എല്ലാവരും. എന്നാൽ ദൈവം നൽകുന്ന ദാനത്തിൽ ഉളവാകുന്ന സന്തോഷം എല്ലാവരിലേക്കും വ്യാപിക്കുന്നു. എല്ലാവരും സന്തോഷിക്കുന്നു. അതിന് പാർശ്വഫലങ്ങളില്ല താനും. സ്നാപകയോഹന്നാന്റെ ജനനം ദൈവത്തിന്റെ ദാനത്തിലുള്ള സന്തോഷം എല്ലാവർക്കുമുള്ളതാകുന്നു.

ദൈവത്തിന്റെ മഹാകരുണയുടെയും സർവ്വശക്തിയുടെയും അടയാളമാണ് യോഹന്നാന്റെ ജനനം. മാനുഷികമായ സാദ്ധ്യതകൾ ഒന്നുമില്ലാതിരുന്ന അവസ്ഥയിൽ (വന്ധ്യയായ എലിസബത്ത് പ്രായം കവിഞ്ഞവളായിരുന്നു) സഖറിയ - എലിസബത്ത് ദമ്പതികൾക്ക് കുഞ്ഞിനെ ലഭിക്കുന്നത് ദൈവികദാനമല്ലാതെ മറ്റെന്താണ്. ഓരോ കുഞ്ഞിനെയും യോഹന്നാൻ എന്നേ നമുക്ക് വിളിക്കാനാകൂ. കാരണം എല്ലാവരും ദൈവത്തിന്റെ കരുണയുടെ ഭാഗമാണ്. ഓരോ ശിശുവും ദൈവദാനമാണ്. ദൈവം കാരുണ്യവാനാണ് എന്നതിന്റെ അടയാളമാണ്. ശിശുക്കളുടെ ജനനം കുടുംബത്തിൽ രണ്ടു കാര്യങ്ങളാണ് ഉളവാക്കുക. 1) ഭാര്യാഭർത്താക്കന്മാർക്ക് ഇത് ജീവിതത്തിലെ വലിയ നേട്ടമാണ്. വിവാഹിതർക്ക് ഇത് സ്ഥാനക്കയറ്റമാണ്. ദമ്പതികൾ എന്ന തല

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**അന്നമ്മ കുറുമ്പേശ്വരത്ത്**

ത്തിൽനിന്നും മാതാപിതാക്കൾ എന്ന പദവിയിലേക്ക് അവർ ദൈവത്താൽ ഉയർത്തപ്പെടുന്നു. ദൈവത്തിന് നന്ദി പറയേണ്ട സമയം. 2) അപ്പൻ + അമ്മ എന്ന നിലയിൽ അവർ വലിയ ഉത്തരവാദിത്വമുള്ളവരാകുന്നു. കാരണം കരഞ്ഞും മോണകാട്ടി ചിരിച്ചും കുഞ്ഞിക്കൈകാലുകളിട്ടിളക്കിയും പിള്ളക്കച്ചയിൽ പൊതിഞ്ഞു കിടക്കുന്ന ശിശു സാദ്ധ്യതകളുടെ അനന്തതയാണ്. സാദ്ധ്യതകൾ സാക്ഷാത്കരിക്കുവാൻ മാതാപിതാക്കൾ കൈത്താങ്ങാകണം, വഴി കാട്ടണം, മാതൃകയാകണം.

യോഹന്നാൻ എന്ന പേരിനെ ചൊല്ലിയുള്ള വിചിന്തനമാണ് ഇന്നത്തെ സുവിശേഷം നൽകുന്ന മറ്റൊരു ചിന്ത. മാമോദീസായ്ക്ക് അണയുമ്പോൾ ശിശുവിന് പേരിടാൻ വേണ്ടി, ആധുനിക ഫാഷൻ ഭ്രമത്തിനൊത്ത പേരുകൾ അന്വേഷിക്കുന്ന മാതാപിതാക്കൾ മനസ്സിലാക്കണം, മാമോദീസാ പേരിലൂടെ പൈതൃകത്തോടും പൂർവ്വപിതാക്കളോടും അതിലുപരി മുന്നിൽ വഴിവിളക്കായ വിശുദ്ധരോടും ഓരോരുത്തരും ഐക്യദാർഢ്യമുള്ളവരാകുന്നു. യോഹന്നാൻ എന്ന നാമം നൽകാൻ എലിസബത്തിനെ പ്രചോദിപ്പിച്ചത് അവൾ കണ്ടെത്തിയ ദൈവകരുണയാണ്. അവൾ തിരിച്ചറിഞ്ഞ ദൈവാനുഭവമാണ്. നമ്മുടെ ജീവിതത്തിലും ഇങ്ങനെ എല്ലാ കാര്യത്തിലും ദൈവത്തോട് ചേർന്നു നിൽക്കാൻ കഴിയണം.

**ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്**

## ഡിസംബർ 13 ഞായർ

## മത്തായി 1:18 – 25

കർത്താവിന്റെ തിരുജനനത്തെ വരവേൽക്കുവാനുള്ള തയ്യാറെടുപ്പുകളിൽ നാം ആയിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ കർത്താവിന്റെ ജനനദിവസം ആഗതമാകും. നോമ്പിന്റെ ആനന്ദത്തിൽ നാം അതിനായി ഒരുങ്ങുകയാണ്. ഈ ഒരുക്കത്തിന്റെ പൂർത്തീകരണമെന്നപോലെ ഓരോ ഞായറാഴ്ചയും ക്രിസ്തുവിന്റെ ആഗമനത്തിന്റെ ഓരോ ഘട്ടങ്ങൾ നാം ധ്യാനിക്കുകയാണ്. ഇന്ന് പ്രത്യേകമായും സഭ നമുക്ക് വിചിന്തനത്തിന് നൽകുന്ന വേദഭാഗം വി. മത്തായി ശ്ലീഹാ എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം 18 മുതൽ 25 വരെയുള്ള തിരുവചനങ്ങളാണ് (മത്തായി 1:18–25). വി. യൗസേപ്പിനുണ്ടായ ദർശനമാണ് ഇവിടുത്തെ പ്രതിപാദ്യ വിഷയം. ദൈവപുത്രന്റെ ഭൗമികപിതാവായ യൗസേപ്പിന്റെ സ്വഭാവസൗഷ്ഠവം വ്യക്തമാക്കുകയാണ് സുവിശേഷകൻ ഈ വേദഭാഗത്ത്.

സ്വപ്നങ്ങളെ ദൈവികമായിക്കണ്ട ഒരു വ്യക്തിയുടെ ചിത്രമാണ് വി. യൗസേപ്പിൽ നാം കാണുന്നത്. സ്വപ്നങ്ങളിൽപ്പോലും ദൈവിക ഇടപെടലുകൾ ജീവിതത്തിൽ ദർശിക്കണമെങ്കിൽ ആ ജീവിതം എപ്രകാരമുള്ളതാണെന്ന് നമുക്ക് ചിന്തിക്കാം. അതുകൊണ്ട് തന്നെയാവും മത്തായി സുവിശേഷകൻ ജോസഫിനെ നീതിമാൻ, ഭാര്യയെ അപമാനിതയാക്കാൻ ഇഷ്ടപ്പെടാത്തവൻ എന്നൊക്കെ വിശേഷിപ്പിച്ചിരിക്കുന്നത്.


നിയമം അക്ഷരംപ്രതി പാലിക്കുന്നവരെ നീതിമാൻ എന്ന് വിളിച്ചിരുന്ന ലോകത്ത് നിയമലംഘനം നടത്തിയ ഒരു വ്യക്തിയെ നീതിമാൻ എന്ന് വിളിക്കുകയാണ് സുവിശേഷകൻ. പഴയനിയമത്തിൽ നിന്നും വ്യത്യസ്തമായ പുതിയനിയമത്തിന്റെ വിപ്ലവകരമായ ആത്മീയതയെ സുവിശേഷകൻ സൂചിപ്പിക്കുകയാണിവിടെ. യഹൂദ പാരമ്പര്യമനുസരിച്ച് വിവാഹനിശ്ചയം കഴിഞ്ഞവർ വിവാഹിതരെപ്പോലെയാണ്. അതുകൊണ്ട് തന്നെ അവരുടെ മറ്റ് ബന്ധങ്ങൾ വ്യഭിചാരമാകും. സ്വാഭാവികമായും മറിയവും വധശിക്ഷയ്ക്ക് യോഗ്യയാണ്. എന്നാൽ യൗസേഫ് യേശുവിന്റെ ഭൗതിക പിതാവായിത്തീർന്നു.

സുവിശേഷകൻ ഇവിടെ അവസാനിപ്പിക്കാതെ ഒരു വാക്യം കൂടി യൗസേഫിനെ വർണ്ണിക്കുവാൻ കൂട്ടിച്ചേർത്തു. ഇന്ന് ലോകം തെറ്റായി വ്യാഖ്യാനിക്കുന്ന ഒരു വാക്യം. "പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല. ഈ വാക്യം ഉയർത്തിപ്പിടിച്ച് പരി. അമ്മ നിത്യകന്യകയല്ല എന്ന് പഠിപ്പിക്കുന്നവരുടെ, സംശയിക്കുന്നവരുടെ, ശ്രദ്ധയ്ക്ക് ഒരു പഠനം. 'അതുവരെ' എന്ന് അർത്ഥം വരാൻ ഉപയോഗിച്ചിരിക്കുന്ന 'ഹെയോസ്' എന്ന ഗ്രീക്കുപദത്തിന് അതിനുശേഷം വിപരീതമായത് സംഭവിച്ചു എന്ന് അർത്ഥമില്ല.

ഉദാ: 2 സാമു. 6:23 – "സാവൂളിന്റെ പുത്രി മിഷേൽ മരണം വരെ സന്താനരഹിതയായിരുന്നു ." മരിച്ചതിനുശേഷം സന്താനഭാഗ്യമുണ്ടായി എന്ന് ഇതിനർത്ഥമില്ലല്ലോ.

ഏശയ്യ 46:4 – "നിങ്ങളുടെ വാർദ്ധക്യം വരെയും ഞാൻ അങ്ങനെ തന്നെയായിരിക്കും............ രക്ഷിക്കും." വാർദ്ധക്യത്തിനുശേഷം നശിപ്പിക്കും എന്ന് വ്യാഖ്യാനിക്കുന്നത് വിവരമില്ലായ്മയല്ലേ.

മറിയവും യൗസേഫും തമ്മിലുള്ള ബന്ധത്തെ സഭാപിതാവായ വി. എഫ്രേം കീർത്തിക്കുന്നത് ശ്രദ്ധിക്കുക:



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവുസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, കല്ലിശ്ശേരി**

"പരിപാവനമാം വസ്തുക്കൾ
നിറയും പെട്ടക സവിധത്തിൽ
വിരവൊടു ശുശ്രൂഷകൾ ചെയ്യും
ആചാര്യനു തുല്യം...."

''വിശുദ്ധ സക്രാരിക്കു മുന്നിൽ ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്റെ മനോഭാവത്തോടെയാണ് മറിയത്തോടൊപ്പം യൗസേഫ് ജീവിച്ചത് എന്ന് വി. എഫ്രേം പിതാവ് പഠിപ്പിക്കുന്നു.

ഇപ്രകാരം ഒരു ജീവിതം കുടുംബത്തിൽ പരസ്പരം കാഴ്ചവയ്ക്കുവാൻ സാധിക്കുന്നുണ്ടോ എന്ന് നാം ചിന്തിക്കണം. പുതിയനിയമ ആത്മീയത തിരിച്ചറിഞ്ഞത് കൊണ്ടായിരിക്കണം വി. യൗസേപ്പ് മറ്റൊരു മാനം സ്വീകരിക്കുന്നത്. മനുഷ്യമഹത്വത്തിന് പ്രാധാന്യം നൽകുന്ന സ്നേഹമാനം. ഈ മാനം സ്വീകരിക്കുന്നതുകൊണ്ടാണ് രഹസ്യ ഉപേക്ഷയ്ക്ക് യൗസേപ്പ് തയ്യാറാകുന്നത്.

പ്രിയമുള്ളവരേ ഒന്ന് നിർത്തി ഒരു നിമിഷം നമുക്ക് ചിന്തിക്കാം, ഇപ്രകാരം ഒരനുഭവം നമ്മുടെ കുടുംബജീവിതത്തിലാണെങ്കിൽ എന്തായിരിക്കും നമ്മുടെ പ്രതികരണങ്ങൾ?

താൻ മൂലം ഒരു തുള്ളി കണ്ണുനീർപ്പോലും ഭൂമിയിൽ വീഴരുതെന്ന ആത്മീയതയെ പുൽകുകയാണ് വി. യൗസേഫ് ഇവിടെ. ഈ മഹത്തായ ആത്മീയതയെ ഒന്ന് ജീവിതത്തിൽ പാലിക്കുവാൻ നമുക്ക് സാധിക്കുമോ? അറിഞ്ഞോ അറിയാതെയോ എത്ര എത്ര വ്യക്തികളുടെ കണ്ണുനീരുകളാണ് ദിനംപ്രതി നാം കാരണം ഭൂമിയെ നനയ്ക്കുന്നത്. കുടുംബങ്ങൾ തിരുകുടുംബങ്ങളാകണമെങ്കിൽ യൗസേഫ് കണക്കെ വളരുവാൻ നമുക്ക് സാധിക്കണം.

തന്റെ ഭാര്യയാകുവാൻ പോകുന്ന വ്യക്തിയെക്കുറിച്ച് സ്വപ്നത്തിൽ ലഭിക്കുന്ന ഒരു സന്ദേശത്തെ വിശ്വസിക്കുന്ന ഒരു നിഷ്കളങ്കൻ. ഇപ്രകാരം ഒരു വിശ്വാസത്തിന് ഉടമകളാകാൻ നമുക്ക് എന്തുമാത്രം വളരേണ്ടിവരും. ഇന്നത്തെ നമ്മുടെ ദാമ്പത്യബന്ധങ്ങളുടെ തകർച്ചകളുടെ അടിസ്ഥാനമായി നിൽക്കുന്നത് ഈ പരസ്പര വിശ്വാസമില്ലായ്മയല്ലേ? ഒരു ചെറിയ സംസാര വ്യത്യാസം, അസമയത്ത് ഫോണിൽ വരുന്ന ഒരു മിസ്ഡ് കോൾ ഇവയൊക്കെ പരസ്പര വിശ്വാസത്തെ തകർക്കുന്ന ഈ ആധുനിക ലോകത്തിൽ യൗസേപ്പിന്റെ ആത്മീയതയെ സ്വീകരിക്കുന്നത് നല്ലതാണ്. എന്തൊക്കെ സംഭവിച്ചാലും ജീവിതപങ്കാളിയുടെ ഒരു തുള്ളി കണ്ണുനീർപ്പോലും ഭൂമിയിൽ വീഴുവാൻ അനുവദിക്കില്ല എന്ന സ്നേഹനീതിയുടെ നിർബന്ധബുദ്ധി നമുക്കുണ്ടാകണം.

ഇപ്രകാരം സ്നേഹനീതിയിൽ ചേർന്നു നിന്നവന് ദൈവം നൽകിയ നിയോഗം തന്റെ പുത്രനെ പേരിടുവാനുള്ളതുകൂടിയാണ്. അതായത് യേശു തന്റെ അവകാശമാണെന്ന് സ്ഥാപിക്കുവാനുള്ള അധികാരം. ഇപ്രകാരം നീതിമാനായ സക്രാരിക്കുമുൻപിൽ പുരോഹിതൻ വ്യാപരിക്കുന്നതുപോലെ വിശുദ്ധിയിൽ, ഭയഭക്തിയിൽ, വേർപിരിക്കാനാവാത്ത ബന്ധത്തിൽ, ഉറച്ച വിശ്വാസത്തിൽ, കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർ വ്യാപരിക്കുമ്പോൾ ഓരോ കുടുംബവും തിരുകുടുംബങ്ങളാകും. യൗസേഫിനോളം ക്രിസ്തുവിൽ വളരുവാൻ നമുക്ക് പരിശ്രമിക്കാം.

ആഗതമാകുന്ന തിരുപ്പിറവിയുടെ നന്മകൾ, അനുഗ്രഹങ്ങൾ, ഏറെ സ്നേഹത്തോടെ നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ഓസ്റ്റിൻ തെക്കേതിൽ**

## യൽദായ്ക്കു മുമ്പുള്ള ഞായർ


## ഡിസംബർ 20

### വി. ലൂക്കാ 2:1 – 5

ലോകമാസകലമുള്ള ജനങ്ങൾ തങ്ങളുടെ പേര് താന്താങ്ങളുടെ നഗരങ്ങളിൽ എഴുതിച്ചേർക്കണമെന്ന് അഗസ്റ്റസ് സീസറിൽ നിന്നു കൽപന പുറപ്പെട്ട പ്രകാരം, ജോസഫ് ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവനായിരുന്നതിനാൽ പേരെഴുതിക്കാനായി ഗലീലിയിലെ പട്ടണമായ നസറത്തിൽനിന്നു ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തിന്റെ കൂടെ പോകുന്നു. അവിടെ വച്ച് അവൾക്ക് പ്രസവസമയമടുക്കുകയും അവൾ കടിഞ്ഞൂൽ പുത്രനെ പ്രസവിക്കുകയും ചെയ്തു. സത്രത്തിൽ അവർക്ക് സ്ഥലം ലഭിക്കാത്തതിനാൽ ശിശുവിനെ പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി.


ദൈവികപദ്ധതിയിൽ ഇസ്രായേലിനെ ഭരിക്കേണ്ടവൻ ബേത്‌ലഹേമിൽ നിന്നായിരിക്കണം എന്ന പഴയനിയമ പ്രവചനം പൂർത്തിയാക്കപ്പെടേണ്ടിയിരുന്നു. പ്രവചന പൂർത്തീകരണത്തിനു നിമിത്തമായത് പേരെഴുത്താണ്. പ്രസവസമയമടുത്തപ്പോൾ ഗർഭത്തിലുള്ള ശിശുവിനെയുംകൊണ്ട് മറിയവും ജോസഫും ദാവീദിന്റെ പട്ടണമായ ബേത്‌ലഹേമിലേക്ക് ചെയ്ത യാത്ര യേശു പരസ്യജീവിത


**ഉപകാരസ്മരണ**



**ഒരു വിശ്വാസി**
**കളമ്പാല**

**ഉപകാരസ്മരണ**



**ഒരു വിശ്വാസി**
**പുല്ലാട്**

കാലത്ത് നടത്താനിരുന്ന യാത്രയുടെ മുൻസൂചന യാണ്; ലോകചരിത്രത്തിന്റെ സംഭവങ്ങളിലൂടെ ദൈവിക പദ്ധതി നിശബ്ദമായി നിറവേറ്റപെടുകയാണ്.

'മറിയം തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു" കടിഞ്ഞൂൽ പുത്രൻ ഒരു പദവിയാണ്. ഇസ്രായേലിന് കർത്താവ് കൊടുത്ത സ്ഥാനമാണ് ആദ്യജാതൻ (പുറ 4/22-23). ആദ്യജാതൻ പുരോഹിതനും കർത്താവിനു പ്രതിഷ്ഠിതനും ഇസ്രായേലിന്റെ ഭരണാധിപനും ആണ്. ദാവീദിന്റെ പിൻഗാമികളായി ഭരിച്ചവരെല്ലാം ആദ്യജാതൻമാരാണ് (സങ്കീ. 39/28). രാജകുടുംബങ്ങളിൽ സിംഹാസനം ആദ്യജാതന്റെ അവകാശമാണ്. യേശു ദാവീദിന്റെ സിംഹാസനത്തിന്റെ അവകാശിയാകുന്നു എന്നും ദൈവത്തിന്റെ ആദ്യജാതനാകുന്നു എന്നും ഹെബ്രായർ 1/6 ൽ പറയുന്നു.


'പിള്ളക്കച്ചയിൽ പൊതിഞ്ഞു' നവജാതശിശുക്കളുടെ കൈകാലുകൾ പൊതിയുന്ന തുണിയാണു പിള്ളക്കച്ച. ലോകത്ത് ജനിച്ചുവീഴുന്ന ഏതൊരു സാധാരണ ശിശുവിനെയും പോലെ തന്നെ മാതാവായ മറിയം യേശുവിനെ സംരക്ഷിക്കുന്നതായി വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

സത്രത്തിൽ സ്ഥലം ലഭിക്കാഞ്ഞതിനാൽ 'പുൽത്തൊട്ടി' യിൽ ശിശുവിനെ കിടത്തി. പിന്നീട് രക്ഷകനായ ക്രിസ്തുവിനെ തിരിച്ചറിയുന്നതിനുള്ള അടയാളമായി മാറുന്നത് പുൽതൊട്ടിയാണ് അവന്റെയും രക്ഷയുടെയും അടയാളമാണു പുൽത്തൊട്ടി.

സത്രവും കാലിത്തൊഴുത്തും ഇന്നത്തെ മനുഷ്യന്റെ പ്രതിരൂപങ്ങളാണ്. യേശുവിനു പിറക്കാൻ സ്ഥലം നൽകാത്ത സത്രങ്ങൾ. യേശുവിനു പിറക്കാൻ സ്ഥലം നൽകിയ കാലിത്തൊഴുത്ത്. അടയ്ക്കപ്പെട്ട ഹൃദയവുമായി സത്രം പോലെ നിലകൊള്ളുന്ന ജീവിതങ്ങൾ. തുറന്ന ഹൃദയവുമായി കാലിത്തൊഴുത്തുപോലെ നിലകൊള്ളുന്ന ജീവിതങ്ങൾ.

നിസാരമായ കാലിത്തൊഴുത്തിൽ ലോകരക്ഷകൻ വന്നുപിറന്നപ്പോൾ കാലിത്തൊഴുത്ത് മഹത്വമുള്ളതായി; അവിടേക്കേ യേശു കടന്നുവരുന്നു; ജീവിതങ്ങൾ മഹത്വമുള്ള, ശോഭയുള്ള ജീവിതങ്ങളായി മാറും. വാതിൽ തുറക്കാത്ത സത്രം യേശുവിന് തൊഴുത്ത് പോലെയും, തുറന്ന വാതിലുള്ള തൊഴുത്ത് യേശുവിന് സത്രം പോലെയുമാണ്. വിലയുള്ളവയുടെ വില കെട്ടുപോകാതിരിക്കാൻ വിലയുള്ളവൻ ഉള്ളിൽ വസിക്കണം.

**ഉപകാരസ്മരണ**



**ശോഭന വെണ്ണിക്കുളം**

കാലിത്തൊഴുത്ത് യേശുവിനെ സ്വീകരിക്കുവാൻ വലിയ ഒരുക്കങ്ങൾ നടത്തിയില്ല. പക്ഷേ ജോസഫും മേരിയും കടന്നുവന്നപ്പോൾ മൃഗങ്ങൾ ഒതുങ്ങിനിന്ന് കർത്താവിന് ജനിക്കാനുള്ള സ്ഥലം നൽകിക്കാണണം. ബാഹ്യമായ ഒരുക്കങ്ങളേക്കാൾ ആന്തരികമായ ഒരുക്കത്തിനാണ് പ്രാധാന്യം. കർത്താവിനെ സ്വീകരിക്കുവാൻ നിനക്ക് മനസുണ്ടോ എന്നതാണ് ചോദ്യം. "ആയിരം പുൽക്കൂട്ടിൽ ക്രിസ്തു ജനിക്കയും ന്റെ ഹൃദയത്തിൽ ജനിക്കുന്നില്ലെങ്കിൽ എന്തു പ്രയോജനം?"

ലളിതമായി ജീവിക്കുവാൻ, ഉള്ളതു പങ്കുവയ്ക്കുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു. മനുഷ്യനിർമ്മിത പുൽക്കൂടുകളിൽ ക്രിസ്തുസാന്നിദ്ധ്യം ഉണ്ടാകണമെന്ന് നിർബന്ധമില്ല. മനുഷ്യഹൃദയങ്ങളിൽ ക്രിസ്തുവിനെ അന്വേഷിച്ചു കണ്ടെത്തുക. "മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ, മനസിൽ ദൈവം ജനിക്കുന്നു. മനുഷ്യൻ മനുഷ്യനെ വെറുക്കുമ്പോൾ മനസിൽ ദൈവം മരിക്കുന്നു."

നിസാരന്മാർക്കുവേണ്ടി നിസാരനായവനാണ് യേശു. പുൽക്കൂട്ടിൽ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞു കിടത്തിയ ശിശുവിൽ ദൈവപുത്രനെ കാണുവാൻ പരി. അമ്മയ്ക്കും ജോസഫിനും കഴിഞ്ഞു. ഇതുപോലെ നിസാരരായായവരിൽ യേശുവിന്റെ തിരുമുഖം ദർശിച്ചുകൊണ്ട് അവരെ സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുമ്പോൾ ക്രിസ്മസ് നമുക്കു സ്വർഗീയാനുഭൂതി പ്രദാനം ചെയ്യുന്നു. ഏറെ ഒരുക്കത്തോടെ, തീക്ഷ്ണതയോടെ രക്ഷകന്റെ വരവിനായി നമുക്ക് കാത്തിരിക്കാം. ഒരുങ്ങാം.

**ഫാ. ജോസഫ് കരിപ്പായിൽ**

## യൽദായ്ക്കുശേഷം ഒന്നാം ഞായർ

## ഡിസംബർ 27 (ലൂക്ക. 2:39-52)

സ്നേഹം നിറഞ്ഞ പ്രിയ സഹോദരങ്ങളെ,

ആണ്ടുതോറും മൂന്നു പ്രധാന തിരുനാളുകൾക്ക് ജറുസലേമിലേക്ക് തീർത്ഥാടനം നടത്തണമെന്ന് യഹൂദർക്ക് നിയമമുണ്ടായിരുന്നു. പെസഹാ, പെന്തക്കൊസ്താ, കൂടാരതിരുനാൾ എന്നിവയായിരുന്നു ആ തിരുനാളുകൾ. എന്നാൽ വളരെ ദൂരെയുള്ളവർ പെസഹയ്ക്കുമാത്രം വന്നാൽ മതിയായിരുന്നു. യഹൂദരെ സംബന്ധിച്ചിടത്തോളം ഒരു യഹൂദബാലൻ പ്രായപൂർത്തിയാകുന്നത് പന്ത്രണ്ട് വയസ്സാകുമ്പോഴാണ്. ഇതുകൊണ്ടാവാം പന്ത്രണ്ടാം വയസ്സിൽ മറ്റേതു യഹൂദനെയും പോലെ ഈശോയും ജറുസലേമിലേക്ക് നസ്രേത്തിൽ നിന്നും യാത്ര തിരിക്കുന്നത്.

1. ജോസഫും മേരിയും തിരുനാളിനുശേഷം തിരിച്ചുപോന്നപ്പോഴും ബാലനായ യേശു ദേവാലയത്തിൽ തങ്ങി. പ്രായപൂർത്തിയായ ഒരു യഹൂദബാലനായിരുന്നു ക്രിസ്തു. ക്രിസ്തു തീരുമാനിക്കുകയാണ് ഞാൻ ആയിരിക്കേണ്ടത് എന്റെ പിതാവിന്റെ ഭവനത്തിലാണ്. പിതാവിന്റെ കാര്യങ്ങളിൽ ഞാൻ വ്യാപൃതനാവേണ്ടതല്ലേ? ഇന്നത്തെ സമൂഹത്തിൽ നാമൊക്കെ എടുക്കുന്ന തീരുമാനങ്ങൾ യഥാർത്ഥ

ത്തിൽ ആരോടൊപ്പം, എവിടെ ആയിരിക്കുവാനാണ് എന്ന് ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ബാല്യം കടക്കുന്ന കൊച്ചു കുട്ടികൾ മുതൽ വാർദ്ധക്യത്തിൽ എത്തിയവർ വരെ പലപ്പോഴും ലോകത്തിൽ ആയിരിക്കുവാനും ലോകത്തിന്റെ മായാവലയത്തിൽപ്പെട്ട് കിടക്കുവാനും സ്വയം തീരുമാനിക്കുന്നു. അതിന് വ്യഗ്രതപ്പെടുന്നു. ദേവാലയമോ വിശ്വാസമോ ഒന്നും നമ്മുടെ തലമുറയ്ക്ക് പ്രാധാന്യം അർഹിക്കാത്ത കാര്യമായി മാറിക്കൊണ്ടിരിക്കുകയാണ്. വിശ്വാസം ഞായറാഴ്ചകളിൽ എടുത്തണിയേണ്ട ആഭരണമായും, ദേവാലയം ഞായറാഴ്ചകളിൽ മാത്രം പ്രവേശിക്കേണ്ട ഒരു സ്ഥലമായും ഒക്കെ ചുരുങ്ങിപ്പോയിരിക്കുന്നു. ഈ അവസരത്തിൽ ബാലനായ ഈശോ ഇന്നത്തെ സുവിശേഷത്തിലൂടെ പറഞ്ഞുതരുന്ന സന്ദേശത്തിന് വലിയ വിലയുണ്ട്. ബാലനായ യേശുവിന്റെ തീരുമാനമായിരുന്നു ദേവാലയത്തിൽ നിൽക്കണമെന്നുള്ളത്. നമ്മുടെ തീരുമാനങ്ങളാണ് നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നതും, ജീവിതത്തെ മുന്നോട്ട് നയിക്കുന്നതും. തന്റെ പിതാവിന്റെ ഭവനത്തോട് ചേർന്നു നിൽക്കുവാൻ ക്രിസ്തു തീരുമാനമെടുക്കുന്നു. മാമോദീസാ വേളയിൽ പിതാവ് തന്റെ പ്രിയപുത്രനെ അംഗീകരിച്ചുകൊണ്ട്, സ്നേഹിച്ചുകൊണ്ട്, ഇങ്ങനെ പറയും, "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ സംപ്രീതിച്ചിരിക്കുന്നു." പ്രിയപ്പെട്ട സഹോദരങ്ങളെ, ക്രിസ്തുവിനോട് പക്ഷം ചേരാൻ, ദൈവഭവനത്തോട് ചേർന്ന് നിൽക്കാൻ നാം പഠിക്കണം, മറ്റുള്ളവരെ പഠിപ്പിക്കണം.

രണ്ടാമനായി ഈശോയെ കാണാതാവുമ്പോൾ മറിയം അനുഭവിക്കുന്ന ആകുലതയും വേദനയും നാം കാണുന്നുണ്ട്. ദേവാലയത്തിൽ വച്ച് ഈശോയെ കണ്ടുകിട്ടുമ്പോൾ സാധാരണക്കാരിയായ അമ്മയുടെ ആവലാതികളാണ് ക്രിസ്തുവിനോട് മറിയം പറയുക. ഇത് നമ്മുടെ സാമൂഹിക, കുടുംബങ്ങളിൽ നമ്മുടെ മക്കളെ നമ്മൾ കണ്ടെത്തണം. മറിയത്തെപ്പോലെ നമ്മുടെ മക്കളെക്കുറിച്ച് നാമും വ്യഗ്രതയുള്ളവരാകണം. പലപ്പോഴും സംഭവിക്കുന്നത് മക്കളെപ്പറ്റി മാതാപിതാക്കൾ വ്യഗ്രതയുള്ളവരല്ല എന്നതാണ്. അവർ എവിടെയാണെന്നോ എങ്ങനെയാണെന്നോ എങ്ങോട്ടാണ് പോകുന്നതെന്നോ ഇപ്പോഴത്തെ മാതാപിതാക്കൾ അന്വേഷിക്കാറില്ല. പലപ്പോഴും നമ്മുടെ കുടുംബങ്ങൾ സത്രങ്ങളായി മാറിപ്പോകുന്നുണ്ട്. സന്ധ്യയ്ക്ക് ചേക്കേറാനുള്ള ഇടങ്ങളായി മാത്രം കുടുംബങ്ങൾ ചുരുങ്ങിപ്പോകുന്നു. പ്രിയപ്പെട്ടവരെ, ക്രിസ്തു ഓർമ്മിപ്പിക്കുന്നു, മക്കളെക്കുറിച്ച് വ്യഗ്രതയുള്ളവരായിരിക്കുക; എല്ലാറ്റിലുമുപരിയായി അവരെ കണ്ടെത്തുക, തിരിച്ച് വീട്ടിലേക്ക്, ജീവിതത്തിലേക്ക് കൊണ്ടുവരിക, ഒരുക്കുക, ശക്തിപ്പെടുത്തുക, പിന്നെ ലോകത്തിലേക്ക് അയയ്ക്കുക. അപ്പോൾ ലോകത്തിന്റെ വഴികളിൽക്കൂടി നടന്നാലും അവർക്ക് പാദങ്ങൾ ഇടറുകില്ല.

പ്രിയ സഹോദരങ്ങളെ, ഇന്നേദിനം നമ്മുടെ കുടുംബങ്ങളെ ഓർക്കാം. നമ്മുടെ കുടുംബ ബന്ധങ്ങളെ സമർപ്പിക്കാം. മക്കളെ ശരിയായ പാതയിൽ നയിക്കാൻ നല്ല മാതാപിതാക്കളെയും മാതാപിതാക്കളുടെ നന്മകളെ ജീവിതത്തിലേക്ക് സ്വീകരിക്കുന്ന നല്ല മക്കളെയും ദൈവത്തിന്റെ ഇഷ്ടം ജീവിതത്തിൽ പ്രവർത്തിക്കാൻ ദൈവപിതാവിന്റെ ഭവനത്തോട് ചേർന്നുനിൽക്കാൻ മനസ്സ് തുറക്കുന്ന നല്ല കുടുംബങ്ങളും നമ്മുടെ സമൂഹത്തിൽ ഉണ്ടാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ. ●

## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469 – 2603968, 9446270259, 9895556074**


**തീയതി: ഡിസംബർ 8,9,10**

**2016 ജനുവരി 12, 13, 14 – 26, 27, 28**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## Matrimonial



മലങ്കര കത്തോലിക്ക യുവാവ്, റോബിൻ മാത്യു മണ്ണിൽ സീതത്തോട് 166/ (Graphic Designing & Printing Technology(sharjah) വിദേശതുപോകാനാഗ്രഹിക്കുന്ന Bsc നേഴ്സുമാരുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

* * *

മലങ്കര കത്തോലിക്ക യുവതി ബത്തേരിരൂപത പാലാങ്കര തെങ്ങുംചേരിൽ ഏബ്രഹാം മാത്യുവിന്റെയും റേച്ചൽ മാത്യുവിന്റെയും മകൾ മെർളിൻ മാത്യു (B.Sc, Mumbai) അനുയോജ്യരായ യുവാക്കളുടെ മാതാപിക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. **Contact: 9747080768**




| തീയതി | ദിവസം | വിശേഷദിവസങ്ങളും വേദവായനകുറിപ്പുകളും |
|---|---|---|
| 1 | ചൊവ്വ | **ഇരുപത്തിയഞ്ച് നോമ്പാചരണം**<br>1 തിമോ 4:6-10; യോഹ 1:1-5 |
| 2 | ബുധൻ | റോമ 10:14-20; മത്താ 5:21-26 |
| 3 | വ്യാഴം | 1 കോരി 9:19-23; മാർക്കോ 16:14-18 |
| 4 | വെള്ളി | 2 തിമോ 1:8-14; യോഹ 16:25-33 |
| 5 | ശനി | |
| 6 | **ഞായർ** | **യോഹന്നാൻ മാംദാനയുടെ ജനനം**<br>ലൂക്കോ 1:67-80; പുറ 2:1-10; 1 സാമു 1:1-18<br>സങ്കീ 103:8-17; ഏശ 40:1-5; അ.പ്ര 13:16-25;<br>2 കോരി 3:1-11; ലൂക്കോ 1:57-66; |
| 7 | തിങ്കൾ | റോമ 7:7-12; മത്താ 16:24-28 |
| 8 | ചൊവ്വ | **പരി. ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ**<br>ഗലാ 4:1-7; മത്താ 1:46-56 |
| 9 | ബുധൻ | 1 തെസ 4:9-12; മാർക്കോ 9:42-50 |
| 10 | വ്യാഴം | 1 തെസ 5:12-22; മത്താ 10:26-33 |
| 11 | വെള്ളി | റോമ 8:18-25; യോഹ 7:40-44 |
| 12 | ശനി | റോമ 1:18-15; മത്താ 11:1-6 |
| 13 | **ഞായർ** | **മാർ യൗസേപ്പിനുണ്ടായ ദർശനം**<br>ലൂക്കോ 1:26-38; ഉൽപ 37:5-11 പ്രഭ 7:1 -17;<br>1 സാമു 3:10-18; ഏശ 56:1-8; അ.പ്ര 10:9-23;<br>റോമ 2:1-11; മത്താ 1:18-25 |
| 14 | തിങ്കൾ | 2 കോരി 12:7-10; ലൂക്കോ 14:25-33; |
| 15 | ചൊവ്വ | 1 കോരി 2:1-5; ലൂക്കോ 5:27-32; |
| 16 | ബുധൻ | റോമ 16:17-20; മത്താ 3:1-6<br>**മാർത്താണ്ഡം ഭദ്രാസനം സ്ഥാപനദിനം** |
| 17 | വ്യാഴം | 2 തിമോ 1:3-8; മത്താ 10:40-42 |
| 18 | വെള്ളി | ഗലാ 8:4-11; യോഹ 5:30-40 |
| 19 | ശനി | ഹെബ്രാ 12:1-3; യോഹ 1:6-13 |


**11 യൽദാ-ദനഹാക്കാലം**

| | | |
|---|---|---|
| 20 | **ഞായർ** | **യൽദായ്ക്കു മുമ്പുള്ള ഞായർ**<br>മത്താ 1:1-17; ഉൽപ 46:8-27; റൂത്ത് 1:6-22; ജെറ 23:1-6; ഏശ 11:1-9; യോഹ 5:6-12; ഹെബ്രാ 17:11-19; ലൂക്കോ 2:1-5; |
| 21 | തിങ്കൾ | 1 കോരി 9:24-27; ലൂക്കോ 17:7-10; |
| 22 | ചൊവ്വ | കൊളോ1:24-29; ലൂക്കോ 19:21-24; |
| 23 | ബുധൻ | റോമ 1:18-23; മത്താ 15:10-20 |
| 24 | വ്യാഴം | ഹെബ്രാ 2:5-9; യോഹ 1:14-18 |
| 25 | വെള്ളി | **യൽദാപ്പെരുന്നാൾ(ക്രിസ്തുമസ്)**<br>യോഹ 1:6-13; ഉൽപ 21:1-8 സങ്കീ 96:1-13; മീക്ക 5:1-6; ഏശ 9:1-7; യോഹ 1:1-10; തീത്തോ 2:11-15; മത്താ 2:1-12 |
| 26 | ശനി | **പരി. ദൈവമാതാവിന്റെ പുകഴ്ച്ച**<br>ഗലാ 4:1-7; ലൂക്കോ 2:15-20; |
| 27 | **ഞായർ** | **യൽദായ്ക്കുശേഷം ഒന്നാം ഞായർ**<br>ലൂക്കോ 2:15-20; ഉൽപ 21:8-14; ന്യായാ 13:24-14:4; സങ്കീ 27:1-4; സഖ 8:3-12; 1 പത്രോ 5:5-11; ഹെബ്രാ 3:1-6 ലൂക്കോ 2:39-52;<br><br>**ബൈബിൾ ഞായർ** |
| 28 | തിങ്കൾ | ഹെബ്രാ 11:32-40; മത്താ 2:13-18; |
| 29 | ചൊവ്വ | 2 തിമോ 2:7-13; മത്താ 22:41-46; |
| 30 | ബുധൻ | റോമ 15:7-13; മത്താ 2:19-23; |
| 31 | വ്യാഴം | റോമ 11:1-10; ലൂക്കോ 13:6-9; |

# അതിരൂപതാ മാതൃസമാജം ഭാരവാഹികൾ

2015 - 2016 വർഷത്തേയ്ക്കുള്ള മാതൃസമാജം അതിരൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 23-05-2015 രാവിലെ 11 മണിക്ക് അതിരൂപതാ ഡയറക്ടർ ബഹു. കുര്യൻ കിഴക്കേക്കര അച്ചന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ് | - ലീലാമ്മ ബാബു പായിപ്പാട് |
| സെക്രട്ടറി | - മേരിക്കുട്ടി ജോർജ്, പുളിക്കീഴ് |
| വൈസ്. പ്രസിഡന്റ് | - ജെസ്സി ജെയിംസ്, വെണ്ണിക്കുളം |
| ജോയിന്റ് സെക്രട്ടറി | - ബീന ബിജു, കോട്ടയം |
| ട്രഷറർ | - അക്കാമ്മ വർഗീസ്, റാന്നി |
| അതിരൂപതാ കോർഡിനേറ്റർ | - റവ. സി. സെറീന എസ്.ഐ.സി |








# സംഗീതവഴിയിലേക്ക് ചുവടുകൾവെച്ച്...

ലീലാമ്മ ജോസഫ്

“നിൻ കൈവിരൽ തുമ്പിനാൽ ഒരു ദിവ്യ സ്പർശനം

നൽകുമോ സ്നേഹഗായകാ മധുരഗാനം പാടുവാൻ...” സുസ്മിതയുടെ ഈ പ്രാർത്ഥന ദൈവം കേട്ടു.

രാജസാക്ഷ്യം എന്ന എന്റെ ക്രിസ്ത്യൻ ഭക്തിഗാന ആൽബത്തിൽ ‘ആരായാലും സ്നേഹിക്കും...’ എന്നു തുടങ്ങുന്ന പ്രോമോഗാനം പാടി ആയിരങ്ങളുടെ മനസ്സിൽ സ്ഥാനം പിടിച്ചു ഈ കൊച്ചുഗായിക.

ഇടുക്കി കുമളിയിലെ കുരുവൻപ്ലാക്കൽ ചാക്കോ - ത്രേസ്യാമ്മ ദമ്പതികളുടെ മൂന്ന് മക്കളിൽ ഇളയവളാണ് സുസ്മിത. കുട്ടിക്കാലം മുതലേ സംഗീതത്തോട് അതീവ താല്പര്യം. പള്ളിയിലും സ്കൂളിലുമൊക്കെ പാടി മത്സരങ്ങളിൽ ധാരാളം സമ്മാനങ്ങൾ വാരിക്കൂട്ടി. മാത്രമല്ല ലളിതഗാനത്തിന് രൂപതാതലത്തിൽ പ്രഥമസ്ഥാനവും ലഭിച്ചിട്ടുണ്ട്. തുള്ളിക്കളിച്ചു നടക്കേണ്ട പ്രായത്തിൽ ആറാം ക്ലാസിൽ പഠിക്കുമ്പോൾ ഒരടിതെറ്റി വീണപ്പോൾ ജീവിതം തന്നെ വീണുപോയപോലെ. വീഴ്ചയുടെ ഫലമായി സ്പൈനൽ ഇഞ്ച്വറി മൂലം തളർന്ന് ഒന്നരമാസത്തോളം തീരെ കിടപ്പിലായി. പിന്നെ കോട്ടയം മെഡിക്കൽ കോളജിൽ. തുടർന്ന് ആറ് മാസത്തെ ചികിത്സയുടെ ഫലമായി പരസഹായത്തോടെ നടക്കുവാനായപ്പോൾ ഇനി കൂടുതലായൊന്നും ചെയ്യാനില്ലെന്ന് പറഞ്ഞ് ഡോക്ടർ അവസാന വിധിയെഴുതി വീട്ടിലേക്ക് വിട്ടു.

വിധിയെ പഴിക്കാതെ കഠിനപ്രയത്നത്തിലൂടെ വീട്ടിലിരുന്ന് പഠിച്ച് പരീക്ഷയെഴുതി പ്ലസ്ടുവും പാസ്സായി. അതും ഒരു വർഷംപോലും പാഴാക്കാതെ, മറ്റ് കുട്ടികളോടൊപ്പം തന്നെ, അതും ഫസ്റ്റ് ക്ലാസ്സോടെ, റാങ്കിന്റെ തിളക്കമുള്ള വിജയം. ഞാൻ പഠിച്ച് ഫസ്റ്റ് ക്ലാസ് വാങ്ങും എന്നുള്ള നിർബന്ധബുദ്ധിയോടെ വീട്ടിലിരുന്ന് പഠിച്ചപ്പോൾ മാതാപിതാക്കളും സഹോദരങ്ങളും സഹായിച്ചു. പിന്നെ ഡിഗ്രിയും കമ്പ്യൂട്ടർ മ്യൂസിക് ഒക്കെ പഠിച്ചു. ഇംഗ്ലീഷ്, തമിഴ് ഭാഷകൾ നന്നായി കൈകാര്യം ചെയ്യും. സോഷ്യൽ മീഡിയയിലും സജീവം. ഇതിനിടയിൽ ചികിത്സകൾ പലതും മാറി മാറി ചെയ്തെങ്കിലും അത്ര വിജയം കണ്ടില്ല. പക്ഷേ സുസ്മിത മാത്രം നിരാശപ്പെട്ടില്ല. എന്തിനെയും അതിജീവിക്കാൻ തീരുമാനിച്ചു. എങ്കിലും പ്രാർത്ഥനാബലം, ഒത്തിരിപ്പേരുടെ ഉള്ളുരുകിയ പ്രാർത്ഥന, ധ്യാനകേന്ദ്രങ്ങൾ വഴിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന, വെളുപ്പിന് മൂന്ന് മണിക്ക് എഴുന്നേറ്റിരുന്ന് വചനവായന, രാത്രിയാമങ്ങളിൽ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്ന അമ്മ, പിന്നെ ദിവസം മുഴുവൻ പാടിസ്തുതിച്ചുള്ള പ്രാർത്ഥന ഇതൊക്കെയാണ് ശക്തിയായി മാറിയത്.

ഇനി ചികിത്സയൊന്നും ഇല്ല എന്ന് ഡോക്ടർ വിധിയെഴുതിയപ്പോഴും സുസ്മിത മാത്രം നിരാശപ്പെട്ടില്ല. ലോകം പഴിക്കുന്ന വിധിയെ ദൈവത്തിന്റെ ഇടപെടൽ എന്നു പറയാനായിരുന്നു സുസ്മിതയ്ക്കിഷ്ടം. അതാണ് ശരിയും. പരസഹായത്തോടെ



നടക്കാനും ഇതിനിടയിൽ സുസ്മിതയ്ക്ക് കഴിഞ്ഞു. പ്രതീക്ഷകൾ മൊട്ടിട്ടു തുടങ്ങി.

ഏകാന്തതയിലും ദുരനുഭവങ്ങളിലും കഴിയുന്ന കിടപ്പുരോഗികൾ, അംഗവൈകല്യമുള്ളവർ ഒക്കെ കൂട്ടുകാരാണ്. അവരോട് സംസാരിക്കുവാനും സുഖ ദുഃഖങ്ങൾ പങ്കുവയ്ക്കാനും അവർക്കുവേണ്ടി എന്തെങ്കിലും ചെയ്യാനും സുസ്മിതയ്ക്ക് ആഗ്രഹമുണ്ട്. കൂടാതെ വൈദ്യശാസ്ത്രത്തിന് സ്പൈനൽ ഇഞ്ച്വുറിക്ക് ഒരു ശാശ്വതപരിഹാരം കാണുവാൻ തീവ്രമായ പ്രാർത്ഥനയും. ഞാനിത്രയൊക്കെ ആയല്ലോ, എന്നെക്കാൾ വിഷമിക്കുന്ന എത്രയോ പേരുണ്ട്. വേദനയോടെ പറയും സുസ്മിത. അങ്ങനെ പ്രത്യാശ കൈവിട്ടില്ലെങ്കിലും ഒത്തിരി സഹിച്ചും വേദനിച്ചും വീട്ടിൽ മാത്രം ഒതുങ്ങിക്കൂടിയ സുസ്മിതയെ കാണാൻ ഒരിക്കൽ ഇടവകപ്പള്ളി വികാരി ഫാദർ തോമസ് ഞള്ളിയിൽ വീട്ടിൽ വന്ന് പരിചയപ്പെടുകയും സുസ്മിതയുടെ പാടാനുള്ള കഴിവ് മനസ്സിലാക്കി ഇടവകദിനത്തിൽ പാട്ടുപാടാൻ ക്ഷണിക്കുകയും ചെയ്തു. അങ്ങനെയിരിക്കെയാണ് ഞാൻ സുസ്മിതയെ പരിചയപ്പെടുന്നത്.

അതിനായി ഒരു പുതിയ പാട്ട് അന്വേഷിച്ചിരിക്കുമ്പോഴാണ് ശാലോം ടിവിയിൽ 'ആരോരുമറിയാത്ത...' (എന്റെ തിരുഹിതം പോൽ - ആൽബം) എന്ന പാട്ട് കാണുകയും കേൾക്കുകയും ചെയ്തു. ഈ പാട്ടിൽ ആകൃഷ്ടയായ സുസ്മിത അതിന്റെ ഉറവിടം കമ്പ്യൂട്ടറിൽ തേടിയാണ് എന്നെ പരിചയപ്പെടുന്നത്. അങ്ങനെ നസ്രാണിപുരം ഇടവകദിനത്തിൽ പാട്ടു പാടി കൊച്ചുകൂട്ടുകാരുടെയും സുഹൃത്തുക്കളുടെയും പ്രശംസയും സ്നേഹാദരം ഏറ്റുവാങ്ങിയതും സുസ്മിത സന്തോഷത്തോടെ പറയുന്നു.

അന്നുമുതൽ ഞങ്ങളുടെ സൗഹൃദവും വളർന്നു. സുസ്മിതയിലെ ഗായികയെ തിരിച്ചറിയാൻ എനിക്കിടയായി. എല്ലാം ദൈവനിശ്ചയം. സന്തോഷത്തിന്റെ ദിനങ്ങളാണ് പിന്നങ്ങോട്ട്. തോമസച്ചന്റെ ഇടപെടൽ നന്ദിയോടെ ഓർക്കുന്നു സുസ്മിത.

ഏറ്റവും ഒടുവിലായി കഴിഞ്ഞ ഡിസംബറിൽ വെല്ലൂർ സി.എം.സി.യിൽ വിദഗ്ദ്ധ ചികിത്സയ്ക്ക് പോവുകയും ഒരു ക്രച്ച് ഉപയോഗിച്ച് നന്നായി നടക്കുവാനുള്ള ഭാഗ്യവും സ്വന്തം കാര്യങ്ങൾ ചെയ്യുവാനും ദൈവം അനുഗ്രഹിച്ചു. അതൊരു ദൈവിക ഇടപെടൽ മാത്രമെന്നേ പറയാനുള്ളൂ.

എന്റെ പുതിയ ആൽബമായ രാജസാക്ഷ്യത്തിൽ രണ്ട് പുതിയ പാട്ടുകൾ പാടി സുസ്മിത മികവ് തെളിയിച്ചു. ആദ്യമായി മൈക്കിന്റെ മുന്നിൽ നിന്നപ്പോൾ ഞാൻപോലും അതിശയിച്ചു. യാതൊരു കൂസലുമില്ലാതെ നല്ല ആത്മധൈര്യത്തോടെ പാടി വിജയിച്ചു. തോൽക്കാനെനിക്ക് മനസ്സില്ല എന്നു പറഞ്ഞ് യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ദൈവത്തിലാശ്രയിച്ച്, ജീവിതം മന്നോട്ട്. കഠിനാദ്ധ്വാനം, ദൃഢനിശ്ചയം, പ്രാർത്ഥന ഇതൊക്കെ സുസ്മിതയെ മുന്നോട്ട് നയിക്കുന്നു. ഒപ്പം തിരിക്കാനും കളിക്കാനും തമാശ പറയാനും ഒത്തിരി നല്ല മനസ്സിലിരുപ്പുകളും.

ഒത്തിരി പാടാനും പാട്ടിലൂടെ ദൈവസ്നേഹം പങ്കുവയ്ക്കുവാനും ഇഷ്ടമാണവൾക്ക്. പാടാനായി അവസരങ്ങൾ കാത്തിരിക്കുന്ന സുസ്മിതയ്ക്ക് അവളുടെ ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കാതിരിക്കാനാവുമോ നമ്മൾക്ക്. പ്രതീക്ഷാനിർഭരമായ ജീവിതത്തിലേക്ക് ഓരോ ദിവസവും ദൈവം കൈപിടിച്ച് കൊണ്ടുപോയിക്കൊണ്ടിരിക്കുന്നു. ഇരുന്നുപോയപ്പോൾ ഇരുത്തം വന്ന മനസ്സ്. തീർച്ചയായും സുസ്മിത എല്ലാവർക്കും മാതൃകയാണ്, പ്രത്യേകിച്ചും യുവതലമുറയ്ക്ക്.

# അമ്മ

ഏറ്റവും മികച്ച കോടതിയാണ് അച്ഛൻ. പക്ഷേ ആ കോടതിയിലെ എത്ര വലിയ വിധികളെയും മാറ്റി എഴുതിക്കാൻ കഴിവുള്ള ഒരു വക്കീൽ ഉണ്ട്, അതാണ് അമ്മ.

അച്ഛന്റെ ശിക്ഷയിൽനിന്നും വാദിച്ച് എന്നെ രക്ഷപെടുത്താറുള്ള അമ്മ തന്നെയാണ് ഞാൻ കണ്ട ആദ്യത്തെ വക്കീൽ.

കളിക്കിടെ വീണു മുറിഞ്ഞ കാൽമുട്ടിൽ പച്ചിലയരച്ച് മരുന്നാക്കി കെട്ടിത്തന്ന അമ്മയാണ് ഞാൻ കണ്ട ആദ്യത്തെ ഡോക്ടർ.

പൊട്ടിത്തകരുന്ന എൻ കളിപ്പാട്ടങ്ങളെ നേരെയാക്കി തരാറുള്ള അമ്മയാണ് ഞാൻ കണ്ട ആദ്യത്തെ എഞ്ചിനീയർ.

അമ്മ ഒരു പാഠമല്ല അനേകായിരം പാഠങ്ങൾ ഉള്ള വിശുദ്ധ ഗ്രന്ഥമാണ്. മനസ്സിൽ നന്മ മാത്രമുള്ള, മക്കൾക്ക് മാത്രം വായിക്കാൻ കഴിയുന്ന, വിശുദ്ധ ഗ്രന്ഥം.



*(സ്വാമി വിവേകാനന്ദ സ്പീച്ച്, ചിക്കാഗോ)*

# അമ്മ മനസ്സ്



**മാതാപിതാക്കളുടെ, പ്രത്യേകിച്ച് അമ്മയുടെ ജീവിതമാതൃകയാണ് മക്കൾക്കുള്ള ഏറ്റവും നല്ല പാഠം. സന്ധ്യയ്ക്ക് മക്കളെ വിളിച്ചിരുന്ന് പാട്ടുപാടി, വേദപുസ്തകം വായിച്ച് പ്രാർത്ഥിക്കുന്നതിൽ അമ്മമാർ മുൻകൈ എടുക്കണം. ഇക്കാര്യത്തിൽ അമ്മമാരുടെ മാതൃക പ. മറിയമാണ്.**

അമ്മ എന്നാൽ സ്നേഹം എന്നാണർത്ഥം. അമ്മയെന്നാൽ അമൃതും അപ്പൻ എന്നുപറയുമ്പോൾ അപ്പവുമാണ്. സ്ത്രീ കുടുംബത്തിന്റെ വിളക്കാണ്. കുടുംബം ശോഭിക്കുന്നതിലും അന്ധകാരമാക്കുന്നതിലും സ്ത്രീക്കുള്ള പങ്ക് തള്ളിക്കളയാനാവില്ല. സ്വഭാവശുദ്ധിയുള്ള സ്ത്രീ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സമ്പത്താണ്. അമ്മയെ ആശ്രയിച്ചാണ് കുഞ്ഞുങ്ങൾ ഈശ്വരവിശ്വാസത്തിലും സൽസ്വഭാവത്തിലും വളർന്നു വരിക. മാതാപിതാക്കളുടെ, പ്രത്യേകിച്ച് അമ്മയുടെ ജീവിതമാതൃകയാണ് മക്കൾക്കുള്ള ഏറ്റവും നല്ല പാഠം. സന്ധ്യയ്ക്ക് മക്കളെ വിളിച്ചിരുന്ന് പാട്ടുപാടി, വേദപുസ്തകം വായിച്ച് പ്രാർത്ഥിക്കുന്നതിൽ അമ്മമാർ മുൻകൈ എടുക്കണം. ഇക്കാര്യത്തിൽ അമ്മമാരുടെ മാതൃക പ. മറിയമാണ്. 12-ാം വയസ്സിൽ ബാലനായ യേശുവിനെ ദേവാലയത്തിൽ കാണാതെ പോയപ്പോൾ യേശുവിനെ അന്വേഷിച്ച് യാത്രയാകുന്ന പ. അമ്മയും യൗസേപ്പ് പിതാവും മക്കളുടെ കാര്യത്തിൽ മാതാപിതാക്കൾ എത്രമാത്രം ശ്രദ്ധാലുക്കൾ ആയിരിക്കണമെന്ന് നമുക്ക് പറഞ്ഞുതരുന്നു. മക്കളുടെ കാര്യത്തിൽ മാതാപിതാക്കൾ കരുതലുള്ളവരായാൽ നമ്മുടെ മക്കൾ ബാലനായ യേശുവിനെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവരും. മക്കൾ മാതാപിതാക്കൾക്ക് വിധേയരായി ജീവിക്കും.

പരി. അമ്മയുടെ വാത്സല്യവും സ്നേഹവും യേശുവിന്റെ ജീവിതത്തിൽ എത്രമാത്രം പ്രധാനപ്പെട്ടതായിരുന്നു എന്നുകാണിക്കുന്ന സുവിശേഷഭാഗമാണ് വി. യോഹന്നാൻ എഴുതിയ സുവിശേഷം 19-ാം അദ്ധ്യായം 25 മുതൽ 27 വരെയുള്ള വാക്യങ്ങൾ. കുരിശിന്റെ ചാരെ നിന്നിരുന്ന യോഹന്നാനെ വിളിച്ച് യേശുനാഥൻ തന്റെ അമ്മയെ യോഹന്നാനെ ഏല്പിച്ചു. നിന്റെ നാളുകൾ ദീർഘമാകുവാനായി നിന്റെ മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക എന്നത് പത്ത് കല്പനകളിൽ ഒന്നാണ്. മാതാപിതാക്കളെ കാണപ്പെട്ട ദൈവമായി കരുതി അവരെ സംരക്ഷിക്കുക എന്നുള്ളത് മക്കളുടെ കടമയും ഉത്തരവാദിത്വവുമാണ്. മാതാപിതാക്കളോട് മാന്യമായി



പെരുമാറാനും അവർക്ക് അർഹിക്കുന്ന സ്ഥാനം കുടുംബത്തിൽ നൽകുവാനും അവരുടെ അനുഗ്രഹം സ്വീകരിക്കുവാനും മക്കൾ തയ്യാറാകണം. പ്രായമായ മാതാപിതാക്കൾ അൾത്താരയ്ക്ക് മുൻപിൽ തൂക്കിയിട്ടിരിക്കുന്ന കെടാവിളക്കിന് സാദൃശ്യമാണ്. ആ വിളക്ക് അണഞ്ഞുപോകാതെ നോക്കേണ്ടത് മക്കളുടെ ഉത്തരവാദിത്വമാണ്. എന്നും നിങ്ങളുടെ കുടുംബത്തിന്റെ ഉമ്മറത്ത് നിങ്ങളുടെ അച്ഛൻ/അമ്മ എന്ന കെടാവിളക്ക് കുടുംബത്തിനും നാടിനും പ്രകാശമായി വിളങ്ങി നിൽക്കട്ടെ.

# സെന്റ് ജൂഡ് ചിൽഡ്രൻസ് ഹോം

**വടകോട്, വാഴക്കുളം. Ph: 8547283178**

മൂവാറ്റുപുഴ മലങ്കര കത്തോലിക്കാ രൂപതാ വകയായി വടകോട് (വാഴക്കുളം അടുത്ത്) പുതുതായി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന ഈ സ്ഥാപനത്തിൽ അഞ്ചിനും പതിനഞ്ചിനും ഇടയ്ക്ക് പ്രായമുള്ള ശാരീരികമോ, മാനസീകമോ ആയി വൈകല്യമുള്ള പെൺ കുട്ടികളെ താമസിപ്പിച്ച് പരിശീലിപ്പിക്കുന്നതിന് സൗകര്യമുണ്ട്. സ്ഥാപനത്തിന് പരിചയ സമ്പന്നരായ ബഹു. സിസ്റ്റേഴ്സ് നേതൃത്വം നൽകുന്നു.






*താൽപര്യമുള്ളവർ ബന്ധപ്പെടുക.*

**Director, St. Jude Children's Home**
**Vadakode P.O., Vazhakulam - 686 670**
**E-mail: sunilmaramkandom@gmail.com**





**അഡ്വ. വിനോദ് മാത്യു വിൽസൺ**

എന്തായാലും പശുപാലനും പശുപാലന്മാരും ചേർന്ന് നാട് കുട്ടിച്ചോറാക്കാതിരുന്നാൽ മതിയായിരുന്നു. പണ്ട് സ്കൂളിൽ പരീക്ഷയ്ക്ക് ചോദിക്കുമായിരുന്നു പശു നമുക്ക് എന്ത് തരും? പാൽ തരും, പിന്നെ ചാണകവും... ഇപ്പോ അതല്ലല്ലോ സ്ഥിതി. പശുപാലൻ 'ഉമ്മ' തന്നു. പശുപാലന്മാർ പച്ച 'വർഗീയത' തന്നു.

മനസ്സിൽ ഇപ്പോൾ എഴുതാൻ തോന്നുന്നത് ഓരോരുത്തർ വാമൊഴയായി പറഞ്ഞു കഴിഞ്ഞതാണ്. എന്നാലും ചിലത് പറയാതെ വയ്യ.

# പശുവും പശുപാലന്മാരും




പറഞ്ഞിട്ടു കാര്യമില്ലന്ന് അറിയാം. കാരണം പശുവിനുവേണ്ടി വാദിച്ച് മനുഷ്യനെ വെട്ടിക്കൊല്ലുന്നവരോട് എന്ത് പറഞ്ഞിട്ട് എന്താണ് കാര്യം? കഷ്ടപ്പെട്ട് കുടുംബം നോക്കുന്നവന് ജാതിയും ഇല്ല മതവും ഇല്ല. തിന്നിട്ട് എല്ലിന്റെ ഇടയിൽ കുത്തുന്നവനാണ് ജാതിയും മതവും പറഞ്ഞ് ജനത്തെ തമ്മിലടിപ്പിക്കുന്നത്. കളർ പുസ്തകത്തിൽ താമരയ്ക്ക് നീല നിറമടിച്ച മൂന്ന് വയസ്സുകാരനെ വെട്ടിക്കൊന്നു. അമ്പലത്തിൽ തീപിടിച്ചപ്പോൾ അണയ്ക്കാൻ വന്ന ഫയർഫോഴ്സിനെ അഗ്നിദേവനെ കൊല്ലരുത് എന്ന് പറഞ്ഞ് കല്ലെറിഞ്ഞു. ജലദേവതയെ അപമാനിക്കുന്നതിനാൽ ഇനി മുതൽ ആരും കക്കൂസിൽ വെള്ളം ഉപയോഗിക്കരുത് തുടങ്ങിയ വാദങ്ങൾ ഇനിയും പുറത്തുവരാൻ ഇരിക്കുന്നതേയുള്ളൂ.

എന്തിനും ഏതിനും ഉത്തരവാദിത്വം ഉള്ളവർ മറുപടി പറയണം എന്ന വാശിയില്ല. എന്നാൽ aggressive silence ക്രൂരമായ മൗനം, അത് അപകടമാണ്. നീ എന്തു ചെയ്താലും ഞാൻ മിണ്ടില്ല എന്ന മൗനം. അവസാനം മൗനം വെടിഞ്ഞു. അതു കേട്ട് പലരും നിലപാടുകൾ തിരുത്ത്. ഭാരതം നാനാ ജാതി മതങ്ങൾ ഉൾക്കൊള്ളുന്ന ശ്രേഷ്ഠ സംസ്കാരമാണ് എന്ന് പലരും പറഞ്ഞ് തുടങ്ങി. പശുവിനെ തിന്നതിന് മനുഷ്യനെ വെട്ടിക്കൊന്ന കാര്യം പറയുമ്പോൾ പാക്കിസ്ഥാനിലെ തീവ്രവാദം പറഞ്ഞ് കൗണ്ടർ ചെയ്യുന്നത് വിവരദോഷമാണ്. അതായത് അരിയെത്ര എന്നു ചോദിക്കുമ്പോൾ പയറ്അഞ്ഞാഴി പറയുന്ന രീതി.

ന്യൂനപക്ഷം എന്ന ലേബലിൽ ആരെങ്കിലും അവിഹിതമായി നേട്ടങ്ങൾ ഉണ്ടാക്കുന്നു എങ്കിൽ അത് എതിർക്കപ്പെടണം. ഹിതമായി നേടുന്നതാണെങ്കിൽ അത് ഉൾക്കൊള്ളപ്പെടണം. അല്ലാതെ പ്രതിഷേധം കാണിക്കേണ്ടത് തിന്നുന്നതിനും ഉടുക്കുന്നതിനും കിടക്കുന്നതിനുമല്ല.

മതസ്വാതന്ത്ര്യം മറ്റ് മൗലികാവകാശങ്ങളുമായി കെട്ടുപിണഞ്ഞ് കിടക്കുന്നു. പ്രസംഗസ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം, സംസാരസ്വാതന്ത്ര്യം തുടങ്ങിയ മൗലികാവകാശങ്ങൾ ഉണ്ടെങ്കിലേ മതസ്വാതന്ത്ര്യവും സാദ്ധ്യമാകുകയുള്ളൂ. പൊതുക്രമം, സന്മാർഗ്ഗം, ആരോഗ്യം എന്നിവയ്ക്ക് വിധേയമായിട്ടുള്ള എല്ലാ സ്വാതന്ത്ര്യവും അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. അത് തടയാൻ ഒരു വിവരദോഷിക്കും അവകാശം ഇല്ല. ●



# പച്ചപുതച്ച മലനിരകളിലൂടെ

സ്വന്തം ലേഖകൻ





നീലാകാശത്ത് വിരൾ തൊട്ട് നിൽക്കുന്ന മലമുകളിലൊന്ന് സ്പർശിച്ച്, ഭൂമിയുടെ ഞരമ്പുകളിലേക്ക് ഒഴുകുന്ന പുഴയുടെ കരകളിൽ ഒന്ന് ഓടിനടക്കാൻ നമ്മുടെ മനസ്സെപ്പോഴും ആഗ്രഹിക്കാറില്ലെ ?. അലച്ചിലുകൾക്കും ആകുലതകൾക്കും ഒരു താൽക്കാലിക വിരാമം. നവംബർ 10 ഉദിച്ചുയർന്നപ്പോൾ മലമടക്കുകളുടെ സൗന്ദര്യവും പുഴയുടെ വശ്യതയുമായിരുന്നു ആ പ്രഭാതത്തിന്. തെയിലത്തോട്ടങ്ങൾ പച്ചപുതപ്പിച്ച ഹൈറേഞ്ച് മലനിരകളിലൂടെ ഒരു യാത്ര. അവധിദിനങ്ങൾ കുടുംബത്തോടൊപ്പം ആഘോഷിക്കാൻ, പ്രകൃതിയെ അടുത്തറിയാൻ, കുടുംബ ബഡ്ജറ്റ് അനുസരിച്ച് യാത്രകൾ ക്രമീകരിക്കാൻ ഈ അറിവും അനുഭവും നിങ്ങൾക്കും സഹായകമാകട്ടെ.

## പാഞ്ചാലിമേട്

പുണ്യപുരാതന ചരിത്രവിശേഷങ്ങളുടെ ചുരുളുകൾ തുറക്കുന്ന മനോഹരമായ പ്രദേശമാണ് പാഞ്ചാലിമേട്. വനവാസകാലത്ത് പാണ്ഡവ പത്നി പാഞ്ചാലിയുടെ മനസുകവർന്ന സ്ഥലമെന്ന പ്രസിദ്ധിയും ഇതിനുണ്ട്. പാഞ്ചാലി വെള്ളം കോരിയെന്ന് പറയപ്പെടുന്ന കിണർ ഇന്നും ഇവിടെ ദൃശ്യമാണ് ശിവക്ഷേത്രവും കുരിശിന്റെ വഴിയും ചേർന്ന് കിടക്കുന്ന ഈ ഭൂമിക മതമൈത്രിയുടെ അടയാളമായും വിളങ്ങുന്നു. തണുപ്പിന്റെ പുതപ്പ് പുതച്ച ഈ പ്രദേശം ശരീരത്തിനും മനസിനും ഒരുപോലെ കുളിർമ നൽകുന്നു.

## അഞ്ചുരുളി

ഇടുക്കി ഡാമിലെ ജലം 4.75 കി.മീ നീളമുള്ള ഗുഹയിലൂടെ ഒഴുകി തടാകത്തിൽ വിശ്രമിക്കുന്ന ഈ സ്ഥലം അഞ്ച് ഉരുളികളിൽ ജലം നിറച്ചുവച്ചിരിക്കുന്ന കാഴ്ച്ചയാണ് നല്കുന്നത്. കട്ടപ്പന – കോട്ടയം റൂട്ടിൽ കാഞ്ചിയാർ







ഗ്രാമത്തിൽ നിന്നും 3 കി.മീ അകലത്തിൽ ഈ സ്ഥലം സ്ഥിതിചെയ്യുന്നു. അതിമനോഹരമായ ഒരു ദൃശ്യവിരുന്നു തന്നെയാണ് അഞ്ചുരുളി പ്രദേശം. മഴക്കാലത്ത് ഭയാനകമായ വെള്ളച്ചാട്ടമാണ് ഇവിടെ ദൃശ്യമാകുന്നത്, എന്നാൽ ജലനിരപ്പ് കുറഞ്ഞുനില്ക്കുമ്പോഴേ അഞ്ചുരുളി പ്രദേശത്തിന്റെ പേരിന്റെ ഭംഗി ആസ്വദിക്കാനാവു എന്നതാണ് വാസ്തവം.


## കാൽവരി മൗണ്ട്

ഇടുക്കിക്കും കട്ടപ്പനയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്ന അതിമനോഹരമായ ദൃശ്യവിരുന്നാണ് കാൽവരി മൗണ്ട്, അല്ലെങ്കിൽ ഓശാന മൗണ്ട് എന്നൊക്കെ അറിയപ്പെടുന്ന ഈ പ്രദേശം. ഇടുക്കി ഡാമിലെ വെള്ളം തങ്ങിനിൽക്കുന്ന ഈ പ്രദേശം ഫലപുഷ്ടികൊണ്ടും വശ്യവും വന്യവുമായ സൗന്ദര്യം കൊണ്ടും സമൃദ്ധമാണ്. മലിനമാക്കപ്പെടാത്ത പ്രകൃതിയുടെ തനിമ ദൃശ്യമാകുന്ന ഈ സ്ഥലങ്ങൾ ടൂറിസം വികസനത്തിനായ് ഗവൺമെന്റ് തന്നെ ഏറ്റെടുത്തിരിക്കുന്നു. തൃമ്പാച്ചി മലയിൽ നിന്നുള്ള താഴ്‌വരയിലെ നഗരദൃശ്യം നയനമനോഹരമാണ്.



## രാമക്കൽമേട്

സീതയെ അന്വേഷിച്ച് ലങ്കയിലേക്ക് പോകുമ്പോൾ, രാമൻ കാൽ വച്ച ഇടം എന്ന് ചരിത്രനാമം ഉള്ള രാമക്കൽമേട് വ്യത്യസ്തമായ അനുഭവമാണ് നല്കുന്നത്. നിലക്കാത്ത കാറ്റ്, മനോഹരമായ പ്രകൃതി, സമുദ്ര നിരപ്പിൽ നിന്നും 3500 അടി ഉയരം എന്നിവ ഈ പ്രദേശത്തിന്റെ ഭംഗി കൂട്ടുന്നു. സംഘകാല കഥാപാത്രങ്ങളായ കുറവന്റെയും കുറത്തിയുടെയും പ്രതിമകൾ അതിമനോഹരമാണ്. കൂടാതെ സന്ധ്യാസമയത്ത് അവിടെ നിന്നും തമിഴ്നാടിന്റെ കമ്പം, തേനി, കൊമ്പൈ, വൈഗ, തേവാരം എന്നീ ഗ്രാമങ്ങളുടെ ദീപകാഴ്ച്ച വർണ്ണനാതീതമാണ്. കേരളത്തിലെ തന്നെ കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന ഏക പ്രദേശവും അതിലൂടെ വൈദ്യുതി ഉൽപ്പാതിപ്പിക്കുന്നതും രാമക്കൽമേട്ടിൽ മാത്രമാണ്.





## തിരഞ്ഞെടുത്തു

കേരള കാത്തലിക് ഫെഡറേഷൻ (KCF) സംസ്ഥാന വൈസ് പ്രസിഡന്റായി **അഡ്വ. ലാലു ജോൺ** തിരഞ്ഞെടുക്കപ്പെട്ടു. MCYM തിരുവല്ല അതിരൂപതാ പ്രസിഡന്റ്, MCYM ദേശീയ സമിതി പ്രഥമ ജനറൽ സെക്രട്ടറി , KCYM സംസ്ഥാന വൈസ് പ്രസിഡന്റ്, പാസ്റ്ററൽ കൗൺസിൽ അംഗം, ബാലദീപം രൂപതാ ആനിമേറ്റർ, മലങ്കര കത്താലിക് അസോസിയേഷൻ (MCA) അതിരൂപതാ സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിക്കുന്നു.

## പൗരോഹിത്യ രജത ജൂബിലി നിറവിൽ



റവ. ഡോ. ഷാജി വാഴയിൽ



റവ. ഡോ. വർഗ്ഗീസ് മനക്കലേട്ട്



റവ. ഡോ. ഐസക് പറപ്പള്ളിൽ



റവ. ഡോ. ഏബ്രഹാം ചരിവുപുരയിടത്തിൽ



റവ. ഫാ. ഏബ്രഹാം പുത്തൻമഠം

## ഒന്നാം ചരമവാർഷികം



**മോളി തോമസ്**

വടശ്ശേരിൽ, തോട്ടഭാഗം
പ്രാർത്ഥനയോടെ
ഭർത്താവ് - തോമസുകുട്ടി (ബാബുക്കുട്ടി)
മക്കൾ - സരുൺ, അരുൺ
മരുമക്കൾ - സിനി, മെറിൻ
കൊച്ചുമകൾ - ജിയാന

## പാവനസ്മരണയ്ക്ക്
## സ്വർഗ്ഗത്തിലെ രണ്ടാം പിറന്നാൾ



**ലിനോ എം. ജോർജ്**

ജനനം: 15-10-1994 മരണം: 7-12-2013
പ്രാർത്ഥനയോടെ
പിതാവ്- അനിയൻ, ഞാഴിശ്ശേരിൽ, പായിപ്പാട്
മാതാവ്- ലീനാ, സഹോദരൻ- റിനോ
മറ്റ് ബന്ധുമിത്രാദികൾ



## 50–ാം ചരമവാർഷികം

**ചാക്കോ യോഹന്നാൻ**

**പകലോമറ്റം കുറ്റികണ്ടത്തിൽ**

**കുമ്പളന്താനം**

ജനനം : 10–12–1877

മരണം : 19–12–1965

കുമ്പളന്താനം, കുരിശുംമൂട്ടം,
അരീക്കൽ പള്ളികളുടെ
സ്ഥാപനത്തിന് നേതൃത്വം
നല്കിയ വ്യക്തി

25th Death Anniversary



**LATE. REV. FR. MATHEW**
THENGUMTHOTTATHIL

| | |
|---|---|
| Born | 30-12-1937 |
| Ordained | 10-12-1966 |
| Died | 02-12-1990 |
| Funeral | 03-12-1990 |

30th Death Anniversary



**T. T. SIMON**
**THENGUMTHOTTATHIL**
THEKKEVEETTILL
KALAMPALA
Born 01-05-1905
Died 09-12-1985

07th Death Anniversary



**ANNAMMA SIMON**
**THENGUMTHOTTATHIL**
THEKKEVEETTILL
KALAMPALA
Born 17-07-1909
Died 01-10-2009

Date of Publication: 28-11-2015 **AIKYADEEPAM MONTHLY** **REG. NO. G/KL/TLA/40/2015-17**
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/80**
**December 2015**




പരിയാരത്ത് ശ്രീ. സജി വർഗീസിന്റെയും ജെസ്സി. എം. ഫ്രാൻസിസിന്റെയും മകൾ **ബ്ലസി ആൻ വർഗീസും** ചുങ്കപ്പാറ കൂവക്കുന്നേൽ തോമസ് ജോണിന്റെയും റോസമ്മ ജോണിന്റെയും മകൻ **നിബിൻ ജോണും** തമ്മിലുള്ള വിവാഹം 2015 നവംബർ 14–ാം തീയതി ഏലംകുന്ന്, ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽവച്ച് ആശിർവദിക്കപ്പെട്ടു.







# വിശുദ്ധനാട് തീർത്ഥാടനം

ജോർദ്ദാൻ | ഇസ്രായേൽ | പാലസ്തീൻ | ഈജിപ്ത്

തിരുവല്ല അതിരൂപതയുടെ നേതൃത്വത്തിൽ 2016 ഏപ്രിൽ, മെയ് മൂന്നാം വാരത്തിൽ വിശുദ്ധനാട് തീർത്ഥാടനം, അതിരൂപതയിലെ പ്രമുഖ വൈദികരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത് എന്നിവിടങ്ങളിലേക്ക് ഉള്ള 10 ദിവസത്തെ സമ്പൂർണ്ണ പാക്കേജ്

infinito

**OASIS INFINITO**
**HOLIDAYS & TRAVELS**
A Division of Oasis Tours India Pvt Ltd.

CONTACT
9446274067
9526861940

IIIrd Floor, Marigiri Shopping Complex,
Opp. BSNL Bhavan, Tiruvalla, Kerala 689 101
Phone: 9446274067, +91 469 2700723 / 724
e-mail: infin.tvla@gmail.com
web: www.oasistoursindia.co.in

Booking Started
For More Information
OASIS INFINITO HOLIDAYS

Our Branches: New Delhi, Chennai, Banglore, Hyderabad, Cochin and UK Manchester

OUR SERVICES:- Passports, Air Tickets, Visa


*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*